# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.8.2025 –ലെ യോഗത്തിന്റെ അജണ്ട

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 2. | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024, 30.01.2025, 27.03.2025, 24.04.2025, 24.06.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| | **റിപ്പോർട്ട് ലഭിച്ചവ** | 4 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 4 |
| 3.6 | ദേശീയ – അന്തർദേശീയ കായിക മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹനം | 4 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 8 |
| 4.24 | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 8 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ന കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 8 |
| 4.57 | ദേവികുളം ഗ്രാമപഞ്ചായത്ത് | 8 |
| **2.**5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ന കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 12 |
| 4.66 | നെല്ലായ ഗ്രാമപഞ്ചായത്ത് | 12 |
| | മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എസ്.ആർ.ജി.യെ ചുമതലപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു | 14 |
| | **റിപ്പോർട്ട് ലഭിക്കാത്തവ** | 20 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 20 |
| 4.23 | പുറമേരി ഗ്രാമപഞ്ചായത്ത് | 20 |
| 2.**2** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 20 |
| 3.1 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 20 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 21 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 22 |
| 4.3 | പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് | 22 |
| 4.7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 22 |
| 4.47 | മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്) | 25 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ന കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 25 |
| 2.5(1) | (പദ്ധതി അവലോകനം) | 25 |
| 3.5 | കൃഷി ഫാമുകൾ | 26 |
| 4.47 | മൃഗസംരക്ഷണ വകുപ്പ് | 26 |
| 4.52 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 26 |
| **3.** | **പൊതുവിഷയം** | 27 |
| **4.** | **പ്രത്യേക വിഷയങ്ങൾ** | 27 |
| 4.1 | അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീട് അറ്റകുറ്റപ്പണി | 27 |

| | | |
|---|---|---|
| 4.2 | അരുവാപ്പലം   ഗ്രാമപഞ്ചായത്ത് | 31 |
| 4.3 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | 32 |
| 4.4 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 32 |
| 4.5 | വൈക്കം നഗരസഭ | 32 |
| 4.6 | കാമാക്ഷി ഗ്രാമപഞ്ചായത്ത് | 33 |
| 4.7 | ചെര്‍പ്പുളശ്ശേരി നഗരസഭ | 33 |
| 4.8 | എലവഞ്ചേരി ഗ്രാമപഞ്ചായത്ത് | 33 |
| 4.9 | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | 34 |
| 4.10 | നെന്മാറ ഗ്രാമപഞ്ചായത്ത് | 34 |
| 4.11 | എടക്കാട്ടുവയല്‍ ഗ്രാമപഞ്ചായത്ത് | 35 |
| 4.12 | മാട്ടൂല്‍ ഗ്രാമപഞ്ചായത്ത് | 36 |
| 4.13 | കൊടിയത്തൂര്‍ സര്‍വ്വീസ് സഹകരണ ബാങ്ക് | 36 |
| 4.14 | മുരിയാട് ഗ്രാമപഞ്ചായത്ത് | 36 |
| 4.15 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 37 |
| 4.16 | മെഡികേയേഴ്സ് – പാലക്കാട് | 37 |
| 4.17 | വാഴൂര്‍ ബ്ലോക്ക് പഞ്ചായത്ത് | 38 |
| 4.18 | കൊങ്ങാട് കമ്മ്യൂണിറ്റി സെന്ററില്‍ ഡയാലിസിസ് സെന്റര്‍ | 38 |
| 4.19 | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.20 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.21 | അജാനൂര്‍  ഗ്രാമപഞ്ചായത്ത് | 39 |
| 4.22 | കുമ്മിള്‍ ഗ്രാമപഞ്ചായത്ത് | 40 |
| 4.23 | മണലൂര്‍ സഹകരണ സൂപ്പര്‍ സ്പെഷ്യാലിറ്റി ആശുപത്രി | 40 |
| 4.24 | തകഴി ഗ്രാമപഞ്ചായത്ത് | 40 |
| 4.25 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 41 |
| 4.26 | മൃഗസംരക്ഷണ വകുപ്പ് | 41 |
| 4.27 | ആളൂര്‍ ഗ്രാമപഞ്ചായത്ത് | 41 |
| 4.28 | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | 42 |
| 4.29 | മൃഗസംരക്ഷണ വകുപ്പ് | 42 |
| 4.30 | മൃഗസംരക്ഷണ വകുപ്പ് | 42 |
| 4.31 | കൊല്ലം ജില്ലാ പഞ്ചായത്ത് | 43 |
| 4.32 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 43 |
| 4.33 | ചവറ ബ്ലോക്ക് പഞ്ചായത്ത് | 43 |
| 4.34 | തഴവ ഗ്രാമപഞ്ചായത്ത് | 44 |
| 4.35 | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 44 |
| 4.36 | നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | 44 |
| 4.37 | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് | 45 |
| 4.38 | എഴുമറ്റൂര്‍ ഗ്രാമപഞ്ചായത്ത് | 45 |
| 4.39 | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 46 |
| 4.40 | കോഡൂര്‍ ഗ്രാമപഞ്ചായത്ത് | 46 |
| 4.41 | നെടുമുടി ഗ്രാമപഞ്ചായത്ത് | 46 |
| 4.42 | Parents Association  for Intellectually Disabled ( PAID) | 46 |
| 4.43 | കണിച്ചാര്‍ ഗ്രാമപഞ്ചായത്ത് | 47 |
| 4.44 | പന്തളം ബ്ലോക്ക് പഞ്ചായത്ത് | 47 |
| 4.45 | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 47 |
| 4.46 | Kerala Auto Mobiles Ltd. | 47 |
| 4.47 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 48 |
| 4.48 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 48 |
| 4.49 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 49 |
| 4.50 | കണ്ണൂര്‍ ജില്ലാപഞ്ചായത്ത് | 49 |
| 4.51 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 49 |
| 4.52 | കൊല്ലം ജില്ലാ പഞ്ചായത്ത് | 50 |
| 4.53 | ഓലം ബ്ലോക്ക് പഞ്ചായത്ത് | 50 |

| | | |
|---|---|---|
| 4.54 | എറണാകുളം ജില്ലാ പഞ്ചായത്ത് | 51 |
| 4.55 | പരുതൂർ ഗ്രാമപഞ്ചായത്ത് | 51 |
| 4.56 | വയനാട് ജില്ലാ ആസൂത്രണസമിതി | 52 |
| 4.57 | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | 52 |
| 4.58 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | 52 |
| 4.59 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 53 |
| 4.60 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് | 53 |
| 4.61 | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 54 |
| 4.62 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 54 |
| 4.63 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 54 |
| 4.64 | Kerala Rural Employment & Welfare Society | 55 |
| 4.65 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 55 |
| 4.66 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 56 |
| 4.67 | കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ | 56 |
| 4.68 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 57 |
| 4.69 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | 57 |
| 4.70 | Kerala Electrical and Allied Engineering Company Ltd ( KEL) | 57 |
| 4.71 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് | 58 |
| 4.72 | മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ | 58 |
| 4.73 | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | 59 |
| 4.74 | പരപ്പനങ്ങാടി നഗരസഭ | 59 |
| 4.75 | മരട് നഗരസഭ | 59 |
| 4.76 | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 60 |
| 4.77 | ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 60 |
| 4.78 | കൊടകര ഗ്രാമപഞ്ചായത്ത് | 60 |
| 4.79 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 61 |
| 4.80 | പാലമേൽ ഗ്രാമപഞ്ചായത്ത് | 61 |
| 4.81 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | 61 |
| 4.82 | വെളിയാമറ്റം ഗ്രാമപഞ്ചായത്ത് | 62 |
| 4.83 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 62 |
| 4.84 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 63 |
| 4.85 | വർക്കല ബ്ലോക്ക് പഞ്ചായത്ത് | 63 |
| 4.86 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 64 |
| 4.87 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 64 |
| 4.88 | ഏലംകുളം ഗ്രാമപഞ്ചായത്ത് | 65 |
| 4.89 | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | 65 |
| 4.90 | മറയൂർ ഗ്രാമപഞ്ചായത്ത് | 66 |
| 4.91 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 66 |
| 4.92 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 66 |
| 4.93 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 67 |
| 4.94 | പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | 67 |
| 4.95 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 68 |
| 4.96 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 68 |
| 4.97 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 68 |
| 4.98 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 68 |
| 4.99 | മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി | 69 |
| 4.100 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 69 |
| 4.101 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 69 |

No./90/2025/SRG/LSGD/CC(3)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗം 21.08.2025 (വ്യാഴാഴ്ച) രാവിലെ 10.00 മണി – നവകൈരളി ഹാൾ, അനക്സ് II, സെക്രട്ടേറിയേറ്റ്**

**അജണ്ട**

**2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024, 30.01.2025, 27.03.2025, 24.04.2025, 24.06.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**റിപ്പോർട്ട് ലഭിച്ചവ**

1

**2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12 .2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 ഖണ്ഡിക 3.6**

**ദേശീയ – അന്തർദേശീയ കായിക മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹനം**

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 -ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക (7.2.17) ദേശീയ അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ-കായിക മത്സരങ്ങളിൽ പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 20,000 രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ധനസഹായം ഏതൊക്കെ ഇനത്തിൽപ്പെട്ട ദേശീയ അന്തർദേശീയ കായിക മത്സരങ്ങൾക്ക് നൽകാമെന്നും ഏതൊക്കെ തലത്തിൽ നടക്കുന്ന ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് നൽകാമെന്നും വ്യക്തത വരുത്തി റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് എസ്.ആർ.ജി. വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രതിനിധികളുമായി 06.05.2025-ന് എസ്.ആർ.ജി. ഓഫീസിൽ വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയും പ്രകാരമുള്ള റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സ്പോർട്സ് കൗൺസിലിന് ആകെ 48 സ്പോർട്സ് അസോസിയേഷനാണ് ഉള്ളത്. ഈ അസോസിയേഷന്റെ അംഗീകാരത്തോടെയും അനുമതിയോടും കൂടി ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് മാത്രം പ്രോത്സാഹന സഹായം നൽകിയാൽ മതിയാകും. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള 48 അസോസിയേഷനുകളുടെ വിവരം താഴെ ചേർക്കുന്നു. ഒപ്പം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അറിയിച്ച പ്രകാരം ഏഷ്യൻ ഗെയിംസിന്റെയും ഒളിംബിക് ഗെയിംസിന്റെയും ലിസ്റ്റും താഴെ ചേർക്കുന്നു.

**1 (i) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച സ്പോർട്സ് അസോസിയേഷനുകൾ**

1. Kerala State Athletic Association
2. Kerala Aquatic Association
3. Kerala Badminton (S) Association
4. Kerala Basketball Association
5. Kerala Cycling Association
6. Kerala Football Association
7. Kerala Handball Association
8. Kerala Kho Kho Association
9. Kerala Tennis Association
10. Kerala Table Tennis Association

11. kerala Judo Association
12. Kerala State Archery Association
13. Teakwondo Association of Kerala
14. Kerala Kalaripayatt Association
15. Kerala Softball Association
16. Kerala Mountaineering Association
17. Kerala Kayaking and Canoeing Association
18. Kerala State Powerlifting Association
19. Kerala Race Boats and Amateur Rowing Association
20. Kerala Tennikoit Association
21. Kerala State Wrestling Association
22. Kerala State Ball Badmintion Association
23. Kerala Roller Skating Association
24. Body building Association of Kerala
25. Kerala State Tug of War Association
26. Kerala Karate Association
27. Kerala Throw Ball Association
28. Kerala State Atya Patya Association
29. Kerala Baseball Association
30. Kerala Netball Association
31. Kerala Arm Wrestling Association
32. Yoga Association of Kerala
33. Kerala Hockey Association
34. Kerala State Sports Council of the Deaf
35. State Rugby Association
36. Kerala Roll Ball Association
37. Kerala Gymnastic Association
38. Sports Association for Differently Abled of Kerala
39. Kerala Cycle Polo Association
40. Kerala Fencing Association
41. Sepaktakraw Association

### (ii) Sports Associations - Adhoc/Technical Committee

1. Kerala State Volley Ball Association
2. Kerala Ametur Boxing Association
3. Chess Association Kerala
4. Kerala Wushu Association
5. Kerala Kabaddi Association
6. Kerala State Rifle Association
7. Kerala State Weight Lift Association

## 2. List of State Association Recognized by KSSC

### (i) A Grade Association

1. Kerala State Athletic Association
2. Kerala Aquatic Association
3. Kerala Badminton(S) Association
4. Kerala Basketball Association
5. Kerala Cycling Association
6. Kerala Football Association
7. Kerala Fencing Association

8. Canoeing & Kayaking Association of Kerala
9. Kerala Race Boats & Amateur Rowing Association
10. Kerala State Volleyball Association
11. Taekwondo Association of Kerala

### (ii) B Grade Association

12. Kerala KhoKho Association (Adhoc Committee constituted by Federation)
13. Kerala Softball Association
14. Kerala State Powerlifting Association
15. Kerala Tug of war Association
16. Kerala State Ball Badminton Association
17. 17 Kerala Judo Association
18. Kerala Tennikoit Association
19. Kerala State Wrestling Association
20. Kerala Cycle Polo Association (Dispute)
21. Kerala State Gymnastic Association (Dispute)

### (iii) C Grade Association

22. Kerala Handball Association (Adhoc)
23. Kerala Table Tennis Association (dispute)
24. Kerala Roller Skating Association
25. Kerala State Archery Association
26. Body Building Association of Kerala
27. Chess Association of Kerala (suspended) wef 31.10.2017
28. Kerala State Rifle Association (Adhoc)
29. Kerala Wushu Association
30. Kerala AtyaPatya Association
31. Kerala Baseball Association
32. Kerala Netball Association
33. Kerala State Amature Boxing Association
34. Kerala Karate Association (Dispute)
35. Kerala State Weightlifting Association
36. Kerala Tennis Association
37. Kerala Kabaddi Association (suspension wef 31.10.2017)
38. Kerala Throw Ball Association
39. Kerala Hockey

### (iv) D Grade Association

40. Kerala Arm Wrestling Association
41. Kerala Kalaripayattu Association

### (v) Exempted from Grading

42. Kerala Mountaineering Association
43. Kerala Olympic Association

## 3. List of Olympic Games and Asian Games

### (i) Asian Games

| | | | |
|---|---|---|---|
| 1 | Aquatics | 20 | Hockey |
| 2 | Artistic Swimming | 21 | Judo |
| 3 | Swimming | 22 | Kabaddi |
| 4 | Water Polo | 23 | Karate |
| 5 | Archery | 24 | Chess |
| 6 | Athletics | 25 | Roller Skating |
| 7 | Badminton | 26 | Rowing |
| 8 | Baseball | 27 | Rugby Sevens |

| | | | |
|---|---|---|---|
| 9 | Softball | 28 | Sepaktakraw |
| 10 | Basketball 3X3 | 29 | Shooting |
| 11 | Basketball | 30 | Table tennis |
| 12 | Boxing | 31 | Taekwondo |
| 13 | Canoe/Kayak<br>Slalom, Sprint | 32 | Tenniss |
| 14 | Cycling | 33 | Volleyball |
| 15 | Mountain Bike<br>Road, Track | 34 | Beach Volleyball |
| 16 | Fencing | 35 | Weightlifting |
| 17 | Football | 36 | Wrestling |
| 18 | Gymnastics<br>Artistic Gymnastics,<br>Rythmic Gymnastics,<br>Trampoline Gymnastics | 37 | Wushu |
| 19 | Handball | | |

## (ii) Olympic Games

| | | | |
|---|---|---|---|
| 1 | Acrobatic Gymnastics | 22 | Handball |
| 2 | Archery | 23 | Hockey |
| 3 | Artistic Gymnastics | 24 | Judo |
| 4 | Artistic Swimming | 25 | Karate |
| 5 | Athletics | 26 | Rhythmic Gymnastics |
| 6 | Badminton | 27 | Roller Speed Skating |
| 7 | Baseball | 28 | Rowing |
| 8 | Softball | 29 | Rugby Sevens |
| 9 | Basketball | 30 | Shooting |
| 10 | Basketball 3x3 | 31 | Speed Skating |
| 11 | Beach Handball | 32 | Swimming |
| 12 | Beach Volleyball | 33 | Table Tennis |
| 13 | Boxing | 34 | Taekwondo |
| 14 | Canoe Slalom | 35 | Tennis |
| 15 | Canoe Sprint | 36 | Trampoline |
| 16 | Coastal Rowing | 37 | Triathlon |
| 17 | Cycling Mountain Bike | 38 | Volleyball |
| 18 | Cycling Road | 39 | Waterpolo |
| 19 | Cycling Track | 40 | Weight lifting |
| 20 | Fencing | 41 | Wrestling |
| 21 | Football | 42 | Wushu |

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മുകളിൽ പറഞ്ഞ 48 അസോസിയേഷനുകൾ ചുമതലപ്പെടുത്തി അയയ്ക്കുന്ന മിനി, സബ് ജൂനിയർ, കേഡറ്റ്, ജൂനിയർ, യൂത്ത്, സീനിയർ, Under 23 and other age category ചാമ്പ്യൻഷിപ്പിലെ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു നൽകുന്ന ധനസഹായ തുകയായ 10,000 രൂപ നൽകാവുന്നതാണ്. ഒപ്പം നാഷണൽ സ്പോർട്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ ചുമതലപ്പെടുത്തും പ്രകാരം മുകളിൽ പറഞ്ഞ 48 അസോസിയേഷനിൽപ്പെട്ട ഇനങ്ങളുടെ അന്തർദേശീയ മത്സരങ്ങളിൽ

പങ്കെടുക്കുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന ധനസഹായ തുകയായ 20,000 രൂപയും നൽകാവുന്നതാണ്.

**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2

**2.3 ഖണ്ഡിക 4.24**

**കൊടകര ബ്ലോക്ക് പഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.10.2024-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1120/24 - CC659/2024)

തീരുമാനം:- ബ്ലോക്ക് പഞ്ചായത്തിന്റെ ഷീ വർക്ക് സ്പേസിന്റെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 83/22 | അടങ്കൽ | 1,77,04,325 രൂപ |
| | വികസന ഫണ്ട് ജനറൽ | 31,34,325 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 31,20,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,14,50,000 രൂപ |
| *പേര്:-* | കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ഷീവർക്ക് സ്പേസ് | |

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഷീവർക്ക് സ്പേസ് പദ്ധതിയുടെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏല്പിച്ചത്. കരാർ പ്രകാരം 17.03.2024-ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടത്. ഈ ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 1 ശതമാനം പിഴയോടെ 6 മാസത്തേയ്ക്ക് കൂടി (17.09.2024 വരെ) കാലാവധി നീട്ടാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തെങ്കിലും ULCCS യുമായി സപ്ലിമെന്ററി കരാർ വച്ചിരുന്നില്ല. പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് വീണ്ടും ULCCS ആവശ്യപ്പെട്ടിട്ടുണ്ട്. 17.09.2024 ന് പൂർത്തീകരിക്കാത്തതിനാൽ 2 ശതമാനം പിഴ ഈടാക്കി 6 മാസത്തേക്ക് കൂടി കരാർ പുതുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ULCCS യുടേതല്ലാത്ത കാരണം കൊണ്ടാണ് കാലപരിധിക്കകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് എന്നറിയിച്ചിട്ടുണ്ട്. ഷീ വർക്ക് സ്പേസിന്റെ മറ്റ് ഫേസ് കൂടി ചേർത്ത് ആകെ 5.78 കോടി രൂപയുടെ പാർട്ട് ബില്ലുകൾ ULCCS നൽകിയെങ്കിലും അഡ്വാൻസ് തുകയായ 1.67 കോടി രൂപ കൂടാതെ ആകെ 80.00 ലക്ഷം രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയത്. ഈ സാഹചര്യത്തിൽ പിഴയിൽ ഇളവു നൽകി പൂർത്തീകരണ തീയതി ദീർഘിപ്പിച്ചുകൊണ്ട് കരാറിൽ ഏർപ്പെടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**റിപ്പോർട്ട്:-** ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ബിൽ തുക നൽകിയത് സംബന്ധിച്ച് അവ്യക്തതയുണ്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.ഇ) വകുപ്പ് |

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

3

**2.4 ഖണ്ഡിക 4.57**

**ദേവികുളം ഗ്രാമ പഞ്ചായത്ത്**

ദേവികുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024 കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.09.2024-ലെ 13(1) -ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ലെ (ഖണ്ഡിക 4.56) യോഗ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ലെ നടപടിക്കുറിപ്പും (SRG/1144/24, SRG /1143/24)

വിഷയം:- എസ്റ്റേറ്റ് മേഖലയിൽ വിവിധ നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന 62 പ്രോജക്ടുകൾ എസ്റ്റേറ്റ് മേഖലയിൽ നടപ്പാക്കാനായി 2024-25 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെയാണ്. എസ്റ്റേറ്റ് മേഖലയിൽ എസ്റ്റേറ്റ് ഉടമകളുടെ /അധികാരികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ പൊതു അനുമതി നൽകണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പൊതു അനുമതി നൽകുന്നില്ല എന്നും ഓരോ കേസും നൽകുന്ന മുറയ്ക്ക് പ്രത്യേകം പരിശോധിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ യോഗം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് മേഖലയിൽ താഴെപ്പറയുന്ന 62 പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

## ദേവികുളം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ തുക |
|---|---|---|---|---|
| 1 | 63 | വാർഡ് 1 ബെൻമോർ അപ്പർ ഡിവിഷൻ വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 2 | 64 | വാർഡ് 1 ബെൻമോർ ലോവർ ഡിവിഷൻ കാന്റീൻ മുതൽ മടസ്വാമി കോവിൽ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 3 | 70 | വാർഡ് 1 ബെൻമോർ മുതൽ അപ്പർ ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 4 | 71 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് മുതൽ രാജേഷ് വീട് വരെ ഫുട്പാത് നിർമ്മാണം | എസ്.സി.പി | 350000 |
| 5 | 72 | വാർഡ് 2 സാന്റോസ് മെയിൻ റോഡ് പുനരുദ്ധാരണം | എസ്.സി.പി | 450000 |
| 6 | 75 | വാർഡ് 3 ചിറ്റിവര തങ്കമ്മൻ കോവിൽ ഭാഗം ലൈൻസ് കുടിവെള്ള പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 7 | 76 | വാർഡ് 4 നഗരത്തം വീട് മുതൽ ലെനിൻ വീട് വരെ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 8 | 79 | വാർഡ് 4 ചിറ്റിവര ഓ സി ഡിവിഷൻ മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 9 | 82 | വാർഡ് 5 പി ആർ ഡിവിഷൻ ഫീൽഡ് നമ്പർ 5 മുതൽ കാന്റീൻ വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 10 | 87 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ ഹോസ്പിറ്റൽ മുതൽ പ്രിയങ്ക വീട് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 11 | 89 | വാർഡ് 5 ചെണ്ടുവര ലോവർ ഡിവിഷൻ മുനിയാണ്ടി കാന്റീൻ മുതൽ അശോക് തോട്ടം വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 12 | 235 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറിൽ നിന്നും 5 സെൻറലേക്ക് ബന്ധിപ്പിക്കുന്ന പാലം | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 6211000 |
| 13 | 91 | വാർഡ് 6 എല്ലപെട്ടി സെൻട്രൽ ഡിവിഷൻ മുരുകൻ വീട് മുതൽ പ്രകാശ് വീട് വരെ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 14 | 92 | വാർഡ് 6 എല്ലപ്പെട്ടി കെ കെ ഡിവിഷൻ അഞ്ചു കട മുതൽ മൂക്കൻ സൂപ്പർവൈസർ ലൈൻസ് വരെ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 15 | 94 | വാർഡ് 6 എല്ലപ്പെട്ടി സെൻട്രൽ മല്ലിക വീടിനടുത്തുള്ള ടാങ്കിലേക്ക് പൈപ്പ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |

| | | | | |
|---|---|---|---|---|
| 16 | 96 | വാർഡ് 7 അരുവിക്കാട് ഈസ്റ്റ് ഡിവിഷൻ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 800000 |
| 17 | 98 | Ward 7 അരുവിക്കാട് സെൻട്രൽ ഡിവിഷൻ സുബ്രഹ്മണ്യൻ ലൈൻസിന് സമീപം വാട്ടർ ടാങ്ക് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 18 | 99 | വാർഡ് 8 സൈലന്റ് വാലി ഫാക്ടറി കോളനി പെന്തകോസ്ത് ചർച്ച മുതൽ ആള്കാർപാണ്ടി വീട്ട വരെ ഫുട്പത്ത | എസ്.സി.പി | 350000 |
| 19 | 100 | വാർഡ് 8 സൈലന്റ് വാലി റേഷൻ കടക്ക സമീപം കലുങ്ക് നിർമ്മാണം | എസ്.സി.പി | 450000 |
| 20 | 101 | വാർഡ് 8 സൈലന്റ് വാലി ഫസ്റ്റ് ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 21 | 102 | വാർഡ് 16 – ദേവികുളം പഞ്ചായത്ത് ഓഫീസ് – കുറ്റിയാർ വാലി റോഡ് പുനരുദ്ധാരണം | എസ്.സി.പി+റോഡ് | 2579000 |
| 22 | 103 | വാർഡ് 9 ഉഡാർവിള വിജയൻ വീട് മുതൽ കുട്ടിയമ്മ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 23 | 104 | വാർഡ് 9 സൈലന്റ് വാലി 3 ഡിവിഷൻ പെരട്ടികളം മുതൽ ലൈൻസ് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 24 | 105 | വാർഡ് 3 – ചെണ്ടുവര ടോപ്പ് ഡിവിഷൻ മുതൽ ലോവർ ഡിവിഷൻ വരെ റോഡ് പുനരുദ്ധാരണം | റോഡ് | 2200000 |
| 25 | 106 | വാർഡ് 2 – പുതുക്കുടി റോഡ് പുനരുദ്ധാരണം | എസ്.സി.പി | 500000 |
| 26 | 108 | വാർഡ് 13 – ചൊക്കനാട് ഈസ്റ്റ് ഡിവിഷൻ റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം | റോഡ് | 500000 |
| 27 | 113 | വാർഡ് 9 ഉഡാർവിള ഫാക്ടറി ഡിവിഷൻ വാട്ടർ ടാങ്ക് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 28 | 115 | വാർഡ് 10 ദേവികുളം മിഡിൽ ഡിവിഷൻ മാരിയമ്മൻ കോവിൽ മുതൽ പ്രഭു വീട് വരെ റോഡ് നിർമ്മാണം | റോഡ് | 400000 |
| 29 | 116 | വാർഡ് 10 ഓ ഡി കെ മെത്തപ്പ് മുതൽ ഓ ഡി കെ ഡിവിഷൻ മെയിൻ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 30 | 117 | വാർഡ് 11 ലാക്കാട് എസ്റ്റേറ്റ് പുതുക്കാട്ട ഡിവിഷൻ നിന്നും ന്യൂ ലൈൻസ് വരെ ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 31 | 118 | വാർഡ് 11 ദേവികുളം ഫാക്ടറി ഡിവിഷൻ തങ്കരാജ് വീട് മുതൽ സതീഷ് കുമാർ വീട് വരെ റോഡ് നിർമ്മാണം | എസ്.സി.പി | 400000 |
| 32 | 122 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ റോഡ് നിർമ്മാണം | എസ്.സി.പി | 800000 |
| 33 | 124 | വാർഡ് 14 നെറ്റിക്കുടി ടോപ് ഡിവിഷൻ ചിന്താമണി വീട് മുതൽ കവിത രവി വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 34 | 125 | വാർഡ് 15 ഗ്രഹംസലാൻഡ് ക്രച്ച മുതൽ മുത്തുപാണ്ടി വീട് വരെ റോഡ് | എസ്.സി.പി | 400000 |

| | | | | |
|---|---|---|---|---|
| 35 | 127 | വാർഡ് 15 ഗ്രഹംസലാൻഡ്ചെ ല്ലകനി വീട് മുതൽ ശിവകുമാർ വീട് വരെ ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 36 | 128 | വാർഡ് 16 കുട്ടിയാർവാലി റോഡിൽ നെറ്റിമെട്ട ഭാഗത്തു ഡ്രൈനേജ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 37 | 129 | വാർഡ് 17 മാട്ടുപ്പെട്ടി ഫാക്ടറി മുതൽ മാട്ടുപ്പെട്ടി ടോപ്ഡിവിഷൻ തെന്മല റോഡ്റോ നിർമ്മാണം | എസ്.സി.പി | 800000 |
| 38 | 131 | വാർഡ് 18 ഫീൽഡ് നമ്പർ 43 മുതൽ മാരിയമ്മൻ കോവിൽ റോഡ് | എസ്.സി.പി | 1500000 |
| 39 | 132 | വാർഡ് 18 ഗുണ്ടുമല ടോപ്ഡി വിഷൻ ഭാഗത്തുള്ള ടാങ്കിൽ നിന്നും ജി ഐ പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 600000 |
| 40 | 133 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ ട്രാൻസ്ഫോർമർ മുതൽ ശാന്തി വീട് വരെ കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 41 | 134 | വാർഡ് 13 ചോക്കനാട് നോർത്ത് കാർത്തി വീട് മുതൽ സരോജ വീട് വരെ റോഡും ഡ്രൈനജും | എസ്.സി.പി | 400000 |
| 42 | 135 | വാർഡ് 13 ചോക്കനാട് നോർത്ത് ഡിവിഷൻ വാട്ടർ ടാങ്കും പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 43 | 136 | വാർഡ് 2 പുതുക്കുടി ഡിവിഷൻ ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 500000 |
| 44 | 140 | വാർഡ് 18 തെന്മല ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 45 | 141 | വാർഡ് 13 ചോക്കനാട് കുളമാകായ് ഡിവിഷൻ കാന്റീൻ മുതൽ മസ്റ്റർ റോഡ് കോൺക്രീറ്റ് | എസ്.സി.പി | 400000 |
| 46 | 142 | വാർഡ് 4 ചിട്ടുവര എൻ സി ഡിവിഷൻ റോഡ് റീ കോൺക്രീറ്റ് | എസ്.സി.പി | 350000 |
| 47 | 148 | 18 മൈൽ ചിറ്റിവര റോഡിനു ഡ്രൈനേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 784350 |
| 48 | 149 | പഞ്ചായത്ത് ഓഫീസ് എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ-ബേസിക് ഗ്രാൻറ് | 2805200 |
| 49 | 222 | വാർഡ് 15 ഗ്രഹംസ്ലാൻഡ് വെയ്റ്റിംഗ് ഷെഡ് മുതൽമെയിൻ റോഡ് റീ കോൺക്രീറ്റിംഗ് | എസ്.സി.പി | 400000 |
| 50 | 236 | വാർഡ്-16 കുട്ടിയാർവാലി 10 സെൻറ് ഭൂമിയിലെ പുതിയ ടാങ്കിൽ നിന്നുള്ള ജല വിതരണ പൈപ്പ് ലൈൻ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 1000000 |
| 51 | 237 | ടേക്ക് എ ബ്രേക്ക് പദ്ധതി-മാട്ടുപ്പെട്ടി ഡാം സൈഡ്സ്ത്രീ സൌഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |
| 52 | 238 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഹൈഡൽ ബോട്ടിംഗ് സെൻററിന് സമീപംസ്ത്രീ സൌഹൃദം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1400000 |
| 53 | 239 | ടേക്ക് എ ബ്രേക്ക് പദ്ധതി-കുണ്ടള ഡാമിന് സമീപം | ജനറൽ ഫണ്ട്+ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറ്+ എസ്.ബി.എം ഫണ്ട് | 1130000 |
| 54 | 243 | ടേക്ക് എ ബ്രേക്ക് പദ്ധതി-ഗ്രഹാംസ്ലാൻറ് | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 600000 |
| 55 | 244 | വാർഡ്-18 സോത്തുപ്പാറ ടോപ്പ് ഫാക്ടറി എഎൽപി സ്കൂൾ ടോയ് ലറ്റ് | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 495000 |
| 56 | 247 | അംഗൻവാടി സെന്റർ നമ്പർ 37 ആസ്ബസ്റ്റോസ് മേൽക്കൂര മാറ്റലും സിലിങ്ങും | ജനറൽ ഫണ്ട് | 100000 |
| 57 | 249 | ടേക്ക് എ ബ്രേക്ക് പദ്ധതി-എക്കോപോയിൻറിന് സമീപം | ജനറൽ ഫണ്ട്+ എസ്.ബി.എം ഫണ്ട് | 900000 |
| 58 | 265 | വാർഡ് 11 - ദേവികുളം ഫാക്ടറി ഡിവിഷൻ സി എസ് ഐ ചർച്ചിനു സമീപം കലുങ്കും റോഡ് നിർമ്മാണവും | എസ്.സി.പി | 800000 |

| | | | | |
|---|---|---|---|---|
| 59 | 267 | വാർഡ് 10 മാനില ഡിവിഷൻ ഫീൽഡ് നമ്പർ 17 ചെക്ക് ഡാം നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 60 | 268 | വാർഡ്-4 ചിറ്റവര ഒസി ഡിവിഷൻ കാൻറീൻ മുതൽ അന്തോണി വീട് വരെ അഴുക്ക ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |
| 61 | 270 | വാർഡ് 8 സൈലൻറ് വാലി മുനിയമ്മ വീട് മുതൽ ചുടലമണി വീട് വരെ അഴക്ക ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 300000 |
| 62 | 271 | വാർഡ് 17 തെൻമല ഉണ്ടുമല കാൻറീൻ മുതൽ ദാമോദരൻ വീട് വരെ അഴുക്ക് ചാൽ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഫണ്ട് | 400000 |

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ഇത് റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

**തുടർനടപടി :-** ഇതനുസരിച്ച് 06.07.2025-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഇതിന്റെ മിനിറ്റ്സ് ലഭ്യമാക്കിയിട്ടുണ്ട്. മിനിറ്റ്സ് പ്രകാരം താഴെപ്പറയുന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്.

06.07.2025-ന നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ

(i) "തോട്ടം മാനേജ്മെന്റ് വക സ്ഥലങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ആവശ്യത്തിനായി ഈ മാനേജ്മെന്റിന്റെ/ തോട്ടം ഉടമകൾ നൽകുന്ന നിരാക്ഷേപപത്രത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റേറ്റ് മേഖലകളിലെ റോഡ് നിർമ്മാണം, റോഡ് പരിപാലനം, ജലനിർഗമനം, ദുരന്ത നിവാരണം, കുടിവെള്ളം/ വരൾച്ച എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പഞ്ചായത്തിന്റെ ഫണ്ട്, എം.എൽ.എ യുടെ ആസ്തി വികസനഫണ്ട് എന്നിവ ഉപയോഗിച്ച് ചെയ്യാവുന്നതാണ്.

(ii) അങ്കണവാടി, ആശുപത്രികൾ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ ഗ്രൗണ്ട് നിർമ്മാണം മുതലായവ നിരാക്ഷേപപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യാൻ കഴിയില്ല. ഇതു സംബന്ധിച്ച ഫയൽ റവന്യൂ വകുപ്പിന് പ്രത്യേകമായി നൽകുന്ന മുറയ്ക്ക് അവ പരിശോധിക്കാം" എന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**2.5 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ന കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

4 **<u>2.5 ഖണ്ഡിക 4.66</u>**
**<u>നെല്ലായ ഗ്രാമപഞ്ചായത്ത്</u>**

നെല്ലായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2025-ലെ 400760/HSPC - 01/GPO/2025-26/46(1) -ാം നമ്പർ കത്തും നെല്ലായ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.02.2023-ലെ 6(1) -ാം നമ്പർ തീരുമാനവും ലൈഫ് മിഷൻ പാലക്കാട് ജില്ലാ കോഓർഡിനേറ്ററുടെ 13.02.2025 -ലെ LM/304/2024-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/319/25)

വിഷയം:- ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

നെല്ലായ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയത്/വീട് വയ്ക്കാൻ സജ്ജരായ 45 ഗുണഭോക്താക്കളിൽ 23 കുടുംബങ്ങൾ MIS ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഇവർക്ക് വീട് വച്ചു നൽകാനുള്ള നടപടി 2022-23-ൽ ഗ്രാമപഞ്ചായത്ത് ആരംഭിച്ചു. ഇതിൽ 9 കുടുംബങ്ങൾക്ക് ഗഡുക്കൾ കൈമാറി നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 11 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടു. 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഈ കുടുംബങ്ങൾ 2020 ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ഇവർക്ക് സംസ്ഥാനവിഹിതം, ലോൺ വിഹിതം എന്നിവ ലഭിക്കില്ല. ഒപ്പം തുടർന്നുള്ള ഗഡുക്കൾ നൽകാനും കഴിയില്ല. ഇവർ കരാറിലേർപ്പെട്ടത് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ലിസ്റ്റനുസരിച്ചാണ്. ഇവരുടെ ഭൗതിക സാഹചര്യം പരിശോധിച്ച്

അർഹരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കരാറിൽ ഏർപ്പെട്ടതെന്ന് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമനം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പദ്ധതി ആനുകൂല്യം ലഭിച്ചതിന്റെ/ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ |
|---|---|---|
| 1 | ശ്രീ. മണികണ്ഠൻ, മഠത്തിൽപ്പടി | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 2 | ശ്രീമതി.സുമതി, പണിയ്ക്കത്തൊടി | 2,40,000 രൂപ ലഭിച്ചു. 1,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 3 | ശ്രീ. കുമാരൻ, കയ്യറം കുന്നത്ത് | 3,00,000 രൂപ ലഭിച്ചു. 1,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 4 | ശ്രീ. കുട്ടൻ, കയ്യറ കുന്നത്ത് | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 5 | ശ്രീ. ചന്ദ്രൻ, കയ്യറ കുന്നത്ത് | 3,00,000 രൂപ ലഭിച്ചു. 1,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 6 | ശ്രുമതി. ലളിത, വരണമംഗലത്ത് | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 7 | ശ്രീമതി.വള്ളി, മൂപ്പത്ത് കുന്നത്ത് | 40,000 രൂപ ലഭിച്ചു. 3,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 8 | ശ്രീ. രാമൻ, കരുവന്നൂർപ്പടി | 40,000 രൂപ ലഭിച്ചു. 3,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 8 | ശ്രീമതി. ദീപ, മുല്ലപ്പറമ്പിൽ | 2,00,000 രൂപ ലഭിച്ചു.2,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 10 | ശ്രീമതി. സുമതി, പൊട്ടിക്കണ്ടത്തിൽ | ഗഡു ഒന്നും ലഭിച്ചില്ല |
| 11 | ശ്രീമതി. നീലി, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 12 | ശ്രീമതി. ലീല, ചെമ്മാട്ടപടി | ഗഡു ഒന്നും ലഭിച്ചില്ല |
| 13 | ശ്രീമതി. ജാനകി, പനംകുറ്റിപ്പറമ്പിൽ | ഗഡു ഒന്നും ലഭിച്ചില്ല |
| 14 | ശ്രീമതി. ജാനു, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 15 | ശ്രീമതി. ഉഷ, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 16 | ശ്രീ. മണികണ്ഠൻ എന്ന കൃഷ്ണദാസൻ, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 17 | ശ്രീമതി. ഉഷ, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 18 | ശ്രീമതി. ലീല, പാപ്പിനത്തൊടി | ഗഡു ഒന്നും ലഭിച്ചില്ല |
| 19 | ശ്രീമതി. കല്യാണി, ചെമ്മാട്ടപടി | ഗഡു ഒന്നും ലഭിച്ചില്ല |
| 20 | ശ്രീമതി. സതി, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 21 | ശ്രീ. രാമൻ കയ്യറകുന്നത്ത് | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |
| 22 | ശ്രീമതി. അശ്വതി, മുല്ലപ്പറമ്പിൽ | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |
| 23 | ശ്രീമതി. ദീപ, രാജേഷ് മുല്ലപ്പറമ്പിൽ | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |

ഈ കുടുംബങ്ങളെ (23 കുടുംബങ്ങൾ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിനു സാധൂകരണവും മറ്റുള്ളവർക്ക് ആനുകൂല്യം നൽകാനും അനുമതി സംബന്ധിച്ച്

തീരുമാനം :- ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതും അവരുമായി എഗ്രിമെന്റ് വച്ചതും നിർവ്വഹണ ഉദ്യോഗസ്ഥരുടെ (വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും) ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. ഇതു പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

<u>**റിപ്പോർട്ട്:-**</u> ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർ/ ഭൂരഹിത ഭവനരഹിതർ എന്നിവരിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് വകുപ്പുകൾ തയ്യാറാക്കി ലൈഫ് മിഷന് കൈമാറേണ്ടതാണെന്നും ലൈഫ് മിഷൻ ഈ ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണെന്നും 06.09.2019 – ൽ 1946/2019/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പ് ഡയറക്ടർമാർ ലൈഫ് മിഷന് കൈമാറിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അർഹതയാണ് ഇപ്രകാരം പരിശോധിച്ച് അഡീഷണൽ ലിസ്റ്റ് തയ്യാറാക്കിയത്. എന്നാൽ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്ത് പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ തയ്യാറാക്കി ലൈഫ് മിഷന് കൈമാറിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം കൂടി ലൈഫ് എം.ഐ.എസിൽ രേഖപ്പെടുത്തി ലൈഫ് മിഷൻ ജില്ല കോ–ഓർഡിനേറ്റർക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാക്കി. പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ ലൈഫ് മിഷന് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ ലൈഫ് എം.ഐ.എസിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിനാൽ മുകളിൽ പറഞ്ഞ 23 പേർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല. അർഹരായ മറ്റ് എല്ലാ ഗുണഭോക്താക്കളേയും പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നിരിക്കെ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളെ ഭവനനിർമ്മാണ ധനസഹായത്തിനായി കരാർ വയ്പ്പിച്ച ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും നടപടികൾ അംഗീകരിക്കത്തക്കതല്ല. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ 23 കുടുംബങ്ങളുമായി ഭവനനിർമ്മാണ ധനസഹായത്തിനായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ച സാഹചര്യത്തിൽ തുടർ ഗഡുക്കൾ അനുവദിക്കാതിരുന്നാൽ ആയത് വീടുകളുടെ നിർമ്മാണത്തെ ബാധിക്കുകയും ഈ കുടുംബങ്ങൾ ഭവനരഹിതരായി തുടരുന്നതിനും ഇടയാകും. ഇതിന് ഗുണഭോക്താക്കൾ ഉത്തരവാദികളല്ലാത്തതിനാൽ പട്ടികജാതി വിഭാഗത്തിലപ്പെട്ട 23 കുടുംബങ്ങളുടെ ഭവനമില്ലാത്ത സ്ഥിതി മാനുഷികമായി പരിഗണിച്ച് ഈ കുടുംബങ്ങളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നറിയിച്ചിട്ടുണ്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**5** **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എസ്.ആർ.ജി.യെ ചുമതലപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.**

**1. കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗം**

**ഖണ്ഡിക 3.5**

കാലാവസ്ഥ സംബന്ധിച്ച പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു റിസോഴ്സ്/വിദഗ്ദ്ധ ടീമിന് രൂപം നൽകാൻ തീരുമാനിച്ചു. പ്രോജക്ടിന്റെ വെറ്റിംഗ്/സാങ്കേതികാനുമതിക്കുശേഷം പ്രോജക്ട് ഏതു മേഖലയിൽപ്പെടുന്നുവോ ആ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും അതിന്റെ നിർവ്വഹണ ചുമതല. ജില്ലാതലത്തിൽ രൂപീകരിക്കേണ്ട റിസോഴ്സ് /വിദഗ്ദ്ധ ടീമിന്റെ ഘടന, പ്രവർത്തനം രീതി തുടങ്ങിയവ തയ്യാറാക്കി നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

റിപ്പോർട്ട് :- കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന സമഗ്ര പ്രോജക്ടുകൾക്ക് മാത്രം ജില്ലാതലത്തിൽ പ്രത്യേക ക്രമീകരണം ചെയ്താൽ മതിയാകും. ഇത്തരം പ്രോജക്ടുകൾ വെറ്റ ചെയ്യാൻ ഓരോ ജില്ലയിലും ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജില്ലയിലെ പൊല്യൂഷൻ കൺട്രോൾ ബോർഡിലെ എൻവയൺമെന്റൽ എൻജിനീയർ, അനെർട്ടിലെ ജില്ലാതല പ്രോജക്ട് എഞ്ചിനീയർ, ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ ജില്ലയിലെ വിദഗ്ദ്ധൻ, ജില്ലയിലെ സർക്കാർ കോളേജിലെ ഒരു അക്കാദമിക് വിദഗ്ദ്ധൻ, ജില്ലാ ടൗൺ പ്ലാനർ എന്നിവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ ടൗൺ പ്ലാനറെ ഈ കമ്മിറ്റിയുടെ കൺവീനറാക്കാവുന്നതാണ്.

**2. കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ യോഗം**

**ഖണ്ഡിക 3.3**

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൂതനവും മാതൃകാപരവുമായ പ്രോജക്ടുകൾ ഏറ്റെടുക്കു ന്നതിന് ആശയങ്ങൾ നൽകണം. ഇത്തരം മാതൃകാ പ്രോജക്ടുകളും മാതൃകാ മോഡലുകളും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണം. ഇതിനായി വിവിധ മേഖലകളിലെ വിദഗ്ധന്മാരുടെ സേവനം ഉപയോഗപ്പെടുത്തണം. കില, കെ-ഡിസ്ക് പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ എസ്.ആർ.ജിയെ ചുമതലപ്പെടുത്തി. ഇത്തരം പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പല തദ്ദേശഭരണസ്ഥാപനങ്ങളും മികച്ചതും നൂതനവുമായ ധാരാളം പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. അവ മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടി കൈമാറണം. ഇത് സാധ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഇപ്പോഴത്ത സ്റ്റാറ്റസ് :- ഇതിന്റെ പ്രസിദ്ധീകരണ യോഗ്യമായ കരട് എസ്.ആർ.ജി.യിൽ തയ്യാറാക്കിയിട്ടുണ്ട്.

**3.കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗം**

**ഖണ്ഡിക 3.3 :** പല തദ്ദേശഭരണസ്ഥാപനങ്ങളും തദ്ദേശീയമായതും പാരമ്പര്യമായി ലഭിച്ചതും മറ്റു രീതിയിൽ ആർജ്ജിച്ചതുമായ ശൈലിയിൽ ഈ മേഖലയിലെ വിദഗ്ധരെ ഉപയോഗിച്ച് നിർമ്മാണമടക്കമുള്ള പ്രവർത്തികൾ, ഡിസൈനിംഗ് തുടങ്ങിയവ നടത്തുന്നുണ്ട്. ഇത്തരം വിദഗ്ധരെ കണ്ടെത്തി ഒരു പാനൽ തയ്യാറാക്കാൻ തീരുമാനിച്ചു. ഇങ്ങനെ തയ്യാറാക്കുന്ന പാനലിൽ നിന്ന് വിദഗ്ധരെ വിവിധ ആവശ്യങ്ങൾക്കായി തെരഞ്ഞെടുക്കാവുന്നതാണ്. ഇത് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഓരോ മേഖലയിലുമായി ബന്ധപ്പെട്ട് ഓരോ പാനൽ തയ്യാറാക്കാൻ സാധിക്കുംവിധം സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കി കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

ഇപ്പോഴത്തെ സ്റ്റാറ്റസ്:- കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനുള്ള കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്. അംഗീകാരത്തിനായി ഉടനെ സർക്കാരിന് നൽകുന്നതാണ്.

**4. കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി, ചെങ്ങന്നൂർ**

**ചെങ്ങന്നൂർ കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി ജനറൽ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 26.06.2023) (SRG/906/23)**

**ഖണ്ഡിക 4.35**

**വിഷയം:-** കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നത് സംബന്ധിച്ച്

ചെങ്ങന്നൂർ കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി പാലിയേറ്റീവ് മേഖലയിലും ജീവകാരുണ്യ മേഖലയിലും വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. ആരോഗ്യ മേഖലയോടൊപ്പം വീട് നിർമ്മിച്ചു നൽകുന്നതിനും സ്വന്തം സ്ഥലത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സൊസൈറ്റി പരിപാടികൾ നടപ്പാക്കുന്നുണ്ട്. സൊസൈറ്റിയുടെ നടത്തിപ്പിന് എസ്.റ്റി.പി പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ആംബുലൻസ്, പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ വിവിധ ആരോഗ്യപരിചരണ ഉപകരണങ്ങൾ, വാഷിംഗ് മെഷീൻ തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്നതിന് ത്രിതല തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം :-** കരുണ പെയിൻ & പാലിയേറ്റീവ് സൊസൈറ്റി അടക്കമുള്ള പാലിയേറ്റീവ് സ്ഥാപനങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഏതൊക്കെ രീതിയിലുള്ള സഹായം/ഇടപെടൽ നടത്താൻ കഴിയുമെന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെയും എസ്.ആർ.ജി.യേയും ചുമതലപ്പെടുത്തി. പ്രത്യേക പരിഗണന

നൽകാൻ കഴിയുന്ന /അക്രഡിറ്റേഷൻ സ്വഭാവമുള്ള  സ്ഥാപനങ്ങളെയാണ് പരിഗണിക്കേണ്ടത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിച്ച് പൊതു മാർഗ്ഗരേഖ തയ്യാറാക്കുന്നതാണ്.

ഇപ്പോഴത്തെ സ്റ്റാറ്റസ്:- പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പുതുക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ആവശ്യവും ഇതിൽ ഉൾപ്പെടുത്തുന്നതിന് എസ്.ആർ.ജി.യിൽ തുടർ നടപടി സ്വീകരിക്കുന്നുണ്ട്.

**5. കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023 –ലെ യോഗം**

**ഖണ്ഡിക 3.6**

ജനകീയാസൂത്രണ മാർഗ്ഗരേഖ  മലയാളത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തമിഴ്, കന്നട ഭാഷകളിൽ കൂടി ഇവ ലഭ്യമാക്കുകയാണെങ്കിൽ കാര്യക്ഷമമായ പദ്ധതി ആസൂത്രണത്തിന് പ്രയോജനപ്പെടും. ഈ പ്രദേശങ്ങളിലെ ജനപ്രതിനിധികൾക്ക്  ഇത് വളരെ സഹായകരമാകും എന്നതിനാൽ പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ തമിഴ്, കന്നട ഭാഷകളിൽ കൂടി തയ്യാറാക്കി  ഈ പ്രദേശങ്ങളിൽ ലഭ്യമാക്കാൻ തീരുമാനിച്ചു.  ഒപ്പം ഈ പ്രദേശങ്ങളിലെ പരിശീലന പരിപാടികൾ തമിഴ്, കന്നട ഭാഷകളിൽ കൂടി നടത്തണം. ഇതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് നടപടി സ്വീകരിക്കണം.

**6. ഖണ്ഡിക 3.9**

സംസ്ഥാനത്ത് ഓണാഘോഷം പോലുള്ള  പരിപാടികൾ, പ്രശസ്തമായതും പൈതൃക സ്വഭാവമുള്ളതുമായ ആഘോഷങ്ങൾ എന്നിവയിൽ തദ്ദേശഭരണസ്ഥാപനങ്ങളും പങ്കു വഹിക്കുന്നുണ്ട്. ഇത്തരം ആഘോഷങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാറുണ്ട്. ഇത്തരം ചെലവുകൾ ഏകീകൃത രീതിയിലാക്കണമെന്ന് യോഗം വിലയിരുത്തി. ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച് താഴെപ്പറയുന്ന റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഈ  വിവരം കോഓർഡിനേഷൻ കമ്മിറ്റിയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു. ഇതിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കുന്നുണ്ട്.

1. തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിപാടികൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ അവയുടെ അസാധാരണ ചെലവുകളുമായി ബന്ധപ്പെട്ടാണ് പരിഗണിക്കേണ്ടത്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 213(4), കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പ് 283(6) എന്നിവയിലാണ് യഥാക്രമം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അസാധാരണ ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നത്. ഇതിന് അനുസൃതമായി പഞ്ചായത്തുകൾക്കായി 2011 ൽ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ  പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റികൾക്കായി ചട്ടം പുറപ്പെടുവിച്ചിട്ടില്ല.

3. ചട്ടം 4 ഉപചട്ടം (1) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും (പൊതു ആവശ്യ ഗ്രാന്റ് ഒഴികെയുള്ളത്) ശമ്പളം, അലവൻസുകൾ, മറ്റ് പ്രതിഫലങ്ങൾ, വൈദ്യുത ചാർജ്ജ്, വെള്ളക്കരം, ആഫീസ് ചെലവുകൾ, ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾ തുടങ്ങിയ ഇനങ്ങൾക്ക് ചെലവ് വരുന്ന തുക കുറച്ച് ബാക്കി വരുന്ന തുകയുടെ (മിച്ച ഫണ്ടിന്റെ) 20 ശതമാനമാണ് (പരമാവധി ഒരു ലക്ഷം രൂപ) അസാധാരണ ചെലവുകൾക്കായി നീക്കിവയ്ക്കാവുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിലവിലുള്ള  അസാധാരണ ചെലവ് പരിധി ചുവടെ പറയുന്നു.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | മുൻ വർഷത്തെ തനതു വരുമാനത്തിന്റെ 25 % അല്ലെങ്കിൽ ഒരു ലക്ഷം രൂപ ഏതാണോ കുറവ് അത് |
| ജില്ല പഞ്ചായത്ത് | മുൻ വർഷത്തെ തനതു വരുമാനത്തിന്റെ 25 % അല്ലെങ്കിൽ രണ്ട് ലക്ഷം രൂപ ഏതാണോ കുറവ് അത് |

4. ഏതൊക്കെ ഇനങ്ങളിലാണ് അസാധാരണ ചെലവുകൾ വഹിക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നതെന്ന് ചട്ടം 3 ൽ നിശ്ചയിച്ചിട്ടുണ്ട്.

5. മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും കാര്യത്തിൽ സ.ഉ(പി)നം.247/2000/തസ്വഭവ തീയതി 30.08.2000 മുഖേനയാണ് അസാധാരണ ചെലവുകൾക്കുള്ള ഇനങ്ങളും ചെലവ് പരിധിയും നിർണ്ണയിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ പ്രതിവർഷം സർക്കാരിൽ നിന്നുള്ള നികുതി വിഹിതമുൾപ്പെടെ മുൻവർഷത്തെ തനത് വരുമാനത്തിന്റെ ഒരു ശതമാനമോ അല്ലെങ്കിൽ 70,000/- രൂപയോ ഏതാണോ അധികം അതാണ് പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ അത് സർക്കാരിൽ നിന്നുള്ള നികുതി വിഹിതമുൾപ്പെടെ മുൻവർഷത്തെ തനത് വരുമാനത്തിന്റെ ഒരു ശതമാനമോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ അധികം എന്നതാണ്.

6. കൂടുതൽ ഇനങ്ങൾ അസാധാരണചെലവുകളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മേൽപ്രകാരം നിശ്ചയിച്ചിട്ടുള്ള അസാധാരണ ചെലവുകളുടെ പരിധി ഉയർത്തണമെന്നുമുള്ള ആവശ്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന സാഹചര്യത്തിൽ ഖണ്ഡിക 3 ൽ പറയുന്ന മിച്ചഫണ്ട് സംബന്ധിച്ച നിബന്ധനകൾ ഏർപ്പെടുത്താതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ അസാധാരണ ചെലവുകൾക്കും വേണ്ടി ഒരു വർഷം തനതു ഫണ്ടിൽ നിന്നും ചെലവാക്കാവുന്ന ആകെ തുകയുടെ പരിധി താഴെ പറയും പ്രകാരം പരിഷ്കരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | പരമാവധി 10 ലക്ഷം രൂപ |
| 2 | മുനിസിപ്പാലിറ്റികൾ | പരമാവധി 15 ലക്ഷം രൂപ |
| 3 | മുനിസിപ്പൽ കോർപ്പറേഷനുകൾ | പരമാവധി 20 ലക്ഷം രൂപ |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ | പരമാവധി 5 ലക്ഷം രൂപ |
| 5 | ജില്ല പഞ്ചായത്തുകൾ | പരമാവധി 10 ലക്ഷം രൂപ |

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾക്ക് വേണ്ടി ചെയ്യുന്ന ചെലവുകൾ അസാധാരണ ചെലവുകളായി കണക്കാക്കേണ്ടതും മേൽ വാർഷിക പരിധിക്കുള്ളിൽ ഉൾപ്പെടുത്തി അത്തരം ചെലവുകൾ നിർവ്വഹിക്കേണ്ടതുമാണ്.

**(എ) തദ്ദേശഭരണസ്ഥാപനങ്ങൾ നേരിട്ട് സംഘടിപ്പിക്കുന്ന പരിപാടികൾ**

(i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തൽ

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ ശിലാസ്ഥാപനം, ഉദ്ഘാടനം എന്നീ ചടങ്ങുകൾ

(iii) സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു നടത്തുന്ന ചടങ്ങുകൾ

(iv) ബഹു. കേരള നിയമസഭ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുപരിപാടികളും ഉദ്ഘാടന ചടങ്ങുകളും

(v) മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുപരിപാടികളും ഉദ്ഘാടന ചടങ്ങുകളും

(vi) സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ശിശുദിനം, കർഷക ദിനം, പരിസ്ഥിതി ദിനം, ഗാന്ധിജയന്തി വാരം, വനമഹോത്സവം തുടങ്ങിയ സർക്കാർ പ്രഖ്യാപിക്കുന്ന പ്രത്യേക ദിനങ്ങളോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കൽ.

(vii) ഓണം, ക്രിസ്തുമസ്, ബക്രീദ് എന്നിവയോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായി സഹകരിച്ചോ അല്ലാതെയോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്ന വിപണന മേളകൾ, ആഘോഷങ്ങൾ

(viii) വിശിഷ്ട വ്യക്തികളുടെ സ്വീകരണം, അവരെ ആദരിക്കൽ, അവർക്ക് അനുമോദനം അർപ്പിക്കൽ

(ix) പൊതു പ്രദർശനം, വിനോദ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ

(x) കലാ-സാംസ്കാരിക പ്രദർശനങ്ങൾ, കായിക വിനോദങ്ങൾ/മത്സരങ്ങൾ, വിള മത്സരങ്ങൾ, കന്നുകാലി പ്രദർശനങ്ങൾ/മത്സരങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ/ പ്രാദേശികമായി നിലനിൽക്കുന്ന പരമ്പരാഗത കായിക ഇനങ്ങളുടെ മത്സരങ്ങൾ, ജലോത്സവങ്ങൾ, വള്ളംകളികൾ, വിദ്യാഭ്യാസ പരിപാടികൾ മുതലായവ സംഘടിപ്പിക്കൽ.

(xi) തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ വിജയികൾക്കും സമർത്ഥരായ വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്യൽ

(xii) പ്രാദേശിക സംരംഭകത്വവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വൈജ്ഞാനികസമൂഹ സൃഷ്ടിക്കും ആവശ്യമായ നൂതന സാങ്കേതികവിദ്യകളുടെയും യന്ത്രോപകരണങ്ങളുടെയും മികച്ച മാതൃകകളുടേയും പ്രദർശനങ്ങൾ സംഘടിപ്പിക്കൽ

(xiii) കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിലോ അവയുടെ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്തതും എന്നാൽ കാലികമായി സാമൂഹിക പ്രസക്തി ഉള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക്

**(ബി) മറ്റുള്ള സ്ഥാപനങ്ങൾ / സംഘടനകൾ നടത്തുന്ന പരിപാടികൾക്കുള്ള സംഭാവന**

i. പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളുടെ സമ്മേളനത്തിന്റെയോ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങളുടെ സംഘടനകളുടേയോ ചെലവിലേക്കായി സർക്കാർ അതതു സമയം നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി സംഭാവന നൽകൽ.

ii. ലീഗൽ സർവ്വീസസ് അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന നിയമസഹായ നിയമ സാക്ഷരതാ ക്യാമ്പുകൾ നടത്തുന്നതിന്

iii. നെഹ്റു യുവകേന്ദ്ര, നാഷണൽ സർവ്വീസ് സ്കീം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ.

iv. സർക്കാരിന്റെ വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും സംഘടിപ്പിക്കുന്ന ബോധവൽക്കരണ/ വിജ്ഞാന പരിപാടികൾ (ഉദാ.ഭരണഘടനാ സാക്ഷരത, പൗരാവബോധ വിജ്ഞാന ക്ലാസ്സുകൾ).

v. പരിസ്ഥിതി ക്ലബ്ബുകളും ശാസ്ത്ര ക്ലബ്ബുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കായും തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ നടത്തുന്നതിന്.

vi. വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, ജില്ലയ്ക്കകത്തുള്ള മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ പ്രാദേശികമായി നടത്തുന്ന കലാ-സാംസ്കാരിക പ്രദർശനങ്ങൾ, കായിക വിനോദങ്ങൾ/മത്സരങ്ങൾ, വിള മത്സരങ്ങൾ, കന്നുകാലി പ്രദർശനങ്ങൾ/ മത്സരങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ/ പ്രാദേശികമായി നിലനിൽക്കുന്ന പരമ്പരാഗത കായിക ഇനങ്ങളുടെ മത്സരങ്ങൾ, വള്ളംകളികൾ, വിദ്യാഭ്യാസ പരിപാടികൾ, പൈതൃക ജലോത്സവങ്ങൾ തുടങ്ങിയവക്കുള്ള സംഭാവനകൾ.

**കുറിപ്പ്** - ഖണ്ഡിക 7 (ബി) ഐറ്റം (v), (vi) എന്നിവയിലുള്ള ചെലവുകളെ സംബന്ധിച്ചിടത്തോളം ഓരോ ചെലവുകൾക്കും പരമാവധി 10,000 രൂപ വരെ പഞ്ചായത്ത് / കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകാവുന്നതാണ്. അതിനു മുകളിൽ 25,000 രൂപവരെയുള്ള തുക സംഭാവനയായി നൽകുന്നതിന് തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അനുവാദം തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങിയിരിക്കേണ്ടതാണ്. ഖണ്ഡിക 7 (ബി) ഐറ്റം v, vi എന്നിവയ്ക്ക് നൽകുന്ന സംഭാവനകൾ മുൻകൂറായി നല്കാൻ പാടില്ലാത്തതും പരിപാടികൾ കഴിഞ്ഞശേഷം സംഘടനകൾ സമർപ്പിക്കുന്ന

വരവ് ചെലവുകണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധനക്ക് വിധേയമാക്കിയ ശേഷം ആവശ്യമെങ്കിൽ മാത്രം നൽകേണ്ടതുമാണ്.

8. മേൽപറഞ്ഞ അസാധാരണ ചെലവുകളിൽ ഓരോ ഇനത്തിനും പ്രതിവർഷം ചെലവാക്കേണ്ട തുക, ആകെ വാർഷിക പരിധിക്ക് വിധേയമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി നിശ്ചയിക്കേണ്ടതും ബഡ്ജറ്റിൽ ഓരോ ഇനത്തിനും ആവശ്യമായ തുക പ്രത്യേകം പ്രത്യേകം വകകൊള്ളിക്കേണ്ടതുമാണ്. ബഡ്ജറ്റിൽ വകകൊള്ളിക്കാതെ ഇത്തരത്തിലുള്ള യാതൊരു അസാധാരണ ചെലവും ചെയ്യുവാൻ പാടുള്ളതല്ല.

9. അസാധാരണ ചെലവുകൾക്കായി ഖണ്ഡിക 6 ൽ ശുപാർശ ചെയ്തിട്ടുള്ള തുക സ.ഉ (പി) നമ്പർ 247/2000/തസ്വഭവ തീയതി 30.08.2000, സ.ഉ (സാധാ) നമ്പർ 1255/2022/തസ്വഭവ തീയതി 19.05.2022, സ.ഉ (സാധാ) നമ്പർ 1745/2022/തസ്വഭവ തീയതി 21.07.2022, സ.ഉ (സാധാ) നമ്പർ 1052/2023/തസ്വഭവ തീയതി 17.05.2023, സ.ഉ (സാധാ) നമ്പർ 1640/2023/തസ്വഭവ തീയതി 11.08.2023 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിയ തുകകൾ കൂടി ഉൾക്കൊള്ളിച്ച് ശുപാർശ ചെയ്തിരിക്കുന്നതാണ്. അതിനാൽ പ്രസ്തുത ഉത്തരവുകൾ തുടർന്ന് നിലനിർത്തേണ്ടതില്ല. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും തനത് ഫണ്ട് വളരെ പരിമിതമായതിനാലും സർക്കാർ നൽകുന്ന പൊതു ആവശ്യഗ്രാന്റ് ഇത്തരം പ്രവർത്തനങ്ങൾക്ക് അധികമായി ഉപയോഗിക്കാതിരിക്കുന്നതിനും വേണ്ടിയാണ് ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും അസാധാരണ ചെലവ് പരിധി മറ്റുള്ളവയെക്കാൾ കുറഞ്ഞതായി ശുപാർശ ചെയ്തിട്ടുള്ളത്.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിയുന്നിടത്തോളം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ സ്വരൂപിച്ചും സ്പോൺസർഷിപ്പുകൾ വഴിയും അസാധാരണ ചെലവുകൾക്കുള്ള തുക കണ്ടെത്തേണ്ടതും തനത് ഫണ്ടിൽ/പൊതു ആവശ്യഗ്രാന്റിൽ നിന്നുള്ള അസാധാരണ ചെലവുകൾ പരമാവധി കുറയ്ക്കേണ്ടതുമാണ്.

11. സംഘടനകളും മറ്റും നടത്തുന്ന ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം/സംഭാവനകൾ നൽകുവാൻ പാടുള്ളതല്ല. കൂടാതെ ഖണ്ഡിക 7 ൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത പരിപാടികൾ നടത്തുന്നതിനോ അവയ്ക്കായി സംഭാവനകൾ നൽകുന്നതിനോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവാദം നൽകേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നു.

**7. കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗം**

**ഖണ്ഡിക 3.5**

**തനതുഫണ്ടുപയോഗിച്ചുള്ള പ്രോജക്ടുകൾ**

സംസ്ഥാന സർക്കാർ ഫണ്ട് ഡെവല്യൂഷന്റെ ഭാഗമായി നൽകുന്ന വിഹിതമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന വിഭവസ്രോതസ്സ്. ഇതിനു പുറമെ തനത് ഫണ്ട് ഉപയോഗിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾ വികസനക്ഷേമ പ്രവർത്തനത്തിന് പ്രോജക്ടുകൾ ഏറ്റെടുക്കാറുണ്ട്. പ്രോജക്ടുകൾ തയ്യാറാക്കുന്നത് ഐ.കെ.എം ന്റെ സുലേഖ സോഫ്റ്റ് വെയറിലൂടെയാണ്. ഓരോ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനും പ്രത്യേക ക്രമീകരണം ചെയ്ത് കൊണ്ട് സുലേഖ സോഫ്റ്റ് വെയർ എനേബിൾ ചെയ്യുമ്പോൾ മാത്രമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലെ പ്രോജക്ടിൽ ഭേദഗതി വരുത്താനോ പുതിയ പ്രോജക്ടുകൾ കൂട്ടിച്ചേർക്കാനോ കഴിയൂ.

എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് നിയന്ത്രണമില്ലാതെ ഏതു സമയത്തും പുതിയ പ്രോജക്ട് തയ്യാറാക്കാനോ പ്രോജക്ട് ഭേദഗതി വരുത്താനോ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്ന ആവശ്യമുണ്ട്.

നിലവിൽ തനത് ഫണ്ടിന്റെ 25 ശതമാനം വരെ സ്വന്തം നിലയിൽ ഉപയോഗിക്കാനുള്ള അനുമതി ഉണ്ട്. എന്നാൽ ഇതിനുള്ള സൗകര്യം സുലേഖയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. അടിയന്തിര പ്രോജക്ടുകൾക്ക് സ്വതന്ത്രമായി തുക ചെലവഴിക്കാനുള്ള സൗകര്യവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്

ഐ.കെ.എം.മായും മറ്റ തലത്തിലും വിശദമായി ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

ഇപ്പോഴത്തെ സ്റ്റാറ്റസ് :- ഇതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്.

## റിപ്പോർട്ട് ലഭിക്കാത്തവ

**2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

6

**2.1 ഖണ്ഡിക 4.23**
**പുറമേരി ഗ്രാമപഞ്ചായത്ത്**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 - CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 - 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

05.12.2024- ലെ തീരുമാനം :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01. 2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

7

**2.2 ഖണ്ഡിക 3.1**
**സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022-41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണമെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021-2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

8

**2.2 ഖണ്ഡിക 4.10**
**മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ) ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 'ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി' എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം:-</u> ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവനയിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

9

**<u>2.4കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**
**2.4 ഖണ്ഡിക 4.3**
**<u>പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്</u>**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024-ലെ 5-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/5/25 – CC/106/24)

വിഷയം:- വനിതാ SHG കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഷെഡ് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 135/24 | *അടങ്കൽ* | *6,65,246 രൂപ (എസ്.സി.പി)* |
| *പേര്* | വനിതാ SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം – അംബേദ്കർ മെമ്മോറിയൽ – പഴയന്നൂർ | |

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണസംഘത്തിന് ഷെഡ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. മാർഗ്ഗരേഖ പ്രകാരം നിർമ്മാണ ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത്. നിലവിൽ 277 അംഗങ്ങളുള്ള സംഘത്തിൽ മുഴുവൻ പട്ടികജാതി വിഭാഗക്കാരാണ്. മുൻപ് സംഘത്തിലെ കലാകാരന്മാർ കലാപരിപാടികൾ നടത്തുന്നുണ്ടായിരുന്നു. ഇപ്പോൾ കലാ പരിപാടികൾ നടത്തുന്നില്ല. വാദ്യോപകരണങ്ങൾ, പവർ ടൂൾസ് എന്നിവ വാടകയ്ക്ക് നൽകുകയാണ് സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന സ്രോതസ്സ്. 2022-23 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നാണ്ടിൽ 30,248 രൂപ നഷ്ടവും ആകെ നഷ്ടം 12,35,282 രൂപയുമാണ്. ഈ സാഹചര്യത്തിൽ ഷെഡു നിർമ്മാണത്തിന് സംഘത്തിന് ധനസഹായം നല്കാൻ സാധിക്കില്ല. എങ്കിൽ കൂടി 50 ശതമാനം തുക സംഘം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ തുക നൽകണമെന്നതു സംബന്ധിച്ച്

<u>24.04.2025-ലെ തീരുമാനം :-</u>

1) ആവശ്യം പരിഗണിച്ചില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്ന് സംഘത്തിന് പ്രത്യേകം ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്
2) ഈ കെട്ടിടത്തിൽ തൊഴിൽ പരിശീലനം, മറ്റു വരുമാനദായക പ്രവൃത്തികൾ എന്നിവ ആരംഭിച്ച് സംഘം ലാഭത്തിലാക്കാനുള്ള മറ്റു പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഇതു നൽകുന്ന മുറയക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.7**
**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

10

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/94/25 – CC/20/25)

വിഷയം:- സ്കൂൾ കുട്ടികൾ മുഖേന വിതരണം ചെയ്യുന്ന കോഴികുഞ്ഞുങ്ങൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 63/25 | അടങ്കൽ | 3,25,000 രൂപ<br>വികസനഫണ്ട് ജനറൽ – 1,62,500 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം 1,62,500 രൂപ |
| പേര് | സ്കൂൾ പൗൾട്രി ക്ലബ് – ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ 50 കുട്ടികൾക്ക് 46–50 ദിവസം പ്രായമായ 5 കോഴികളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. 50 ശതമാനം വീതം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വഹിക്കും. 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപയാണ് മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു ( Rs.120 x5 Nos.). എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോഴിയുടെ വില 120 രൂപയിൽ നിന്ന് 130 രൂപയായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023–ലെ യോഗം വർദ്ധിപ്പിച്ചു. എന്നാൽ അധികമായി വരുന്ന 10 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ഒരു കോഴിയുടെ വില 130 രൂപയാണ്. ഈ സാഹചര്യം പരിഗണിച്ച് സ്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെ (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 10 രൂപ ഉൾപ്പെടെ) നൽകാൻ അനുമതി സംബന്ധിച്ച്

<u>24.04.2025 –ലെ തീരുമാനം</u> :–കോഴികളെ സ്കൂൾ കുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം കൂടി തേടി പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പൊതു വിദ്യാഭ്യസ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

2.4 ഖണ്ഡിക 4.31 ലെ ഇനം നമ്പർ 2 (കൂത്തുപറമ്പ് നഗരസഭയുടെ ആവശ്യം പരിഗണിച്ചപ്പോൾ എടുത്ത തീരുമാനം)

1) സംസ്ഥാനത്തെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് 24.06.2025 ന് നൽകി.

**<u>24.06.2025 ന ൽകിയ റിപ്പോർട്ട്:</u>–** സംസ്ഥാനത്ത് നിലവിൽ 104 ഡയാലിസിസ് യൂണിറ്റുകളാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്. വിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, ചില കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു.എല്ലാ സെന്ററുകളിലും ആശുപത്രി വികസന സമിതിയുടെ മേൽനോട്ടത്തിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. ജനറൽ വിഭാഗത്തിന് ഒരു നിരക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്ക് കുറഞ്ഞ നിരക്കിലുമാണ് എല്ലാ യൂണിറ്റുകളിലും ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ അതിദരിദ്രരായ രോഗികൾക്ക് ആശുപത്രി സൂപ്രണ്ടിന്റേയോ, വികസന സമിതിയുടെയോ നിർദ്ദേശ പ്രകാരം സൗജന്യമായി ഡയാലിസിസ് സേവനം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിലൂടെ അവരുടെ സേവന പരിധിയിൽ വരുന്ന രോഗികൾക്ക് ഡയാലിസിസിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. എന്നാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരം ധനസഹായം നൽകുന്നില്ല. **സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ 32 ഇടങ്ങളിൽ ഡയാലിസിസ് സംവിധാനം പ്രവർത്തിക്കുന്നില്ല. ഇവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.**

ആരോഗ്യ വകുപ്പിന് കീഴിലെ ഡയാലിസിസ് യൂണിറ്റുകളുടെ വിവരം

| | | | |
|---|---|---|---|
| 1 | GH TR VANDRUM | 53 | THQH CHAVAKAD |
| 2 | GH NEYYATTINKARA | 54 | THQH KUNNAMKU AM |
| 3 | DH NEDUMANGAD | 55 | TH PUDUKKAD |
| 4 | TH ATTINGAL | 56 | DH WADAK NCH RY |
| 5 | TH FORT,TRIVANDRUM | 57 | CHC MALA |
| 6 | THQH CHIRAYENKEEZH | 58 | TH CHELAKARA |
| 7 | THQH PARASSALA | 59 | CHC THOLUR |
| 8 | DMH PEROORKADA | 60 | CHC SHORANUR |
| 9 | TH VARKKALA | 61 | THQH ALATHUR |
| 10 | THQH MALAYANKEEZH | 62 | ATTSH KOTTATHARA |
| 11 | TH VITHURA | 63 | DH PALAKKAD |
| 12 | DH KOLLAM | 64 | THQH OTTAPALAM |
| 13 | THQH PUNALUR | 65 | THQH CHITTUR |

| | | | |
|---|---|---|---|
| 14 | THQH KARUNAGAPALLY | 66 | THQH MANNARKADU |
| 15 | THQH SASTHAMKOTTA | 67 | CHC CHALISHERRY |
| 16 | TH NEENDAKARA | 68 | DH NILAMBUR |
| 17 | TH NEDUNGOLAM | 69 | DH PERINTHALMANNA |
| 18 | THQH KOTTARAKKARA | 70 | DH TIRUR |
| 19 | THQH KADAKKAL | 71 | THQH THIRURANGADI |
| 20 | DH KOZHENCHERY | 72 | THQH PONNANI |
| 21 | GH PATHANAMTHITTA | 73 | CHC CHUNKATHARA |
| 22 | GH ADOOR | 74 | CHC MARAMCHERI |
| 23 | THQH THIRUVALLA | 75 | TH PERAMBRA |
| 24 | THQH RANNY | 76 | DH VADAKARA |
| 25 | GH ALAPPUZHA | 77 | TH TAMRASHERRY |
| 26 | DH MAVELIKARA | 78 | TH FERROKE |
| 27 | THQH CHERTHALA | 79 | TH BALUSHERRY |
| 28 | THQH HARIPAD | 80 | THQH KOYILANDI |
| 29 | THQH KAYAMKULAM | 81 | TH KUTTIYADI |
| 30 | TH THURAVOOR | 82 | DH MANATHAWADY |
| 31 | GH KOTTAYAM | 83 | THQH VAITHIRI |
| 32 | GH PALA | 84 | CHC PANAMARAM |
| 33 | THQH VAIKOM | 85 | THQH S BATHERY |
| 34 | PHC ERATTUPETTA | 86 | CHC NALLOOMADU |
| 35 | KRNMSHOSPITAL, UZHAVOOR | 87 | DH KANNUR |
| 36 | DH THODUPUZHA | 88 | DH THALASHERRY |
| 37 | DH IDUKKI | 89 | URBAN DIALYSIS CENTER, MATTANUR |
| 38 | TH KATTAPPANA | 90 | TH KOOTHUPARAMBU |
| 39 | THQH ADIMALY | 91 | TH PAYANGADI |
| 40 | GH ERNAKULAM | 92 | THQH THALIPARAMBU |
| 41 | DH ALUVA | 93 | TH PERAVUR |
| 42 | THQH PERUMBAVOOR | 94 | TH IRATTY |
| 43 | THQH FORT KOCHI | 95 | URBAN DIALYSIS CENTER, IDAKADU |
| 44 | HQH N PARVUR | 96 | TH PAYYANUR |
| 45 | THQH PIRAVOM | 97 | GH KASARGODE |
| 46 | GH MUVATUPUZHA | 98 | DH KANHANGAD |
| 47 | THQH TRIPUNITURA | 99 | TH THRIKARIPOOR |
| 48 | TH ANGAMALY | 100 | TH MANGALAPADY |
| 49 | TH PALLURUTHY | 101 | CHC PERIYA |
| 50 | THQH KODUNGALUR | 102 | TH NEELESHWAR |
| 51 | GH THRISSUR | 103 | TH POODAMKALLU |
| 52 | THQH CHALAKUDY | 104 | CMC MULIYUR |

**24.06.2025 ലെ തീരുമാനം :-** ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡയാലിസിസ് സെന്ററുകളുടെ വിവരം മാത്രമാണ് നൽകിയിട്ടുള്ളത്. എന്നാൽ ചാരിറ്റബിൾ സൊസൈറ്റി, മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡയാലിസിസ് സെന്റർ നടത്തുന്നുണ്ട്. ഈ വിവരങ്ങൾ കൂടി ശേഖരിച്ച് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.4 ഖണ്ഡിക 4.47**

11

**<u>മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)</u>**
കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2024-ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1126/24 – CC/743/2024)

| | |
|---|---|
| വിഷയം:- | മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്. |

മണിയൂർ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിലുള്ള ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ 11.07.2022-ലെ 1646/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ നൽകിയ പ്രതിമാസ വാടക 15,766 രൂപയാണ്. ഇതേ നിരക്കിൽ 2023-24 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും വാടക നൽകാൻ അനുമതി സംബന്ധിച്ച്.

<u>24.04.2025-ലെ തീരുമാനം</u> :-വ്യാവസായിക പരിശീലന വകുപ്പിന്റെ അഭിപ്രായം തേടി പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (എഫ്.എം/ആർ.സി) വകുപ്പ് |

12

**2.5 <u>ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ന കൂടിയ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.5 (1) (പദ്ധതി അവലോകനം)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25-ലെ പദ്ധതി പുരോഗതി അവലോകനം ചെയ്യവേ താഴെപ്പറയുന്നവ പ്രത്യേകം പരിശോധിക്കാനും ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

(i) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഘടക പദ്ധതി ( SCP) പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ചെലവ് ശതമാനം പൊതുവിഭാഗം ചെലവിനേക്കാൾ കുറവാണ്. ഇത് പ്രത്യേകമായി പരിശോധിച്ച് കാരണം കണ്ടെത്തണം. ഒപ്പം SCP, TSP ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിക്കണം.

(ii) തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞ വർഷം TSP വിഹിതമായി ലഭിച്ച തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അതുപോലെ മറ്റു കോർപ്പറേഷനുകളിലും TSP വിഹിതത്തിന്റെ ചെലവ് വളരെ കുറവാണ്. ഇത് പ്രത്യേകം പരിശോധിക്കണം.

(iii) തിരുവനന്തപുരം കോർപ്പറേഷനിൽ TSP വിഹിതം ചെലവഴിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ബുദ്ധിമുട്ടുണ്ട് എന്ന് മുൻപ് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയിരുന്നു. ഇതിന് പരിഹാരമെന്നോണം TSP ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്ന ഹോസ്റ്റൽ പോലുള്ള സൗകര്യമൊരുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നതാണ്. ഇതിന്മേൽ കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ സംബന്ധിച്ച് പരിശോധിക്കണം. മറ്റു നഗരസഭാ സ്ഥാപനങ്ങളിലും TSP വിഹിതത്തിന്റെ ചെലവ് കുറവായതിനാൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**13**

**2.5 ഖണ്ഡിക 3.5**

**കൃഷി ഫാമുകൾ**

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൃഷി ഫാമുകൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയ കൃഷി ഫാമുകളുടെ വിവരങ്ങൾ ശേഖരിച്ച നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഫാമിന്റെ സ്വഭാവമെന്താണ്, വിസ്തീർണ്ണമെത്രയുണ്ട്, ഇതിൽ നിന്നുള്ള വാർഷിക വരുമാനമെത്രയാണ്, വാർഷിക വരുമാനം എങ്ങനെ വിനിയോഗിക്കുന്നു, ഫാമിനു വേണ്ടി ജില്ലാ പഞ്ചായത്ത് ഓരോ വർഷവും ശരാശരി നീക്കി വയ്ക്കുന്ന വിഹിതം എത്രയാണ് എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**14**

**2.5 ഖണ്ഡിക 4.47**

**മൃഗസംരക്ഷണ വകുപ്പ്**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18.02.2025-ലെ AHD/814/2025 - E2 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ 4.85 -ാം നമ്പർ തീരുമാനവും (SRG/216/25)

വിഷയം:- ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 23.08.2022-ലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കളെ പിടികൂടി സെന്ററിൽ എത്തിച്ച് സർജറിക്കുശേഷം പിടികൂടിയ സ്ഥലത്ത് തിരികെ വിടുന്നതിന് 300 രൂപ ഡോഗ് കാച്ചേഴ്സിന് നൽകാം. ഇതിന് പുറമെ വാഹന കൂലി ഇനത്തിൽ 200 രൂപയും നൽകാം. എന്നാൽ ABC സെന്ററുമായുള്ള ദൂരം കൂടുതലായതിനാലും ഉയർന്ന വാടക കാരണവും ഡോഗ് കാച്ചർമാർ ജോലിയിൽ നിന്നു വിട്ടു നിൽക്കുന്നു. അതിനാൽ ABC കേന്ദ്രം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ നിന്ന് നായയെ പിടിക്കുമ്പോൾ വാഹന കൂലി 200 രൂപയായി നിലനിർത്തി മറ്റു ഗ്രാമപഞ്ചായത്ത്/ നഗരസഭയിൽ പോയി നായയെ പിടിക്കുന്നതിന് വാഹനകൂലി 400 രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

24.06.2025-ലെ തീരുമാനം:- വാഹനകൂലി കിലോ മീറ്ററിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് സ്ലാബ് നിശ്ചയിച്ചു നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**15**

**2.5 ഖണ്ഡിക 4.52**

**തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.03.2025, 20.02.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2024-ലെ 2(11)-ാം നമ്പർ തീരുമാനവും (SRG/264/25 - cc/77/2025)

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അപ്രന്റീസ്ഷിപ്പ് സ്റ്റൈപന്റ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്. യോഗ്യത അനുസരിച്ച് രണ്ട്

വർഷക്കാലത്തേയ്ക്ക് ജില്ലാപഞ്ചായത്തിലേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് തൊഴിൽ പരിചയം നേടുന്നതിന് ഇവരെ നിയോഗിക്കാവുന്നത്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെപറയുന്ന നിരക്കിൽ ഇവർക്ക് സ്റ്റൈപന്റ് നല്കാം. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഓണറേറിയം പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റിനേക്കാൾ കുറവായതിനാൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കുന്നില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് ഏകീകരിക്കണമെന്നതു സംബന്ധിച്ച് .സ്റ്റൈപന്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | യോഗ്യത | തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് | പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റ് |
|---|---|---|---|
| 1 | BSC നേഴ്സിംഗ് (അലോപ്പതി, ആയുർവേദം) | 10,000 | 18,000 |
| 2 | ജനറൽ നേഴ്സിംഗ് | 8,000 | 15,000 |
| 3 | M LT, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8,000 | 12,000 |
| 4 | എഞ്ചിനീയറിംഗ് | 10,000 | 18,000 |
| 5 | പോളിടെക്നിക്ക് (ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ് ) | 8,000 | 15,000 |
| 6 | ITI | 7,000 | 10,000 |
| 7 | അംഗീകൃത തെറാപ്പിസ്റ്റുകൾ | 10,000 | -- |
| 8 | DMLT – D ഫാം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 7,000 | 12,000 |
| 9 | സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ് | 7,000 | -- |

24.06.2025-ലെ തീരുമാനം:- പട്ടികജാതി വികസന വകുപ്പിന്റെ ഇതു സംബന്ധിച്ച ഉത്തരവു സഹിതം ഇതിന്മേൽ റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

16

**3. പൊതുവിഷയം** (പിന്നീട് നൽകുന്നതാണ് )

17

**4. പ്രത്യേക വിഷയം**

**4.1 അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീട് അറ്റകുറ്റപ്പണി**

സർക്കാരിന്റെ 01.04.2025-ലെ IA1/74/2025/തസ്വഭവ നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.03.2025-ലെ LSGD/PD/59814/2023 – EPEP1 നമ്പർ കത്തും സർക്കാർ ഫയലും (SRG/340/25 – LSGD – IA1/74/2025 – LSGD)

വിഷയം:- അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിന് വീടിന്റെ കാലപ്പഴക്കത്തിൽ ഇളവ് നൽകണമെന്നതു സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ ധനസഹായത്തോടെ നിർമ്മിച്ച വീട് ആണെങ്കിൽ ധനസഹായം സ്വീകരിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞതിനുശേഷം മാത്രമേ മാർഗ്ഗരേഖ പ്രകാരം വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ കഴിയൂ. ഈ നിബന്ധന നിലനിൽക്കുന്നതിനാൽ കാലപ്പഴക്കമില്ലെങ്കിലും അതീവശോചനീയ

അവസ്ഥയില്ലുള്ള വീട്ടുകൾക്ക് ധനസഹായം നൽകാൻ കഴിയുന്നില്ല. അതിനാൽ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുമ്പോൾ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിയണമെന്നത് 5 വർഷമായി കുറവ് ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം അറ്റകുറ്റപ്പണി ആവശ്യമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഭവന പുനരുദ്ധാരണം 8 വർഷം കാലപ്പഴക്കമില്ലെങ്കിലും ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾ**

| ക്രമ നം | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ പേര് | തദ്ദേശ സ്ഥാപന തരം | ഗുണഭോക്താവിന്റെ പേര് | EPIP ID | വീടിന്റെ കാലപ്പഴക്കം | നിലവിലെ സ്ഥിതി | റിമാർക്ക്സ് | *മൈക്രോ പ്ലാനിൽ ഭവന പുനരുദ്ധാരണം ഉൾപ്പെട്ടിട്ടുണ്ടോ?* | *എന്ത് പുനരുദ്ധാരണം ആണ് ആവശ്യമുള്ളത്* |
|---|---|---|---|---|---|---|---|---|---|---|
| 1 | പത്തനംതിട്ട | മലയാലപ്പുഴ | GP | സുരേഷ് കുമാർ | 25256 | 6 മാസം | ചെങ്കുളം ക്വാറി ഗ്രൂപ്പ് 2018ൽ വീട് വച്ചുനൽകി. എന്നാൽ വീട്ടുനമ്പർ ലഭിച്ചിട് 6 മാസം മാത്രമാണ് ആയിട്ടുള്ളത്. പണികൾ ഒന്നും പൂർത്തിയാവാത്ത അവസ്ഥയാണ് ഉള്ളത്.ഭവന പുനരുദ്ധാരണം ആവശ്യമായ ഗുണഭോക്താവാണ്. | PARKED | ഉണ്ട് | വീട് അകവും പുറവും തേയ്ക്കാനുണ്ട്.പരുക്കനിട്ട തറയാണ്. ജനൽ പാളികളുടെ പണി പൂർത്തീകരിച്ചിട്ടില്ല. |
| 2 | കോട്ടയം | Neendoor | GP | THANKAMANI GIREESH | 2077 | 5 | സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കിയ വീടിനു അറ്റകുറ്റപ്പണി നടത്തൽ | 21/06/2025 | NO | പുറം അകം ഭിത്തികൾക്ക് തേപ്പ്,തറ ടൈൽ ഇടണം, ചോർച്ച എടക്കൽ, ബാത്രൂം അറ്റകുറ്റപ്പണി |
| 3 | ഇടുക്കി | കാഞ്ചിയാർ | GP | ഓമന കൃഷ്ണൻകുട്ടി | 23715 | 6 വർഷം | വീടിൻറെ പുറം ഭിത്തി തേച്ചിട്ടില്ല, തറ പൂർത്തീകരിച്ചിട്ടില്ല |  | ഉണ്ട് | വീടിന്റെ പുറം ഭിത്തി തേയ്ക്കണം. തറ കോൺക്രീറ്റ് ആണ്, തറയുടെ ബാക്കിയുള്ള പണികൾ പൂർത്തീകരിക്കണം. |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 4 | എറണാകുളം | പൈങ്ങോട്ടൂർ | GP | ഏലിക്കുട്ടി ജോസഫ് | 62067 | 6 YEAR | ജനൽ പാളികൾ ഇല്ല | | ഉണ്ട് | വീട് പുനരുദ്ധാരണത്തിൽ വീടിന് കതക്, ജനൽ പാളികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| 5 | എറണാകുളം | ചിറ്റാറ്റുകര | GP | ബാബു കൊച്ചുതറ | 45281 | 7 YEAR | വീട് പ്ലാസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല | | ഉണ്ട് | മൈക്രോപ്ലാനിൽ വീട് പുനരുദ്ധാരണത്തിൽ വീടിന് പ്ലാസ്റ്ററിംഗ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| 6 | തൃശ്ശൂർ | വല്ലച്ചിറ | GP | ചന്ദ്രൻ | 4221 | 5 വർഷം | അറ്റകുറ്റ പണി ആവശ്യമുള്ള കോൺക്രീറ്റ് വീട് | | ഉണ്ട് | വീടിൻറെ മുൻഭാഗത്തെ ചുമരിൽ ഒരു വിള്ളൽ ഉണ്ട്.അത് പരിഹരിക്കാനായിട്ടാണ് ക്ലേശഘടകമായി "അറ്റ കുറ്റപണി" ഉൾപ്പെടുത്തിയത് . |
| 7 | പാലക്കാട് | അലനല്ലൂർ | GP | കല്ല്യാണി | 28541 | 6 | റിപ്പയർ ആവശ്യമുള്ള വീട് | | ഉണ്ട് | മേൽക്കൂരക്കും ഭിത്തിക്കും ബലക്ഷയമുണ്ട്. വീടിന് മൊത്തമായി റിപ്പയർ ആവശ്യമുണ്ട്. |
| 8 | പാലക്കാട് | അലനല്ലൂർ | GP | വെളുത്തക്കി | 80605 | 6 | റിപ്പയർ ആവശ്യമുള്ള വീട് | | ഇല്ല | ശൗചാലയവും മേൽക്കൂരയും പുനരുദ്ധരിക്കേണ്ടതാണ്. |
| 9 | പാലക്കാട് | അലനല്ലൂർ | GP | യക്കി ഇട്ടിലാക്കളം | 80910 | 6 | റിപ്പയർ ആവശ്യമുള്ള വീട് | | ഉണ്ട് | ശൗചാലയവും മേൽക്കൂരയും പുനരുദ്ധരിക്കേണ്ടതാണ്. |
| 10 | പാലക്കാട് | വടക്കഞ്ചേരി | GP | കുഞ്ഞമ്മാൾ | 61872 | 6 | റിപ്പയർ ആവശ്യമുള്ള വീട് | | ഉണ്ട് | പ്രളയ സമയത് നൽകിയ വീടാണ് (Re build Kerala). മഴക്കാലത്ത ചോർച്ച വളരെ അധികം ആയതിനാൽ പുനരുദ്ധാരണം അത്യാവശ്യം ആണ്. |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 11 | മലപ്പുറം | പൊന്നാനി | GP | വിശ്വനാഥൻ വള്ളോംപറമ്പിൽ | 53400 | നഗരസഭാ രേഖകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വീടാണ് | ചോർച്ചയുള്ള ഷീറ്റ് | പുനരുദ്ധാരണം ആവശ്യമായ സാഹചര്യമാണ് | ഉണ്ട് | മേൽക്കൂരയും വാതിലും |
| 12 | കോഴിക്കോട് | ബാലുശ്ശേരി | GP | ബിന്ദു | 60845 | 1 | flooring, plastering,wiring, windows work pending | | Yes | flooring, plastering,wiring, windows work pending |
| 13 | കോഴിക്കോട് | perambra | GP | Gopalan | 64449 | 7 | Plastering,Flooring | | Yes | Plastering,Flooring |
| 14 | കോഴിക്കോട് | Thurayur | GP | Narayani raghavan | 59060 | 6 | Plastering,Flooring | not included in micro plan, single member | No | Plastering,Flooring |
| 15 | കോഴിക്കോട് | purameri | GP | satheesan | 55431 | 6 | ,roof ,plastering,floor | 45831 | Yes | ,roof ,plastering,floor |
| 16 | കോഴിക്കോട് | koodaranhi | GP | unnikrishnan | 65524 | 5 | roof without plastering and flooring | 45831 | Yes | roof without plastering and flooring |
| 17 | കോഴിക്കോട് | koyilandy | Munpty | Madhavi | 28463 | 6 | bathroom,plastering, windows | | Yes | bathroom,plastering, windows |
| 18 | kozhikode | koyilandy | Munpty | Arjunan | 70974 | 4 | Plastering,Flooring window | most eligible SC hilly area | Yes | Plastering,Flooring window |
| 19 | kozhikode | mukkam | Munpty | Rajan Nair | 20340 | 6 years | Flooring,plastering,Doors,windows, | | Yes | Flooring,plastering,Doors,windows, |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 20 | വയനാട് | കണിയാമ്പറ്റ | GP | സുബൈദ, മംഗലശേരി | 30033 | 7വർഷം | ജില്ലാപഞ്ചായത്ത് മുഖേന ലഭിച്ച വീടാണ്. റിപ്പയര് ആവശ്യമാണ് | | ഉണ്ട് | വീടിൻ്റെ തേപ്പ്, ടൈൽസ് പാകൽ എന്നിവ |
| 21 | വയനാട് | എടവക | GP | സൂപ്പി കുനിയില് | 69847 | 5 വര്ഷം | ലൈഫ് ഭവനപദ്ധതിയില് അനുവദിച്ച വീടാണ് | | ഉണ്ട് | വീടിന്റെ തേപ്പ് , നിലം , അടുപ്പ് , ജനൽ , വാതിൽ തുടങ്ങി ഫിനിഷിങ് ജോലികൾ എല്ലാം ചെയ്യാനുണ്ട് |
| 22 | വയനാട് | പടിഞ്ഞാറത്തറ | GP | രാജമ്മ മരങ്ങോട്ടിൽ | 336619 | 6 വർഷം | ലൈഫ് ഭവന പദ്ധതിയിൽ അനുവദിച്ച വീടാണ്. റിപ്പയർ ആവശ്യമാണ് | | ഉണ്ട് | വീടിന്റെ ചോർച്ച മാറ്റാൻ |
| 23 | വയനാട് | പടിഞ്ഞാറത്തറ | GP | ത്രേസ്യ ഉരുത്തിപ്പള്ളിയിൽ | 229286 | 7 വർഷം | ലൈഫ് ഭവന പദ്ധതിയിൽ അനുവദിച്ച വീടാണ്. റിപ്പയർ ആവശ്യമാണ് | | ഉണ്ട് | വീടിന്റെ ചോർച്ച മാറ്റാൻ |

18

### 4.2 അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.06.2025-ലെ കത്തും അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2025-ലെ A2 - 3515/2021-ാം നമ്പർ കത്തും (SRG/508/25 - CC/280/2025)

വിഷയം:- അതിദരിദ്ര കുടുംബത്തിന് കൗഡംഗ് ഡി വാട്ടറിംഗ് മെഷീൻ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോനം.232/26 | അടങ്കൽ | 4,00,000 രൂപ (വികസനഫണ്ട് - ജനറൽ) |
| പേര് | അതിദരിദ്രരുടെ അതിജീവനം - ഉപജീവനമാർഗ്ഗം ഉൾപ്പെടുത്തൽ | |

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ശ്രീ.പ്രസന്നൻ നായർ, ശ്രീനിലയം അതിദരിദ്ര ലിസ്റ്റിൽപ്പെട്ടിരുന്നു (EPIP 21563). ക്യാൻസർ ബാധിതനായിരുന്ന ഈ വ്യക്തി മരണപ്പെട്ടു. ഈ വ്യക്തിയുടെ ഭാര്യ ശ്രീമതി അനിതയും കുടുംബവും അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഇവർ ഭവനത്തോട് ചേർന്ന് തൊഴുത്ത് നിർമ്മിച്ച് പശുക്കളെ വളർത്തിയാണ് വരുമാനമാർഗ്ഗം കണ്ടെത്തുന്നത്. സ്ഥലപരിമിതി മൂലം തൊഴുത്ത് സ്ഥാപിച്ചിരിക്കുന്നത് പാറയുള്ള സ്ഥലത്താണ്. ഇവിടെ ചാണകക്കുഴിയും, മൂത്രത്തൊട്ടിയും നിർമ്മിക്കുക സാധ്യമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ സമീപവാസിയുടെ സ്ഥലത്തേയ്ക്ക് ചാണകവും മൂത്രവും ഒഴുകുന്നു. ഇതു സംബന്ധിച്ച് സമീപവാസിയുടെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ കൗഡംഗ് ഡീ വാട്ടർ ചെയ്ത് 80 ശതമാനം ഉണക്കി ലഭിക്കുന്ന മെഷീൻ (ഇടത്തരം) 100 ശതമാനം സബ്സിഡിയോടെ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 3 കുതിര ശക്തിയുള്ള മെഷീന് 2.25 ലക്ഷം രൂപയാണ് മാർക്കറ്റ് വില.

19

### 4.3 പള്ളിക്കര ഗ്രാമപഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.2025-ലെ കത്തും പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.02.2025-ലെ 16-ാം നമ്പർ തീരുമാനവും (SRG/294/25 – CC/137/25)

വിഷയം:- അതിദരിദ്ര ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 402/25 | അടങ്കൽ | 4,00,000 രൂപ |
| പുതിയ പ്രോ.നം.224/26 | | (തനത് ഫണ്ട് – 2,00,000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1,50,000 രൂപ<br>കുടുംബശ്രീ വിഹിതം – 50,000 രൂപ |
| പേര് | അതിദാരിദ്ര്യ നിർമ്മാർജ്ജനം – ഉപജീവനമാർഗ്ഗം ഒരുക്കൽ | |

പള്ളിക്കര ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽപ്പെട്ട ശ്രീ.അബ്ദുൾ റഹ് മാൻ, ബേക്കറീസ് അപ്പാർട്ട്മെന്റ് പള്ളിക്കര എന്ന വ്യക്തി (EPEP No. 23918) അർബുദ രോഗ ബാധിതനാണ്. ഈ വ്യക്തിയുടെ ഉപജീവനത്തിന് ഓട്ടോറിക്ഷ വാങ്ങി നൽകാൻ 2024-25 വർഷം പ്രോജക്ട് എടുത്തിരുന്നു. ഇത് 2025-26-ൽ സ്പിൽഓവറായി തുടരുന്നു.

ഈ കുടുംബത്തിന് ഗുണഭോക്തൃ വിഹിതം കണ്ടെത്താനോ ബാങ്ക് വായ്പ ലഭ്യമാക്കാനോ കഴിയില്ല. അതിനാൽ ഈ ഗുണഭോക്താവിന് 100 ശതമാനം സബ്സിഡിയോടെ ഓട്ടോറിക്ഷ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

20

### 4.4 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2025-ലെ കത്ത് (SRG/577/25 - CC/290/2025)

വിഷയം:- ചെലവഴിക്കപ്പെടാതെ കിടക്കുന്ന IAY വിഹിതം PMAY(G) ക്കു വേണ്ടി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായും സംസ്ഥാന സർക്കാർ വിഹിതമായും ലഭിച്ചതിൽ 2,13,10,181 രൂപ ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്. ഈ തുക സൗത്ത് ഇന്ത്യൻ ബാങ്ക്, കൊല്ലങ്കോട്, പഞ്ചാബ് നാഷണൽ ബാങ്ക് കൊല്ലങ്കോട്, കൊല്ലങ്കോട് സബ്ട്രഷറി എന്നിവിടങ്ങളിലായി സൂക്ഷിച്ചിട്ടുണ്ട്. ഐ.എ.വൈ. പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക PMAY ക്ക് ഉപയോഗിക്കാൻ 11.01.2021-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ SCP, TSP, ജനറൽ വിഹിതം എത്രയാണെന്ന കണക്ക് ലഭ്യമല്ല. അതിനാൽ കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ PMAY (G) ടാർജറ്റ് 1250 ആണ്. ഇതിൽ 602 പേർക്ക് വീട് വയ്ക്കാൻ അനുമതി നൽകി. നിലവിലെ ലിസ്റ്റിൽ 55 പട്ടികജാതി ഗുണഭോക്താക്കൾ ഉണ്ട്. ഇവർക്കുള്ള വിഹിതം 2025-26 വർഷം എസ്.സി.പിയിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഇല്ല. ഈ സാഹചര്യത്തിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന ഐ.എ.വൈ. വിഹിതമായ 2,13,10,181 രൂപ PMAY(G) പദ്ധതിയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

21

### 4.5 വൈക്കം നഗരസഭ

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2024-ലെ കത്തും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.06.2025-ലെ 12611/N/2023/KSHO നമ്പർ കത്തും (SRG/1223/24 – CC/552/2024, SRG/500/24)

വിഷയം:- PMAY(G) പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

ശ്രീമതി. ശോഭന P.K. മനയത്ത് ചിറ, വൈക്കം എന്ന വ്യക്തി 29.05.2024-ന് PMAY(G) പദ്ധതി പ്രകാരം നഗരസഭയുമായി കരാർ വച്ചു. എന്നാൽ രേഖകൾ പരിശോധിച്ചപ്പോൾ വീടിന് അപേക്ഷ നൽകിയ സമയത്ത് ഇവർക്കുണ്ടായിരുന്ന ഭൂമി ഈ വ്യക്തിയുടെ സഹോദരി പുത്രിയായ ശ്രീമതി. ജ്യോതി ബാബു, മനയത്ത് ചിറ എന്ന വ്യക്തിക്ക് 21.08.2023-ന് വിറ്റതായി കണ്ടെത്തി.

ഈ സ്ഥലത്തു തന്നെ വീട് നിർമ്മിക്കാൻ ശ്രീമതി ജ്യോതി ബാബു അനുമതിപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയായ ശ്രീമതി.ശോഭന അവിവാഹിതയാണ്. ഇവരെയും സഹോദരി യെയും കഴിഞ്ഞ 7 വർഷമായി സംരക്ഷിക്കുന്നത് ഇപ്പോഴത്തെ സ്ഥലമുടമയാണ്. ശ്രീമതി.ശോഭനയ്ക്ക് PMAY(G) പദ്ധതി പ്രകാരം മുകളിൽ പറഞ്ഞ വിറ്റു കൈമാറിയ സ്ഥലത്ത് വീട് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പട്ടിരിക്കുന്നു.

22

**4.6 കാമാക്ഷി ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 13.06.2025-ലെ കത്തും കാമാക്ഷി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2025-ലെ 6/1-ാം നമ്പർ തീരുമാനവും (SRG/575/25 - CC/295/25)

വിഷയം:- യു.എ.നമ്പർ ഉള്ള വീടിന് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 124/26 | അടങ്കൽ | 2,50,000 രൂപ<br>വികസനഫണ്ട് ജനറൽ - 50,000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000 രൂപ |
| പേര് | ആശ്രയ വീട് മെയിന്റനൻസ് | |

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. റോസമ്മ ചാണ്ടി, തുമ്പുങ്കൽ വീട്, പ്രകാശ് പി.ഒ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. വിധവയും മാനസിക രോഗിയായ മകളും ഉൾപ്പെട്ട രണ്ടംഗ കുടുംബമാണ് ഇവരുടേത്. ഇവർ താമസിക്കുന്ന ഭവനത്തിന് പട്ടയമോ കൈവശാവകാശ രേഖയോ ഇല്ലാത്തതിനാൽ യു.എ നമ്പർ മാത്രമാണ് ഉള്ളത്. വീട് മോശം അവസ്ഥയിലാണ്. ഇവരുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2012-ൽ നാട്ടുകാർ സൗജന്യമായി നിർമ്മിച്ചു നൽകിയ വീട്ടിലാണ് ഇവർ താമസിക്കുന്നത്.

23

**4.7 ചെർപ്പുളശ്ശേരി നഗരസഭ**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2025-ലെ കത്തും ചെർപ്പുളശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 21.05.2025-ലെ P3-7945/22 -ാം നമ്പർ കത്തും 21.07.2025-ലെ 2766593/2024-ാം നമ്പർ കത്തും (SRG/578/25)

വിഷയം:- ഹഡ്കോ വായ്പയിൽ മിച്ചമുള്ള തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്.

ചെർപ്പുളശ്ശേരി നഗരസഭ PMAY Life ഭവന പദ്ധതി പ്രകാരം 9 DPR കളിലായി 969 ഭവന നിർമ്മാണം ഏറ്റെടുത്തു. 755 എണ്ണം പൂർത്തിയായി. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഹഡ്കോ ലോണായി 2.28 കോടി രൂപ 18.01.2025 നു ലഭിച്ചിരുന്നു. എന്നാൽ ലോൺ തുക ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ നഗരസഭയുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. ഹഡ്കോ വായ്പയായി ലഭിച്ചതിൽ 1.50 കോടി രൂപ ബാക്കിയുണ്ട്. PMAY (Urban), ലൈഫ് എന്നീ ഭവന പദ്ധതിയിലെ വിവിധ DPR കളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ തുകയും തനത് ഫണ്ടിൽ നിന്ന് 10.00 ലക്ഷം രൂപയും (ആകെ 1.60 കോടി രൂപ) വകയിരുത്തി നഗരസഭ നേരിട്ട് പുതുതായി 40 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

24

**4.8 എലവഞ്ചേരി ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2025-ലെ കത്തും ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്ററുടെ 23.10.2024-ലെ LM/304/22-ാം നമ്പർ കത്തും റിപ്പോർട്ടും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 26.05.2025-ലെ LM/304/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/582/25 - CC/671/24)

വിഷയം:- ലൈഫ് ലിസ്റ്റിലുള്ള കുടുംബത്തിന് പ്രത്യേക പരിഗണനയോടെ വീട് നൽകുന്നത് സംബന്ധിച്ച്

എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ ശ്രീ. ശെൽവൻ സി. കരിപ്പായി, കരിങ്കുളം എന്ന വ്യക്തി 2020-ലെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ 26-ാമതായി ഉൾപ്പെട്ടിട്ടുണ്ട്. ഗുരുതര രോഗമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബം എന്ന നിലയിലാണ് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടത്. എന്നാൽ പിന്നീട് ഈ വ്യക്തി ഉൾപ്പെട്ടിരുന്ന റേഷൻ കാർഡിൽ ശ്രീ. ശെൽവൻ, ഭാര്യ, മക്കൾ എന്നിവരെ ഒഴിവാക്കുകയും റേഷൻകാർഡ് സഹോദരന് നൽകുകയും ചെയ്തു. 20.08.2022-ന് ശ്രീ. ശെൽവന് പുതിയ റേഷൻകാർഡ് ലഭിച്ചു. ശ്രീ.ശെൽവന്റെ സഹോദരൻ (മുൻപ് റേഷൻകാർഡിൽ ഉൾപ്പെട്ടിരുന്നത്) 2022-ൽ സ്വന്തം നിലയിൽ വീട് നിർമ്മിച്ചു. 20.02.2021 തീയതിക്കുള്ളിലുള്ള റേഷൻകാർഡുള്ളവർക്കേ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് ലഭിക്കു. യഥാസമയം കുടുംബ റേഷൻ കാർഡിൽ നിന്നു പിരിക്കാത്തതിനാലാണ് ഈ വ്യക്തിക്ക് ഭവനം ലഭിക്കാൻ തടസ്സമായത്.

ശ്രീ.ശെൽവൻ ഗുരുതര വൃക്ക രോഗിയും ആഴ്ചയിൽ മൂന്നു പ്രാവശ്യം ഡയാലിസിസിന് വിധേയമാകുന്ന വ്യക്തിയുമാണ്. തൊഴിൽ രഹിതയായ ഭാര്യയും വിദ്യാർത്ഥികളായ രണ്ട് കുട്ടികളുമാണ് ശ്രീ. ശെൽവന് ഉള്ളത്. ഇവർ ഓലമേഞ്ഞ ഷെഡ്ഡിലാണ് താമസം. അതിനാൽ പ്രത്യേക പരിഗണന നൽകി ഈ കുടുംബത്തിനു വീട് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററും ഇത് ശുപാർശ ചെയ്തിട്ടുണ്ട്.

25

**4.9 ബദിയടുക്ക ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.06.2025-ലെ 517/2023/DPC/DPO/KSD നമ്പർകത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത്എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.05.2025-ലെ D3/ജനറൽ/25-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/483/25)

വിഷയം:- ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നീർച്ചാൽ-മാടക്ക ഡ്രെയിനേജ് നിർമ്മാണം നടത്തുന്നത് സംബന്ധിച്ച്

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ബേള വില്ലേജിൽ റീസർവേ 348/2 ൽപ്പെട്ട റവന്യൂ പുറമ്പോക്കിലുള്ള ചെറിയ ചരിവോടു കൂടിയ ഭൂമിയിൽ പതിക്കുന്ന വെള്ളം ശേഖരിച്ച് അവിടെ KLDC നിർമ്മിച്ച കുളത്തിലേയ്ക്ക് ഡ്രെയിനേജ് നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് 2024-25-ൽ പ്രോജക്ട് എടുത്തിട്ടുണ്ട്. റവന്യൂ ഭൂമിയിൽ നിർമ്മാണം നടത്താൻ KLDC ക്ക് ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുണ്ട്. കോൺക്രീറ്റ് ഡ്രെയിനേജും Catch Pit ഉം ആണ് നിർമ്മിക്കുന്നത്. ഇതിനായി ബദിയടുക്ക ഗ്രാമപഞ്ചായത്ത് 2024-25 വർഷം 5,69,083 ലക്ഷം രൂപ (പ്രോ.നം.385/25, തനത് ഫണ്ട് 1,00,000 ലക്ഷം രൂപ, വികസനഫണ്ട് 4,69,083 രൂപ) വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു. എന്നാൽ ഡ്രെയിനേജ് നിർമ്മിക്കുന്ന നിർദ്ദിഷ്ട സ്ഥലം റവന്യൂ വകുപ്പിന്റേതായതിനാൽ വെറ്റിംഗ് ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി വെറ്റ് ചെയ്തില്ല. എന്നാൽ കാസർഗോഡ് ജില്ലാ കളക്ടറുടെ 06.09.2025-ലെ C6-38401/15-ാം നമ്പർ ഉത്തരവ് പ്രകാരം നീർച്ചാൽ - മടക്ക - ഡ്രെയിനേജ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും അതിനാൽ ഇനി പ്രത്യേക NOC യുടെ ആവശ്യമില്ലെന്നും ജില്ലാ കളക്ടർ 10.07.2024 ലും കാസർഗോഡ് തഹസിൽദാർ 23.07.2024 ലും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

എന്നാൽ ഗ്രൗണ്ടിൽ പതിക്കുന്ന മുഴുവൻ ജലവും Catch Pit ലേയ്ക്ക് ഒഴുകിയെത്തുകയില്ലെന്നും എസ്റ്റിമേറ്റ് കറക്ട് ചെയ്യണമെന്നും റവന്യൂ ഭൂമി ലീസിന് ലഭിക്കണമെന്നും കാസർഗോഡ് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഒപ്പം നിർമ്മിക്കാനുദ്ദേശിച്ച ഡ്രെയിനേജും നിലവിലുള്ള കുളവും റോഡിന്റെ രണ്ട് ഭാഗത്താണ് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഭൂമി ആയതിനാൽ റവന്യൂ വകുപ്പിന്റെ അനുമതിയോടെ ഡ്രെയിനേജിനു വേണ്ടിയുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

26

**4.10 നെന്മാറ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2025-ലെ കത്തും നെന്മാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.05.2025-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/576/25 - CC/288/25)

വിഷയം:- നെന്മാറ - വല്ലങ്ങി വേലയ്ക്കായി ലൈറ്റ് സൗകര്യമൊരുക്കിയതിന്റെ ചെലവ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 20/26 | അടങ്കൽ | 2,50,000 രൂപ (തനത് ഫണ്ട്) |
| പേര് | നെന്മാറ -വല്ലങ്ങിവേല അടിസ്ഥാന സൗകര്യങ്ങൾ | |

നെന്മാറ ഗ്രാമപഞ്ചായത്തിലെ നെന്മാറ- വല്ലങ്ങിവേല എല്ലാ വർഷവും വിപുലമായ രീതിയിൽ ആഘോഷിക്കുന്ന ഉത്സവമാണ്. 2025 ഏപ്രിൽ 2, 3, 4 ദിവസങ്ങളിലായി ഈ വർഷത്തെ ഉത്സവം നടന്നു. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഫോക്കസ് ലൈറ്റുകൾ, ട്യൂബ് ലൈറ്റുകൾ, M.H. ലൈറ്റ്, ജനറേറ്റർ, സീരിയൽ ബൾബ് എന്നിവയ്ക്കായി ആകെ 2,34,800 രൂപയുടെ ബിൽ ആയെങ്കിലും തുക നൽകിയില്ല. ടെണ്ടറിലൂടെയാണ് കരാറുകാരനെ എടുത്തതെങ്കിലും മാർഗ്ഗരേഖയിൽ ഇല്ല എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസർ വെറ്റ ചെയ്തില്ല. ഈ ഉത്സവത്തിന് 2021-22 മുതൽ 2024-25 വരെ (നാലു വർഷം) ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ സൗകര്യം ഒരുക്കിയതിന് വന്ന ചെലവ് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിൽ നിന്നു നൽകാനും വരുംവർഷങ്ങളിൽ ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

27

## 4.11 എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.06.2025, 23.07.2025 എന്നീ തീയതികളിലെ 2286768/2025 -ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 28.03.2025-ലെ 1/AE/LID&EW/Edky 1/2024-25 നമ്പർ കത്തും എടക്കാട്ട് വയൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.06.2025-ലെ 5(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/568/25)

വിഷയം:- വിവിധ പ്രോജക്ടുകളിൽ അധികമായി നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന പ്രോജക്ടുകൾ 2021-22 (ഒരെണ്ണം) 2022-23 (2 എണ്ണം) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾക്കൊപ്പം അധികമായി പ്രവൃത്തി ചെയ്തു. വകയിരുത്തിയ തുകയും അധികമായി ചെയ്ത പ്രവൃത്തികളും അധിക പ്രവൃത്തിക്ക് നൽകേണ്ട തുകയും താഴെ ചേർക്കുന്നു.

| പ്രോനം. | പ്രോജക്ടിന്റെ പേര് | പ്രോജക്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തി | അടങ്കൽ | അധികരിച്ച ജോലി | അധിക തുക (വാല്യുവേഷൻ പ്രകാരം) | കുറിപ്പ് |
|---|---|---|---|---|---|---|
| 123/22 | കണിയാംപറമ്പിൽ തോട്ടറ പുഞ്ച കൺസ്ട്രക്ഷൻ 2nd ഫേസ് - വാർഡ് 11 | 78 മീറ്റർ റോഡ് കോൺക്രീറ്റിംഗ് | 4,00,000 (MG -R) | 38.6 മീറ്റർ നീളത്തിൽ അധികമായി കോൺക്രീറ്റ് ചെയ്തു | 2,65,071 രൂപ | ജനങ്ങൾ ആവശ്യപ്പെട്ട പ്രകാരം നിലവിലെ കോൺട്രാക്ടറെ കൊണ്ട് അധിക പണി ചെയ്യിപ്പിച്ചു. |
| 175/23 211/24 | ത്രിവേണി തുരുത്ത് വാല റോഡ് പുനരുദ്ധാരണം വാർഡ് - 8 | 57.5 മീറ്റർ സൈഡ് പ്രൊട്ടക്ഷൻ (DR work) | 13,00,000 രണ്ട് വർഷമായി (MG -R) | 16.7 മീറ്റർ DR Packing & Ramp construction | 3,83,881 രൂപ | കുളത്തിന്റെ സൈഡ് കെട്ടാതെ റോഡ് നിർമ്മാണം സാധ്യമാവാതെ വന്നു. നിലവിലെ കരാറുകാരനെക്കൊണ്ട് നിർമ്മാണം നടത്തി. |
| 187/23 248/24 | തൊട്ടൂർ PHC നവീകരണം | രോഗികൾക്ക് വിശ്രമ കേന്ദ്രത്തിന്റെ നവീകരണം | 5,00,000 (MG -R) | പെയിന്റിംഗ് | 2,50,000 രൂപ | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിയപ്പോൾ ഭിത്തി പെയിന്റ് ചെയ്യേണ്ടി വന്നു |

മുകളിൽ പറഞ്ഞ അധിക പ്രവൃത്തികളുടെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തു നൽകിയിട്ടുണ്ട്. അധികമായി ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

28

**4.12 മാട്ടൂൽ ഗ്രാമപഞ്ചായത്ത്**

**മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 03.06.2025, 13.06.2025 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം)** (SRG/482/25)

വിഷയം:- മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ പ്രദേശത്തു നിന്നും തെക്കുംമ്പാട് ദ്വീപിലേയ്ക്ക് യന്ത്രവൽകൃത ബോട്ട് സർവ്വീസ് നടത്തുന്നതിന് ചെലവു തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ നാലാംവാർഡായ തെക്കുമ്പാട് ഒരു ദ്വീപാണ്. ഇവിടെ ഒരു വില്ലേജ് ഓഫീസോ ഹൈസ്കൂളോ മറ്റു സർക്കാർ ഓഫീസോ ഇല്ല. ഈ പ്രദേശത്തെ പൊതു ജനങ്ങൾ എല്ലാ കാര്യത്തിനും ആശ്രയിക്കുന്നത് മാട്ടൂൽ പ്രദേശത്തെയാണ്. ഇതിന് എളുപ്പ മാർഗ്ഗം ബോട്ട് സർവ്വീസ് ആണ്. ഇതിനായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ലെ 4.34 -ാം നമ്പർ തീരുമാന പ്രകാരം ബോട്ട് സർവ്വീസ് മുടക്കം കൂടാതെ നടത്താനും ഇതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും കണ്ടെത്താനും അനുമതിയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിദിനം 500 രൂപാ നിരക്കിൽ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. എല്ലാ വർഷവും ലേലവും ക്വട്ടേഷൻ നടപടിയും സ്വീകരിച്ചെങ്കിലും സർവ്വീസ് നടത്താൻ കടത്തുകാർ ആരും തയ്യാറായിട്ടില്ല. ഈ നിരക്കിൽ ബോട്ട് സർവ്വീസ് നടത്താൻ കഴിയില്ലെന്നും നിരക്കുകൾ വർദ്ധിപ്പിച്ച് നൽകണമെന്നും കടത്തുകാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിദിനം വിദ്യാർത്ഥികളടക്കം 200 പേർ ബോട്ട് സർവ്വീസ് ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് പ്രതിദിന നിരക്ക് 750 രൂപയായി (പ്രതിമാസം 22,500 രൂപ) വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

29

**4.13 കൊടിയത്തൂർ സർവ്വീസ് സഹകരണബാങ്ക്**

ബഹു. തിരുവമ്പാടി എം.എൽ.എ യുടെ 03.03.2025-ലെ കത്തും കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 17.02.2025 ലെ കത്തും അനുബന്ധരേഖകളും (SRG/378/25)

വിഷയം:- ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്ന് കൃഷിക്കാവശ്യമായ സാധനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതു സംബന്ധിച്ച്

സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായവ ടെണ്ടർ കൂടാതെ വാങ്ങാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 26.02.2021-ലെ 616/2021/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഈ സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 28.05.2022-ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലും കൃഷിഭവനുകളിലും നടന്ന ഓഡിറ്റിംഗിൽ ഓഡിറ്റർമാർ മുകളിൽപറഞ്ഞ ഉത്തരവ് നിലനിൽക്കുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച് വാങ്ങൽ നടപടി തടസ്സപ്പെടുത്തിയിരിക്കുകയാണ്. (ഉദാ. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്) ഈ സാഹചര്യത്തിൽ 10.02.2021-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 26.02.2021-ലെ 616/2021/തസ്വഭവ ഉത്തരവിന്മേൽ സ്പഷ്ടീകരണം വരുത്തി സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ സാധനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

30

**4.14 മുരിയാട് ഗ്രാമപഞ്ചായത്ത്**

ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ 23.01.2025-ലെ 2750/2025/M(HEdn&SJ) നമ്പർ കത്തും മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.01.2025-ലെ കത്തും (SRG/436/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ബാങ്ക് വായ്പയ്ക്ക് സെക്യൂരിറ്റി നൽകുന്നത് സംബന്ധിച്ച്

വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് സബ്സിഡി നൽകാറുണ്ട്. തൊഴിൽ സംരംഭം തുടങ്ങാൻ ആകെ ആവശ്യമുള്ള തുകയിൽ സബ്സിഡി കഴിഞ്ഞുള്ള തുകയ്ക്ക് സംരംഭകർ പലപ്പോഴും ബാങ്ക് വായ്പ എടുക്കുന്നുണ്ട്. വായ്പ അനുവദിക്കുന്നത് സബ്സിഡിക്ക് ശേഷമുള്ള തുകയ്ക്കാണെങ്കിലും പ്രോജക്ടിന്റെ ആകെ അടങ്കലിന് സഹകരണ ബാങ്കുകൾ സെക്യൂരിറ്റി (ഈട്) ആവശ്യപ്പെടുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും സബ്സിഡി തുകയ്ക്കുള്ള ഓഫർ ലെറ്റർ നൽകുന്ന മുറയ്ക്ക് ബാക്കി തുകയ്ക്കുള്ള സെക്യൂരിറ്റി മാത്രം (ലോൺ തുകയ്ക്ക്) സംരംഭകരോട് ആവശ്യപ്പെടാവൂ എന്ന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

31

### 4.15 മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.06.2025-ലെ 1719563/2025 -ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.05.2025-ലെ 18(1)-ാം നമ്പർ തീരുമാനവും. (SRG/559/25)

വിഷയം:- അവയവം മാറ്റിവച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകുന്നത് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ യോഗ മിനിറ്റ്സിൽ ഖണ്ഡിക 4.7 പ്രകാരം പരപ്പനങ്ങാടി നഗരസഭയ്ക്ക് കിഡ്നി, കരൾ മാറ്റി വച്ചവർക്ക് മരുന്ന് നൽകുന്നതിന് താഴെപ്പറയുന്ന നിബന്ധനയോടെയാണ് അനുമതി നൽകിയിരുന്നത്. കിഡ്നി, കരൾമാറ്റി വച്ചവർക്ക് ആവശ്യമുള്ള മരുന്ന് നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ വാങ്ങി ശേഖരിച്ച് ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം നൽകാനാണ് അനുമതി നൽകിയത്. എന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയടക്കമുള്ള ഇൻഷ്വറൻസ് പദ്ധതിയിലുള്ളവർക്കും മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതിയിലൂടെ ധനസഹായം നൽകാവുന്നതല്ല. ഒപ്പം മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധി പാലിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പരപ്പനങ്ങാടി നഗരസഭയ്ക്ക് നൽകിയ അനുമതിയുടെ അടിസ്ഥാനത്തിലാണ് മലപ്പുറം നഗരസഭ നിലമ്പൂർ ജില്ലാ ആശുപത്രി മുഖേന അവയവം മാറ്റി വച്ചർക്ക് മരുന്നു നൽകുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബനവലന്റ് ഫണ്ട് എന്നിവ വഴി ഓപ്പറേഷൻ കഴിഞ്ഞ് ഒരു വർഷത്തേയ്ക്ക് മാത്രമാണ് മരുന്ന് നൽകാവുന്നത്. അതിനുശേഷം ഈ പദ്ധതി വഴി മരുന്ന് നൽകാവുന്നതല്ല. അതിനാൽ അവയവം മാറ്റി വച്ച എല്ലാവർക്കും മരുന്ന് നൽകുന്നതിന് സഹായകരമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് മരുന്ന് സൗജന്യമായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

32

### 4.16 മെഡി കെയേഴ്സ്, പാലക്കാട്

സർക്കാരിന്റെ 21.02.2025-ലെ DA1/39/2025/തസ്വഭവ നമ്പർ കത്തും പാലക്കാട് മെഡികെയേഴ്സ് സൂപ്രണ്ടിന്റെ 15.01.2025-ലെ 2/2025-ാം നമ്പർ കത്തുകളും (2 എണ്ണം) (SRG/199/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അലോപ്പതി മരുന്ന് നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ മെഡികെയേഴ്സിനെ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾക്ക് KMSCL-ൽ നിന്നാണ് മരുന്ന് നേരിട്ട് വാങ്ങാവുന്നത്. KMSCL ൽ നിന്ന് മരുന്നു ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നും വാങ്ങാം. പിന്നീട് നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്തി. 1993 ൽ രൂപീകരിക്കപ്പെട്ട ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് പാലക്കാട് മെഡികെയേഴ്സ്. ഈ സ്ഥാപനത്തിലെ 80 ശതമാനം ജീവനക്കാരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് എന്നറിയിച്ചിട്ടുണ്ട്. മുകളിൽപറഞ്ഞ സ്ഥാപനങ്ങളോടൊപ്പം പാലക്കാട് മെഡി കെയേഴ്സിൽ നിന്നു കൂടി മരുന്ന് വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

33

### 4.17 വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

ബഹു. ഗവ.ചീഫ് വിപ്പിന്റെ 11.04.2025-ലെ 117/GCW/2025-ാം നമ്പർ കത്തും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2024-ലെ കത്തും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.11.2024-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG/382/25)

വിഷയം:- കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിലെ കാത്ത് ലാബിന്റെ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നിയമിക്കുന്നത് സംബന്ധിച്ച്

വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ നിയമിച്ച രണ്ട് കാർഡിയോളജിസ്റ്റുകളുടെ നേതൃത്വത്തിൽ ഈ ആശുപത്രിയിൽ ഒരു കാത്ത് ലാബ് 2021-22 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലയിലുള്ളവർക്കും ശബരിമല തീർത്ഥാടനകാലത്ത് അന്യസംസ്ഥാനത്തിലെ അയ്യപ്പൻമാർക്കും കാത്ത് ലാബ് വളരെ പ്രയോജനകരമാണ്. കാത്ത് ലാബിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 4 സ്ക്രബ് നേഴ്സ്, 3 നേഴ്സിംഗ് അസിസ്റ്റന്റ്, 2 ലാബ് ടെക്നീഷ്യൻ, 3 അറ്റൻഡർമാർ, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ, 1 ഇലക്ട്രീഷ്യൻ എന്നിങ്ങനെ 14 പേരെ നിയമിച്ചിട്ടുണ്ട്.

കാത്ത് ലാബിന്റെ പ്രവർത്തനത്തിനായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഉപയോഗിച്ചാണ് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് 2023-24-ൽ ഉപയോഗിച്ചതിന് ഓഡിറ്റ് കുറിപ്പുണ്ട്. 2023-24-ലെ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2025-26 വാർഷിക പദ്ധതി മുതൽ വികസന ഫണ്ട് ജനറൽ, തനത് ഫണ്ട് എന്നിവയാണ് കാത്ത് ലാബ് ജീവനക്കാരുടെ വേതനം നൽകുന്നതിന് വകയിരുത്തിയിരിക്കുന്നത്.

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഹിതം ഉപയോഗിച്ച് കാത്ത് ലാബ് ജീവനക്കാർക്ക് വേതനം നൽകിയതിന് സാധൂകരണം നൽകുകകയും, തുടർന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) കാത്ത് ലാബ് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഉപയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഇനം | ഫണ്ട് | വർഷം | തുക |
|---|---|---|---|---|
| 1 | കാത്ത് ലാബ് ജീവനക്കാരുടെ വേതനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2021-22 | 7,38,854 |
| 2 | | | 2022-23 | 23,67,441 |
| 3 | | | 2023-24 | 26,86,845 |
| 4 | | | 2024-25 | 23,72,805 |
| ആകെ | | | | **81,65,945** |

വാഴൂർ ബോക്ക് പഞ്ചായത്തിനു കീഴിൽ കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി കൂടാതെ രണ്ട് സി.എച്ച്.സി. കൂടിയുണ്ട്. അതിനാൽ വികസനഫണ്ട് കുറവായതിനാലാണ് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതെന്നറിയിച്ചിട്ടുണ്ട്.

34

### 4.18 കൊങ്ങാട് കമ്മ്യൂണിറ്റി സെന്ററിൽ ഡയാലിസിസ് സെന്റർ

ബഹു. കൊങ്ങാട് എം.എൽ.എയുടെ 01.02.2025-ലെ 371/25/KGD നമ്പർ കത്ത്. (SRG/430/25 LSGD/DA1/45/2025-LSGD)

വിഷയം:- കൊങ്ങാട് കമ്മ്യൂണിറ്റി സെന്ററിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ അനുമതി സംബന്ധിച്ച്

കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ബഹു.കോങ്ങാട് എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ നിന്ന് 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗത്തിൽ താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ മാത്രമേ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കേണ്ടതുള്ളൂ എന്നും താലൂക്ക് ആശുപത്രിക്ക് താഴെയുള്ള സ്ഥാപനങ്ങളിൽ ഡയാലിസിസ് തുടങ്ങാവുന്നതല്ല എന്നും തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനു മുമ്പ് ആരംഭിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം തുടരാവുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. കോങ്ങാട് പ്രദേശത്തെ രോഗികൾക്ക്

തൊട്ടടുത്ത ജില്ലാ ആശുപത്രിയിലേയ്ക്കോ താലൂക്ക് ആശുപത്രിയിലേയ്ക്കോ പോകുന്നതിന് 25-40 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കണം. ഇത് പരിഗണിച്ച് ബഹു. എം.എൽ.എയുടെ ആസ്തി വികസനഫണ്ടുപയോഗിച്ച് കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

35 **4.19 <u>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്</u>**

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.07.2025-ലെ കത്ത് (SRG/569/25)

വിഷയം:- പേരാമ്പ്ര താലൂക്കാശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്

പേരാമ്പ്ര താലൂക്കാശുപത്രിയിൽ ജീവനക്കാരുടെ കുറവുണ്ട്. ഇവിടെ ഫിസിയോ തെറാപ്പി സെന്ററും ഡയാലിസിസ് സെന്ററും പ്രവർത്തിക്കുന്നു. താലൂക്കാശുപത്രിയുടെ പ്രവർത്തനം മികച്ച രീതിയിലാക്കുന്നതിന് ഇ.സി.ജി, ഫാർമസി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനത്തിന് 2 വീതം ജീവനക്കാരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

36 **4.20 <u>അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 07.07.2025-ലെ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.06.2025-ലെ 7(1) -ാം നമ്പർ തീരുമാനവും (SRG/632/25 - CC/341/25)

വിഷയം:- ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ അധിക സ്റ്റാഫിനെ നിയമിച്ചതിന് സാധൂകരണം സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 50/26 | അടങ്കൽ | 3,56,400 രൂപ<br>(വികസനഫണ്ട് ജനറൽ - 2,97,000 രൂപ<br>തനത്ഫണ്ട് - 59,400 രൂപ) |
| പേര്:- | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക നേഴ്സിന് ഓണറേറിയം | |

ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നിയമിക്കാവുന്ന സ്റ്റാഫിനു പുറമേ രാത്രികാല സേവനത്തിന് ഒരു നേഴ്സിനെ കൂടി 2024 ഏപ്രിൽ ഒന്നു മുതൽ നിയമിച്ചിട്ടുണ്ട്. ഇവർക്കുള്ള വേതനം നൽകാൻ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല. അതിനാൽ 2024-25 ലും 2025-26 ലും ഇതുവരെ വേതനം നൽകിയില്ല. ഈ നേഴ്സിനെ നിയമിച്ചതിന് സാധൂകരണം നൽകി വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

37 **4.21 <u>അജാനൂർ ഗ്രാമപഞ്ചായത്ത്</u>**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.06.2025-ലെ കത്തും അജാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.04.2025-ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/571/25 - CC/198/25)

വിഷയം:- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 94/26 | അടങ്കൽ | 20,00,000 രൂപ<br>(തനത് ഫണ്ട് ) |
| പേര് | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാനവശേഷി വർദ്ധിപ്പിക്കൽ | |

അജാനൂർ ഗ്രാമപഞ്ചായത്തിലെ അജാനൂർ FHC, ആനന്ദാശ്രമം FHC കളിൽ ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ഹോസ്പിറ്റൽ അറ്റൻഡന്റ് II, PTS എന്നീ തസ്തികകൾ ഇല്ല. ഇവിടെ ഓരോ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒരു ക്ലീനിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ക്ലീനിംഗ് സ്റ്റാഫിനെ നിയമിച്ചതിന് സാധൂകരണം നൽകണമെന്നും തുടർന്നും ഇവരെ (ഒന്നുവീതം രണ്ട് FHC കളിൽ) ഗ്രാമപഞ്ചായത്തിൽ നിന്നും നിയമിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

38

## 4.22 കുമ്മിൾ ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.06.2025-ലെ കത്തും കുമ്മിൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.05.2025-ലെ 1(4) -ാം നമ്പർ തീരുമാനവും (SRG/597/25 - CC/319/25)

വിഷയം:- പഞ്ചകർമ്മ ചികിത്സയ്ക്കായി നിയമിച്ച തെറാപ്പിസ്റ്റിന് വേതനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 81/25 | അടങ്കൽ | 1,56,000 രൂപ (തനത് ഫണ്ട്) |
| പേര് | ആയുർവേദ പഞ്ചകർമ്മ തെറാപ്പിസ്റ്റിന് വേതനം നൽകൽ | |

കുമ്മിൾ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സ നൽകുന്നതിന് തെറാപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. 05.01.2023 മുതലാണ് തെറാപ്പിസ്റ്റിനെ നിയമിച്ചത്. 2022-23-ൽ (3 മാസം) 13 പേർക്കും 2023-24-ൽ 73 പേർക്കും 2024-25- വർഷം 53 പേർക്കും പഞ്ചകർമ്മ ചികിത്സ നൽകി. ഒരു രോഗിയിൽ നിന്ന് 50 രൂപ വീതം ഈടാക്കുന്നുണ്ട്. 2024-25 വർഷം തെറാപ്പിസ്റ്റിനെ നിയമിച്ചതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

39

## 4.23 മണലൂർ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

മണലൂർ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഭരണസമിതി പ്രസിഡന്റിന്റെ 11.06.2025-ലെ കത്ത് (SRG/529/25)

വിഷയം:- മണലൂർ സഹകരണ ആശുപത്രിയുടെ വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം നൽകണമെന്നതു സംബന്ധിച്ച്

മണലൂർ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി 15.01.1973 ൽ പ്രവർത്തനമാരംഭിച്ചതാണ്. 38 സെന്റ് സ്ഥലത്ത് 3,800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആശുപത്രിക്ക് 5 നിലയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ട്. മികച്ച ചികിത്സാ സൗകര്യവും ഡയാലിസിസ് ക്ലിനിക്കും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ തനത് ഫണ്ട്/വികസനഫണ്ട് ലഭിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

40

## 4.24 തകഴി ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2025-ലെ കത്ത് (SRG/581/25 - CC/297/25)

വിഷയം:- കരുമാടി സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് സോയിൽ ടെസ്റ്റ് നടത്തിയതിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 168/26 | അടങ്കൽ | 1,28,589 രൂപ (വികസനഫണ്ട് -ജനറൽ) |
| പേര് | സോയിൽ ടെസ്റ്റ് നടത്തിയതിന് ചെലവായ തുക NHM ന് തിരികെ അനുവദിക്കൽ | |

തകഴി ഗ്രാമപഞ്ചായത്തിലെ കരുമാടി സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് 27.75 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിർദ്ദേശത്തെ തുടർന്ന് സോയിൽ ടെസ്റ്റ് നടത്തി. സോയിൽ ടെസ്റ്റ് നടത്തിയതിന് തനത് ഫണ്ടില്ലാത്തതിനാൽ ഹെൽത്ത് ഗ്രാന്റിൽ നിന്ന് 1,28,589 രൂപ നൽകി.

ഗ്രാമപഞ്ചായത്ത് സബ്സെന്ററിന് കെട്ടിട നിർമ്മാണത്തിന് ഇതുവരെ ടെണ്ടർ നടപടി പൂർത്തിയാക്കാത്തതിനാൽ ഇതിന്റെ നിർമ്മാണം NHM മുഖേന ഏറ്റെടുത്ത് നടത്താൻ 31.01.2025-ലെ 295/2025/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഹെൽത്ത് ഗ്രാന്റായി ലഭിച്ച 27.75 ലക്ഷം രൂപയിൽ സോയിൽ ടെസ്റ്റിന് ചെലവായ 1,28,589 രൂപ കുറച്ച് ബാക്കി തുകയായ 26,46,411 രൂപ NHM-ന് നൽകി. എന്നാൽ സബ്സെന്ററിനായി അനുവദിച്ച മുഴുവൻ തുകയും നൽകണമെന്ന് NHM ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 1,28,589 രൂപ കൂടി NHM ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

41

### 4.25 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/601/25 – CC/220/25)

വിഷയം:- ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം

| | | |
|---|---|---|
| പ്രോ.നം. 15/26 | അടങ്കൽ | 22,80,000 രൂപ |
| പേര് | ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം | |

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ 2.00 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്യാൻസർ ബാധിതരായ രോഗികൾക്ക് പ്രതിമാസം 1000 രൂപ വീതം നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.26 മൃഗസംരക്ഷണ വകുപ്പ്

42

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22.04.2025-ലെ AHD/7884/2024-G4നമ്പർ കത്തും മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 17.01.2025-ലെ G1/7/2025 - AH നമ്പർ കുറിപ്പും ബഹു.മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.01.2025-ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പും (SRG/433/25 LSGD – DA1/18/2025/LSGD)

വിഷയം:- മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ നടത്തിപ്പ് സംബന്ധിച്ച്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി 29 ബ്ലോക്കുകളിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 127 മൊബൈൽ യൂണിറ്റുകളും 12 സർജറി യൂണിറ്റുകളും തുടങ്ങാൻ 04.07.2023 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരമുള്ള 156 മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലും (29+127) 12 മൊബൈൽ സർജറി യൂണിറ്റുകളും പ്രവർത്തിക്കുന്നതിന് കരാറടിസ്ഥാനത്തിലാണ് വെറ്ററിനറി സർജൻ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരെ നിയമിച്ചിരിക്കുന്നത്. ഇവർക്കുള്ള വേതനം മൃഗസംരക്ഷണ വകുപ്പാണ് നൽകുന്നത്. ഒന്നാം ഘട്ടമായി 59 വാഹനം വാങ്ങാൻ 28.12.2024-ന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെയും മൊബൈൽ സർജറി യൂണിറ്റിന്റേയും പ്രവർത്തനത്തിന് വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധന ചെലവ്, മരുന്നുകൾ, സർജിക്കൽ കൺസ്യൂമബിൾസ് എന്നിവയ്ക്ക് ആവശ്യമായ വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിന്നും റിവോൾവിംഗ് ഫണ്ടായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. മരുന്ന്, കൺസ്യൂമബിൾസ് എന്നിവയ്ക്കായി 5.00 ലക്ഷം രൂപയും വാഹനത്തിന് ഇന്ധനം, അറ്റകുറ്റപ്പണി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 1.50 ലക്ഷം രൂപയും ചേർത്ത് ആകെ 6.50 ലക്ഷം രൂപ ഒരു യൂണിറ്റിന് ഒരു വർഷം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വകയിരുത്തണമെന്നതാണ് ആവശ്യം.

### 4.27 ആളൂർ ഗ്രാമപഞ്ചായത്ത്

43

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.2025-ലെ കത്തും ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.02.2025-ലെ SC1/9540/2024-◌ാ◌ം നമ്പർ കത്തും (SRG/449/25 – CC/238/2025)

വിഷയം:- വെറ്ററിനറി ടെക്നീഷ്യന് വേതനം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 99/26 | അടങ്കൽ | 2,52,270 രൂപ (തനത് ഫണ്ട്) |
| പേര് | വെറ്ററിനറി ലാബിലെ ടെക്നീഷ്യന് വേതനം നൽകൽ | |

ആളൂർ ഗ്രാമപഞ്ചായത്ത് 2024-25 വർഷം വെറ്ററിനറി ലാബിലെ ടെക്നീഷ്യന് വേതനം നൽകുന്നതിന് നൂതന പദ്ധതി എന്ന നിലയിൽ പ്രോജക്ട് എടുത്തിരുന്നു. 6 മാസത്തെ വേതനം നൽകാനാണ് അനുമതി നൽകിയിരുന്നത്. തുടർന്നും വേതനം നൽകേണ്ടതുണ്ട്. ഈ വർഷവും (2025-26) ലാബ് ടെക്നീഷ്യന് വേതനം നല്കാൻ പ്രോജക്ട് എടുത്തിട്ടുണ്ട് ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

44

### 4.28 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

സർക്കാരിന്റെ 09.07.2025-ലെ DA1/237/2025/തസ്വഭവ നമ്പർ കത്തും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.06.2025-ലെ കത്തും (SRG/567/25 - DA1/237/2025/LSGD)

വിഷയം:- മൊബൈൽ വെറ്ററിനറി ക്ലിനിക്കിന്റെ തുടർ ചെലവിന് വിഹിതം ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്ത് മൊബൈൽ വെറ്ററിനറി ക്ലിനിക്കിന് പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് വാഹനം വാങ്ങി നൽകി ഡോക്ടറെയും ഡ്രൈവറേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള ചെലവ് വികസനഫണ്ടിൽ നിന്നാണ് കണ്ടെത്തിയിരുന്നത്. ഇതിനായി വികസനഫണ്ട് ഉപയോഗിക്കാവുന്നതല്ലെന്നും ആവർത്തന ചെലവ് സ്വയം കണ്ടെത്തണമെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്വന്തമായി ക്ലിനിക്കിന് വരുമാനം കണ്ടെത്താൻ കഴിയുന്നില്ല. 2003-24 വർഷം ആകെ ലഭിച്ച വരുമാനം 17,500 രൂപയാണ്. അതിനാൽ മൊബൈൽ ക്ലിനിക്കിന്റെ ചെലവിനായി 10.00 ലക്ഷം രൂപ (പ്രോ.നം. 125/26, വികസനഫണ്ട് -ജനറൽ) വകയിരുത്തി പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2023-24 വർഷം 65 പ്രാവശ്യം വാഹനം ഉപയോഗിച്ച് സേവനം നൽകിയിട്ടുണ്ട്.

45

### 4.29 മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ ഡയറക്ടറുടെ 15.05.2025-ലെ AHD/3257/2025/B2 നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന കുറിപ്പും (SRG/561/25 - LSGD/DA1/209/2025/LSGD)

വിഷയം:- ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി മൃഗാശുപത്രികളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

മൃഗ ചികിത്സാ സേവനങ്ങളും പൊതു ജനങ്ങൾക്ക് മൃഗാശുപത്രിയിൽ നിന്നും നൽകുന്ന സേവനങ്ങളും മെച്ചപ്പെട്ടതാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പരിപാടിയാണ് ഇ-സമൃദ്ധ പദ്ധതി. 1960 ൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾ മാത്രമേ ഇപ്പോഴും വെറ്ററിനറി ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉള്ളൂ എന്നറിയിച്ചിരിക്കുന്നു. ചികിത്സേതര പ്രവർത്തനങ്ങൾക്ക് ഡോക്ടർമാർ കൂടുതൽ സമയം ചെലവഴിക്കേണ്ട സാഹചര്യവും ഇപ്പോൾ ഉണ്ട്. ഇവയൊക്കെ പരിഗണിച്ച് മൃഗാശുപത്രിയിൽ പദ്ധതി നിർവ്വഹണത്തിനും മറ്റ് ഓഫീസ് ജോലികളിൽ സഹായിക്കുന്നതിനുമായി ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് 4000 ലധികം മൃഗങ്ങളുള്ള 159 ഓളം തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കൂടുതൽ മൃഗസമ്പത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കണമെന്നതാണ് ഇപ്പോഴത്തെ ആവശ്യം.

46

### 4.30 മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 19.05.2025-ലെ AHD/2547/2025 - C2 നമ്പർ കത്തും മൃഗസംരക്ഷണ വകുപ്പിന്റെ G1/133/2025/ AH നമ്പർ സർക്കാർ ഫയലും (SRG/544/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് കന്നുകുട്ടി പരിപാലനത്തിന് സബ്സിഡി നൽകണമെന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/ തസ്വഭവ നമ്പർ ഉത്തരവ്) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme) നടത്താൻ അനുമതിയുണ്ട്. സംസ്ഥാന വിഹിതം (മൃഗ സംരക്ഷണ വകുപ്പ വിഹിതം) 6250 രൂപ, തദ്ദേശ ഭരണ സ്ഥാപന വിഹിതം 6,250 രൂപ,ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്ന രീതിയിലാണ് ഇതിനായി ധനസഹായം നൽകാവുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം. മുൻ വർഷങ്ങളിലെ പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം ലഭ്യമല്ലായെങ്കിൽ ഈ തുക കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ അനുമതിയുണ്ടായിരുന്നു. എന്നാൽ പുതിയ മാർഗ്ഗരേഖയിൽ ഇതൊഴിവാക്കിയിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ ഈ വിഷയം ആവശ്യപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് മൃഗസംരക്ഷണ വകുപ്പ വിഹിതം ഇല്ലെങ്കിൽ വകുപ്പിന്റെ

വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകാവുന്നതല്ല എന്നറിയിച്ചിരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2025-26 ൽ 48.00 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ ഗോവർദ്ധിനി പദ്ധതിക്കുള്ള വകയിരുത്തലിനുശേഷം 2025-26 വർഷം 3054 കന്നുകുട്ടികൾക്കു മാത്രമേ പുതുതായി ആനുകൂല്യം നൽകുവാൻ വകുപ്പിന് കഴിയുകയുള്ളൂ എന്നറിയിച്ചിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം വകയിരുത്തി SLBP പദ്ധതി പരിഷ്കരിച്ച് പൈലറ്റ് പ്രോജക്ടായി ഈ വർഷം പത്തനംതിട്ടയിൽ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥപന വിഹിതം മാത്രം ഉൾപ്പെടുത്തി മറ്റു ജില്ലകളിൽ SLBP പദ്ധതി നടപ്പാക്കാൻ അനുമതി ആവശ്യപ്പട്ടിരിക്കുന്നു.

47

**4.31 കൊല്ലം ജില്ലാപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.07.2025-ലെ കത്ത് (SRG/639/25 – CC/371/25)

വിഷയം:- ക്ഷീരവികസന വകുപ്പിന്റെ മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

കൊല്ലം ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ലാബിന്റെ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി 20.08.2025-ന് അവസാനിക്കും. ജില്ലയിലെ ക്ഷീര കർഷകരുടെ പരാതികൾ അന്വേഷിക്കുക, ഗുണനിലവാര ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക, വിപണികളിൽ നിന്ന് സാമ്പിൾ പാൽ ശേഖരിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുക എന്നിവയ്ക്ക് വാഹനം ആവശ്യമാണ്. ഒപ്പം ആര്യങ്കാവ് ക്ഷീരവികസന വകുപ്പിന്റെ ചെക്ക്പോസ്റ്റിൽ പ്രതിമാസം രണ്ടുപ്രാവശ്യം പോകണം. ഈ സാഹചര്യത്തിൽ ക്ഷീരവകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ലാബിന് ജില്ലാപഞ്ചായത്തിൽ നിന്നും 2025-26 വർഷം വാഹനം വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

48

**4.32 ഏലപ്പാറ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.05.2025-ലെ കത്തും ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2025-ലെ SC2 – 564/25-ാം നമ്പർ കത്തും (SRG/501/25 – CC/248/25)

വിഷയം:- എസ്റ്റേറ്റ് മേഖലയിൽ NOC യുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

ഏലപ്പാറ ഗ്രാമപഞ്ചായത്ത് 2024-25 വർഷം 14-ാം വാർഡിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ പ്രോജക്ട് എടുത്തിരുന്നു. ഈ വർഷം അങ്കണവാടി നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ട് അങ്കണവാടികൾക്കും കണ്ടെത്തിയിരിക്കുന്ന സ്ഥലം ടൈഫോർഡ് എസ്റ്റേറ്റ് വക സ്ഥലമാണ്. എസ്റ്റേറ്റ് ഉടമ NOC നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയാൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ കഴിയൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അതിനാൽ NOC യുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

49

**4.33 ചവറ ബ്ലോക്ക് പഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/499/25 – CC/36/25)

വിഷയം:- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകിയതിന് ഭാരത് സേവക് സമാജ് എന്ന സ്ഥാപനത്തിന് പരിശീലന ഫീസ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 107/23 | അടങ്കൽ | 50,000 രൂപ (വികസനഫണ്ട് – ജനറൽ) |
| പേര് | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം | |

ചവറ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകാൻ പ്രോജക്ട് എടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഭാരത് സേവക് സമാജ് (BSS) എന്ന സ്ഥാപനം മുഖേന കുട നിർമ്മാണത്തിന് പരിശീലനം നൽകി. 14 പേർക്കാണ് പരിശീലനം നൽകിയതെന്ന് BSS അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ BSS ഹാജരാക്കാത്തതിനാൽ പരിശീലന ഫീ BSS ന് ഇതുവരെ നൽകിയിട്ടില്ല. ഈ വിഷയം 23.08.2024-ലെ തദ്ദേശ അദാലത്തിൽ പരിഗണിച്ചിരുന്നു. പരിശീലനം ഫലപ്രദമായിരുന്നുവെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്. കുട നിർമ്മാണത്തിന് BSS നെ ഏൽപ്പിച്ചത്

ടെണ്ടർ കൂടാതെയാണ്. BSSന്റെ പ്രവർത്തന പരിചയവും കുടുംബശ്രീയുടെ അക്രഡിറ്റേഷനും ഉണ്ട് എന്നതും പരിഗണിച്ചാണ് കുട നിർമ്മാണത്തിന്റെ പരിശീലനത്തിന് BSS നെ ഏൽപ്പിച്ചതെന്നറിയിച്ചിട്ടുണ്ട്. BSSനു നൽകാനുള്ള പരിശീലന ഫീ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

50

**4.34 തഴവ ഗ്രാമപഞ്ചായത്ത്**

തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.03.2025-ലെ SC2-11260/2024-ാം നമ്പർ കത്തും. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2025-ലെ കത്തും. (SRG/339/25 – CC/253/2025)

വിഷയം:- ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം തഴവയുടെ പൈതൃക ശില്പം സ്ഥാപിക്കുന്നത് സംബന്ധിച്ച്

തഴവ ഗ്രാമപഞ്ചായത്തിന്റെ പൈതൃകമാണ് തഴയും തഴപ്പായയും. ഇത് പരിഗണിച്ച് തഴവയുടെ പൈതൃക ശില്പം (തഴവ മുത്തശ്ശി) ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷം 6.50 ലക്ഷം രൂപ വകയിരുത്തി (തനത് ഫണ്ട് ) പ്രോജക്ട് എടുത്തിരുന്നു (പ്രോ.നം. 268/2025). തനത് ഫണ്ട് തന്നെ ഉൾപ്പെടുത്തി ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ആദിത്യവിലാസം ഗവൺമെന്റ് ഹൈസ്കൂളിലെ ചിത്രരചനാ ആദ്ധ്യാപകനായി റിട്ടയർ ചെയ്ത ശ്രീ.റ്റി.രാജേന്ദ്രൻ എന്ന ശില്പിയെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. ഇദ്ദേഹം ധാരാളം ശില്പങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. 5 അടി ഉയരമുള്ള വെങ്കലത്തിലുള്ള പ്രതിമയുടെ നിർമ്മാണ ചുമതല മറ്റ നടപടിക്രമങ്ങൾ ഒഴിവാക്കി ശ്രീ. റ്റി. രാജേന്ദ്രനെ ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

51

**4.35 വലിയപറമ്പ ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.03.2025-ലെ കത്ത് (SRG/209/25 – CC/84/2025)

വിഷയം:- കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച്

വലിയപറമ്പ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് കുറവാണ്. കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിവെള്ള ചാർജ്ജ് അടയ്ക്കുന്നതിന് 2023-24, 2024-25 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് റ്റൈഡ് ഫണ്ടാണ് ഉപയോഗിച്ചത്. 2023-24 വർഷം 13,97,664 രൂപയും 2024-25 വർഷം 4,65,888 രൂപയുമാണ് ഈ ഇനത്തിൽ ചെലവഴിച്ചത്. 2023-24-ൽ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ CFC റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ചതിന് ഓഡിറ്റ് കുറിപ്പുണ്ട്. 2023-24, 2024-25 വർഷങ്ങളിൽ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ചതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം വരും വർഷങ്ങളിലും സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

52

**4.36 നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.03.2025-ലെ കത്തും നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.02.2025-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/303/25 – CC/108/2025)

വിഷയം:- ഗുണഭോക്തൃ സമിതികൾ നടത്തി വന്നിരുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നൽകുന്നത് സംബന്ധിച്ച്

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കാത്ത കൊറ്റമംഗലം കുടിവെള്ള പദ്ധതി, കെ.കെ.പതി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്ജ് താഴെപ്പറയും പ്രകാരം കുടിശ്ശികയുണ്ട്.

| കുടിവെള്ള പദ്ധതിയുടെ പേര് | കാലയളവ് | വൈദ്യുതി കുടിശ്ശിക | | |
|---|---|---|---|---|
| | | യഥാർത്ഥ കുടിശ്ശിക | പലിശ | ആകെ |
| 1) കൊറ്റമംഗലം പദ്ധതി | 01.04.2020 മുതൽ 01.07.2021 വരെ | 66,643 രൂപ | 70,273 രൂപ | 1,36,916 രൂപ |
| 2) കെ.കെ.പതി പദ്ധതി | 04.02.2021 മുതൽ03.06.2021 വരെ | 22,026 രൂപ | 19,633 രൂപ | 41,659 രൂപ |

ഗുണഭോക്തൃ സമിതികളാണ് ഈ കുടിവെള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരുന്നതെങ്കിലും കൺസ്യൂമർ നമ്പറുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ്. ഈ കുടിശ്ശിക അടയ്ക്കാൻ KSEB റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റത്തവണയായി തുക അടച്ചാൽ പലിശയിൽ ഒരു ഭാഗം ഒഴിവാക്കാമെന്ന് KSEB അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രദേശത്തെ ഗുണഭോക്താക്കൾക്ക് ജലജീവൻ പദ്ധതി പ്രകാരം കണക്ഷൻ കിട്ടി എന്നതിനാൽ ഈ പദ്ധതി ഇനി അവർക്കാവശ്യമില്ല. ഈ പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ തുക ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

53

### 4.37 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2025-ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.01.2025-ലെ 2(3) -ാം നമ്പർ തീരുമാനവും (SRG/402/25 - CC/209/2025)

വിഷയം:- കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 26 കുടിവള്ള പദ്ധതികൾക്ക് 11/2023 മുതൽ 3/2025 വരെ ആകെ 6,66,834 രൂപ വൈദ്യുതി കുടിശ്ശികയുണ്ട്. മുൻകാലങ്ങളിൽ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് വികസനഫണ്ട് ഉപയോഗിച്ചാണ് അടച്ചിരുന്നതെങ്കിലും 2023-24 വർഷം ഇതിനുള്ള പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഗുണഭോക്തൃ സമിതിയുടെ കുടിവെള്ള പദ്ധതി എന്നതിനാലാണ് അംഗീകാരം ലഭിക്കാത്തത്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 98 ശതമാനം തോട്ടം തൊഴിലാളികളാണെന്നും ഇവരിൽ കൂടുതലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ് എന്നുമറിയിച്ചി രിക്കുന്നു. നിലവിൽ ഉപയോഗിക്കാത്ത 13 കുടിവെള്ള പദ്ധതികളുടെയും ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 2 പദ്ധതികളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് കുറവാണ്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ വൈദ്യുതി ചാർജ്ജ് വികസന ഫണ്ടിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

54

### 4.38 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.05.2025-ലെ കത്തും എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.08.2024-ലെ 8(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/507/25 - CC/136/2025)

വിഷയം:- KWA യുടെ പമ്പ് ഹൗസിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നത് 5-ാം വാർഡിലെ കാരമലയിലുള്ള KWA വാട്ടർ ടാങ്കിൽ വെള്ളം ശേഖരിച്ചാണ്. പുറമറ്റം ഗ്രാമപഞ്ചായത്തിലെ പട്ടുതോട് എന്ന സ്ഥലത്തുള്ള KWAയുടെ കിണറിൽ നിന്നും വെള്ളം പമ്പു ചെയ്താണ് KWA വാട്ടർ ടാങ്കിൽ ജലമെത്തിക്കുന്നത്. പമ്പിംഗ് നടത്തുന്നതിന് 40 HP യുടെയും 50 HPയുടെയും മോട്ടോർ പ്രവർത്തിപ്പിക്കാൻ നിലവിലുള്ള 100 KVAയുടെ ട്രാൻസ്ഫോർമറിന് ശേഷിയില്ല. അതിനാൽ 160 KVAയുടെ ട്രാൻസ്ഫോർമർ ഇവിടെ സ്ഥാപിക്കണം. ഇതിനായി 3,40,310 രൂപ നൽകണമെന്ന് KSEB ആവശ്യപ്പെട്ടിട്ടുണ്ട്. KWAയ്ക്ക് ഈ തുക നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 2020-21 വർഷം വിവിധ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് 23.00 ലക്ഷം രൂപയുടെ പ്രോജക്ട് എടുക്കുകയും ഈ തുക KWAയിൽ ഡിപ്പോസിറ്റായി അടയ്ക്കുകയും ചെയ്തിരുന്നു. ഇതിൽ 18,53,671 രൂപ ചെലവഴിച്ചു. ബാക്കി തുക 4,46,329 രൂപ KWA ഗ്രാമപഞ്ചായത്തിന് തിരികെ നൽകി. ഈ തുക വെണ്ണിക്കുളം സൗത്ത് ഇന്ത്യൻ ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്ന് 3,40,310 രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത് 160 KVA യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

55

### 4.39 ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2025-ലെ കത്തുകൾ (2 എണ്ണം) (SRG/519/25)

വിഷയം:- ചങ്ങരോത്ത് ഫെസ്റ്റ് എന്ന സാംസ്കാരിക, വിപണനമേള നടത്തുന്ന പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 220/26 | അടങ്കൽ | 3,00,000 രൂപ (തനത് ഫണ്ട് ) |
| പേര് | ചങ്ങരോത്ത് ഫെസ്റ്റ് | |

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ ടൂറിസം സാധ്യത കൂടി ഉൾപ്പെടുത്തികൊണ്ട് ചങ്ങരോത്ത് ഫെസ്റ്റ് നടത്താനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരിക ഘോഷയാത്ര, സംവാദങ്ങൾ, തുറന്ന ചർച്ചാവേദികൾ, പ്രശസ്തർ കാഴ്ചവയ്ക്കുന്ന കലാവിരുന്നുകൾ, നാടോടി കലാ രൂപങ്ങൾ, കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനമേള മുതലായവയാണ് ഫെസ്റ്റിലൂടെ നടപ്പാക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 5.00 ലക്ഷം രൂപയോളം സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

56

### 4.40 കോഡൂർ ഗ്രാമപഞ്ചായത്ത്

സർക്കാരിന്റെ 02.03.2025-ലെ DA1/9/2025-ാം നമ്പർ കത്തും കോഡൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ കത്തും (SRG/74/25)

വിഷയം:- വയോജനങ്ങൾക്ക് ഉല്ലാസയാത്ര പോകുന്നതിനായി പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

വാർദ്ധക്യത്തിലെത്തിയവർക്ക് അവരുടെ കൂട്ടുകാരോടൊപ്പം ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മറ്റും ഒന്നോ രണ്ടോ ദിവസത്തെ ഉല്ലാസയാത്ര നടത്തുന്നതിന് അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

57

### 4.41 നെടുമുടി ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 16.05.2025-ലെ കത്ത് (SRG/441/25 - CC/190/2025)

വിഷയം:- വയോജനങ്ങൾക്ക് മെത്ത വാങ്ങി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 71/26 | അടങ്കൽ | 4,00,000 രൂപ (വികസനഫണ്ട് - ജനറൽ) |
| പേര് | ശയ്യാവലംബരും നിർദ്ധന രോഗികളുമായ വയോജനങ്ങൾക്ക് മെത്ത വാങ്ങി നൽകൽ - സർക്കാർ അനുമതിയോടെ | |

ശയ്യാവലംബരും നിർദ്ധനരുമായ വയോജനങ്ങൾക്ക് മെത്ത വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

58

### 4.42 Parents Association for Intellectually Disabled ( PAID)

സർക്കാരിന്റെ 27.01.2025-ലെ DA1/19/2025/ തസ്വഭവ നമ്പർ കത്തും ശ്രീ.റ്റിജിൻ ടോം യൂജിൻ, PAID ഇടുക്കി ജില്ലാ ട്രഷറർ -ന്റെ 10.12.2023-ലെ കത്തും അനുബന്ധരേഖകളും (SRG/108/25)

വിഷയം:- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതകാലം മുഴുവൻ സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്

മാനസിക വെല്ലുവിളികൾ നേരിടുന്ന ശയ്യാവലംബരായി വീടുകളിൽ കഴിയുന്ന കുട്ടികൾക്ക് പ്രതിമാസം 1000 രൂപാ വീതം ബത്ത നൽകാൻ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. എന്നാൽ ഇത്തരം വിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന ബത്ത 18 വയസ്സ് കഴിഞ്ഞാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നില്ല എന്നറിയിച്ചിരിക്കുന്നു. ഈ കുട്ടികളുടെ ജീവിത സാഹചര്യം വളരെ ബുദ്ധിമുട്ടുള്ളതായതിനാൽ 18 വയസ്സ് കഴിഞ്ഞവർക്കും ജീവിതാവസാനം വരെ ബത്ത നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

59

**4.43 കണിച്ചാർ ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.05.2025-ലെ കത്തും അനുബന്ധരേഖകളും (SRG/403/25 - CC/531/2024)

വിഷയം:- കണിച്ചാർ ഗ്രാമപഞ്ചായത്തിലെ 29-ാം മൈൽ വെള്ളച്ചാട്ടത്തിനു സമീപം വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ വിഹിതം ലഭിക്കുന്നത് സംബന്ധിച്ച്

കണിച്ചാർ ഗ്രാമപഞ്ചായത്തിലെ തലശ്ശേരി ബാവലി റോഡിൽ 29-ാം മൈൽ വെള്ളച്ചാട്ടത്തിന് സമീപം വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇത് PWD റോഡ് സൈഡിലാണ്. ഇവിടെ വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കാൻ PWD സമ്മതപത്രം നൽകിയിട്ടുണ്ട്. വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 15.00 ലക്ഷ രൂപയാകും. വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കാൻ ശുചിത്വ മിഷനിൽ നിന്ന് വിഹിതം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

60

**4.44 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2024-ലെ കത്തും പന്തളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.12.2024-ലെ 5(2)-ാം നമ്പർ തീരുമാനവും (SRG/435/25)

വിഷയം:- പന്തളം ബ്ലോക്ക് പഞ്ചായത്തിൽ നിർമ്മിച്ച കുട്ടികളുടെ പാർക്കിന്റെ പരിപാലനത്തിനായി കെയർടേക്കറെ നിയമിക്കുന്നത് സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് 2023-24, 2024-25 വർഷം 12.00 ലക്ഷം രൂപ ചെലവഴിച്ച് ശിശു സൗഹൃദ പാർക്ക് നിർമ്മിച്ചിരുന്നു. കളി ഉപകരണങ്ങളും മറ്റും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഈ പാർക്കിന്റെ പരിപാലനത്തിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കൃത്യമായി നടപ്പാക്കുന്നതിനുമായി തനത് ഫണ്ട് ഉപയോഗിച്ച് ഒരു കെയർ ടേക്കറെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനായി 2024-25 വർഷം തനത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് എടുത്തിരുന്നു.

61

**4.45 കരിമ്പുഴ ഗ്രാമപഞ്ചായത്ത്**

കരിമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.06.2025-ലെ SC1/101/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/491/25)

വിഷയം:- ഭീകരാക്രമണത്തിൽ വിരമൃത്യു വരിച്ച ലഫ്. കേണൽ നിരഞ്ജന്റെ ഓർമ്മയ്ക്കായി അർദ്ധകായ പ്രതിമ സ്ഥാപിക്കുന്നത് സംബന്ധിച്ച്

ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ലഫ്. കേണൽ നിരഞ്ജന്റെ ജന്മനാടായ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലുമ്പാശ്ശേരി എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അർദ്ധകായ പ്രതിമ സ്ഥാപിക്കാൻ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ( പ്രോ.നം. 222/26, അടങ്കൽ 3.00 ലക്ഷം രൂപ, തനത്ഫണ്ട് ) എന്നാൽ പൊതു സ്ഥലത്ത് പ്രതിമ സ്ഥാപിക്കാൻ ബഹു. ഹൈക്കോടതിയുടെ നിയന്ത്രണമുള്ളതിനാൽ എലുമ്പാശ്ശേരി യുവജന വായനശാല & കലാസമിതിയുടെ കോമ്പൗണ്ടിനുള്ളിൽ നിരഞ്ജൻ പ്രതിമ സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനായി ബന്ധപ്പെട്ട അധികൃതർ അനുമതി നൽകിയിട്ടുണ്ട്.

62

**4.46 Kerala Auto Mobiles Ltd.**

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് (KAL) ചെയർമാന്റെ 07.05.2025-ലെ കത്തും അനുബന്ധരേഖകളും (SRG/470/25)

വിഷയം:- കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന ഇലക്ട്രിക് കാർട്ടുകളും ഇലക്ട്രിക് ഓട്ടോറിക്ഷകളും തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് (KAL) ഇലക്ട്രിക് കാർട്ടുകളും ഓട്ടോറിക്ഷയും നിർമ്മിക്കുന്നുണ്ട്. ഒപ്പം ലോർഡ്സ് ഓട്ടോമാറ്റിവ് പ്രൈവറ്റഡ് ലിമിറ്റഡ് എന്ന കമ്പനിയും KAL മായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടർ/ട്രൈ സ്കൂട്ടർ നിർമ്മിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. 310

കിലോ ഗ്രാം ഭാരം വഹിക്കാൻ കഴിയുന്ന ഇലക്ട്രിക് കാർട്ടുകൾക്ക് മൂന്നടിയിൽ താഴെ മാത്രം വീതിയുള്ളതിനാൽ ഇടുങ്ങിയ ഇടവഴികളിലൂടെയും സഞ്ചരിക്കാം. ഇത് മാലിന്യം ശേഖരിക്കുന്നതിന് കൂടുതൽ സഹായകരമാണ്.

പൊതു സംഭരണ ഉപദേശകാര്യ വകുപ്പിന്റെ 11.03.2025-ലെ 3/2025/PPADനമ്പർ ഉത്തരവ് പ്രകാരം KAL നിർമ്മിക്കുന്ന ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധനയോടെ ടെണ്ടർ കൂടാതെ 11.03.2025 മുതൽ ഒരു വർഷത്തേയ്ക്ക് വാങ്ങാൻ അനുമതിയുണ്ട്.

"KAL ന്റെ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. KAL വാഗ്ദാനം ചെയ്തിട്ടുള്ള അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷം വാറന്റി, 5 ഫ്രീ സർവ്വീസ് തുടങ്ങിയവ KAL നൽകണം. KAL നൽകുന്ന വാഹനത്തിന്റെ വില PIAGGIO, MAHINDRA മുതലായ പ്രമുഖ കമ്പനികളുടെ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനങ്ങളുടെ മാർക്കറ്റ് വിലയേക്കാൾ കൂടാൻ പാടില്ല". ഇവയാണ് സർക്കാർ ഉത്തരവിലെ നിബന്ധനകൾ. ഇവ പരിഗണിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമനുസരിച്ച് KAL ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക് കാർട്ടുകളും ഇലക്ട്രിക് ഓട്ടോറിക്ഷകളും വാങ്ങുന്നതിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

63

**4.47 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.05.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.04.2025-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/404/25 - CC/240/2025)

വിഷയം:- ലഹരി വിമുക്ത കാമ്പയിന്റെ ഭാഗമായുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 528/26 | അടങ്കൽ | 1,70,00,000 രൂപ<br>(തനത് ഫണ്ട്-30,00,000 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം -1,40,00,000- |
| പേര്:- | ലഹരി വിമുക്ത കോഴിക്കോട് | |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളെയും സംഘടനകളെയും വ്യക്തികളെയും ഉൾപ്പെടുത്തി 2 മില്യൺ പ്ലഡ്ജ് എടുക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമാണ് പ്രോജക്ട്. ലഹരി വിമുക്ത പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

64

**4.48 <u>കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്</u>**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2025-ലെ കത്തും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.10.2025-ലെ 1(1)-ാം നമ്പർ തീരുമാനവും (SRG/498/25 CC/218/25)

വിഷയം:- ഗാർഹിക LPG കണക്ഷൻ എടുത്തിട്ടുള്ളവർക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 204/26 | അടങ്കൽ | 77,99,634 രൂപ<br>(തനത് ഫണ്ട് ) |
| പേര് | ഗാർഹിക എൽ.പി.ജി. സബ്സിഡി | |

അർഹതയുള്ള റേഷൻകാർഡുടമകൾക്ക് രണ്ട് മാസത്തിലൊരിക്കൽ ഒരു LPG സിലിണ്ടറിന് 25 ശതമാനം സബ്സിഡി നൽകാൻ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

65

### 4.49 ഐക്കരനാട് ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/605/25 – CC/232/25)

വിഷയം:- ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ യോഗ്യരായ ഉണഭോക്താക്കൾക്ക് LPG സബ്സിഡി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 144/26 | അടങ്കൽ | 43,00,000 രൂപ (തനത് ഫണ്ട്) |
| പേര് | പാചക വാതക ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി | |

ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ യോഗ്യരായ LPG ഉപഭോക്താക്കൾക്ക് രണ്ട് മാസത്തിലൊരിക്കൽ ഒരു സിലിണ്ടറിന് 25 ശതമാനം സബ്സിഡി നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിക്കുന്നു

66

### 4.50 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 02.05.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 03.04.2025-ലെ LSGD/DP/KNR/355/2024 – B5 നമ്പർ കത്തും അനുബന്ധരേഖകളും (SRG/361/25 – CC/184/2025)

വിഷയം:- ജില്ലാ കേരളോത്സവത്തിന് ജില്ലാ പഞ്ചായത്തിൽ നിന്ന് അധികമായി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 94/25 | അടങ്കൽ | 8,00,000 ലക്ഷം രൂപ |
| | | (തനത്ഫണ്ട് – 4,00,000 ലക്ഷം രൂപ<br>മറ്റ് ധനസഹായം – 4,00,000 ലക്ഷം രൂപ) |
| *പേര്* | കേരളോത്സവം | |

കണ്ണൂർ ജില്ലയിൽ 2024-ലെ കേരളോത്സവത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന് 4.00 ലക്ഷം രൂപ ചെലവഴിക്കാനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്ന് 4.00 ലക്ഷം രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ യുവജനക്ഷേമ ബോർഡിൽ നിന്ന് 1.00 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത്. അതിനാൽ കുറവു വന്ന 3.00 ലക്ഷം രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്ന് 7.00 ലക്ഷം രൂപയും യുവജനക്ഷേമ ബോർഡിൽ നിന്ന് 1.00 ലക്ഷം രൂപയുമാണ് ആകെ ചെലവ്. കുറവു വന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്ന് ചെലഴിച്ചതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

67

### 4.51 മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2024-ലെ 1429498/2025 –ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.05.2025-ലെ 12(1)–ാം നമ്പർ തീരുമാനവും. (SRG/531/25)

വിഷയം:- പുഷ്പഫല കാർഷിക പ്രദർശന വിപണന മേളയ്ക്ക് അധികമായി വന്ന ചെലവിന് സാധൂകരണം സംബന്ധിച്ച്

മലപ്പുറം ജില്ലാ പഞ്ചായത്തും കൃഷി വകുപ്പും ചേർന്ന് ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് 2025 ജനുവരി 2 മുതൽ 6 വരെ 'നിറപൊലി 2025' എന്ന പേരിൽ പുഷ്പഫല കാർഷിക വിപണനമേള നടത്തിയിരുന്നു. ഇതിനായി 2024-25 വർഷം തനത് ഫണ്ട് ഉപയോഗിച്ച് 30.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു (പ്രോ.നം.1779/25). ആദ്യമായി സംഘടിപ്പിച്ച മേള എന്നതിനാൽ മുൻകൂട്ടി കാണാൻ കഴിയാത്ത താഴെപ്പറയുന്ന അധിക ചെലവുകൾ ഉണ്ടായി.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | സ്റ്റാളുകളിൽ AC സ്ഥാപിച്ചത് | 4,15,235 രൂപ |
| 2 | പബ്ലിസിറ്റി | 6,86,862 രൂപ |
| 3 | തുണി സഞ്ചി | 2,26,000 രൂപ |
| | **ആകെ** | **13,28,097 രൂപ** |

മേള തുടങ്ങിയതിനുശേഷമാണ് AC സൗകര്യമൊരുക്കാനും തുണി സഞ്ചി നൽകാനും തീരുമാനമായത്. പബ്ലിസിറ്റിക്ക് 1.30 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. പരമ്പരാഗത പരസ്യത്തിനു പകരം പ്രശസ്തരുടെ വീഡിയോ ബൈറ്റുകളും റീൽസും ഉൾപ്പെടുത്തിയതിനാലാണ് അധിക തുക ചെലവായത്. ഈ സാഹചര്യത്തിലാണ് ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ അധിക തുക ചെലവഴിച്ചതെന്നും ഇതിനു സാധൂകരണം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

68

### 4.52 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.01.2025–ലെ കത്ത് – (ലഭിച്ചത് 8.5.2025– ന്) (SRG/461/25)

വിഷയം:– ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആർട്ട് ഫെസ്റ്റ് നടത്താൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 745/26 | അടങ്കൽ | 10,00,000 രൂപ (തനത് ഫണ്ട് ) |
| പേര് | ആർട്ട് ഫെസ്റ്റ് | |

കൊല്ലം ജില്ലാ പഞ്ചായത്ത് ആർട്ട് ഫെസ്റ്റ് എന്ന പേരിൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജില്ലയിൽ നിന്ന് ദേശീയ തലത്തിൽ അംഗീകാരം നേടിയ കലാപ്രതിഭകളെ അനുമോദിക്കുക, അവരുടെ കലാ പ്രകടനങ്ങൾക്ക് അവസരം നൽകുക, സംസ്ഥാനതലത്തിൽ ശ്രദ്ധനേടിയ കലാപ്രതിഭകളുടെ പ്രോഗ്രാം സംഘടിപ്പിക്കുക, കേരളീയ കലാരൂപങ്ങളെ സംബന്ധിച്ച പഠനക്ലാസ്സ്, കലാ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന് താല്പര്യമുണ്ടാക്കാൻ സെമിനാറുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ആർട്ട്ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ ആകെ അടങ്കൽ 25.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നതായി അറിയിച്ചിരിക്കുന്നതെങ്കിലും പിന്നീട് പ്രോജക്ട് ഭേദഗതി ചെയ്ത് 10.00 ലക്ഷമായി കുറച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

69

### 4.53 ളാലം ബ്ലോക്ക് പഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025–ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും (SRG/626/25 – CC/326/25)

വിഷയം:– ഈസി കിച്ചൺ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 54/26 | അടങ്കൽ | 41,96,200 രൂപ<br>(എസ്.സി.പി – 22,11,200 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം – 19,85,000 രൂപ ) |
| *പേര്* | പട്ടികജാതി കുടുംബങ്ങൾക്കുള്ള ഈസി കിച്ചൺ പദ്ധതി – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | |

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024–ലെ യോഗ തീരുമാനപ്രകാരമുള്ള 27.12.2024–ലെ 2544/24/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം **'ഈസി കിച്ചൺ'** എന്ന പേരിൽ അടുക്കള നവീകരിക്കുന്നതിന് 75,000 രൂപ വീതം ഗുണഭോക്താക്കൾക്ക്നൽകാം. സർക്കാർ ഉത്തരവനുസരിച്ച് ഈ പ്രോജക്ടുകൾ ഗ്രാപഞ്ചായത്തുകൾക്കും നഗര സഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയാത്തതിനാൽ ളാലം ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് എടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ 159 SC കുടുബങ്ങളിലെ അടുക്കളകൾ സുരക്ഷിതവും ആരോഗ്യകരവുമല്ലെന്ന് പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മുത്തോലി | 32 |
| 2 | കൊഴുവനാൽ | 10 |
| 3 | ഭരണങ്ങാനം | 19 |
| 4 | കരൂർ | 57 |
| 5 | മീനച്ചിൽ | 19 |
| 6 | കടനാട് | 12 |
|  | **ആകെ** | **159** |

പട്ടികജാതി വിഭാഗത്തിലെ കുടുംബത്തിന് ഈസി കിച്ചൺ (അടുക്കള നവീകരണം) നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**70**

**4.54 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2025 ലെ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 09.06.2025 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 608/25 – CC/321/25)

വിഷയം:- തുമ്പപ്പൂ എന്ന പേരിൽ ഓണാഘോഷ പരിപാടി സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

| പ്രോ.നം: 182/26 | അടങ്കൽ | 3,00,000 രൂപ |
|---|---|---|
|  |  | (തനത് ഫണ്ട്) |
| *പേര്* | തുമ്പപ്പൂ – ജില്ലാ പഞ്ചായത്ത് ഓണാഘോഷം 2025 |  |

എറണാകുളം ജില്ലാ പഞ്ചായത്ത് – ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് 2025-26 വർഷം മുതൽ തുമ്പപ്പൂ എന്ന പേരിൽ ഓണാഘോഷ പരിപാടി നടപ്പാക്കുന്നു. ഈ പ്രോജക്ടിനു കഴിഞ്ഞവർഷം കോഓർഡിനേഷൻ കമ്മിറ്റി സാധൂകരണം നൽകിയിരുന്നു. ഈ പരിപാടിയുടെ ഭാഗമായി വിവിധ കലാപരിപാടികൾ, കായിക മത്സരങ്ങൾ, പ്രദർശന പരിപാടികൾ, ദീപാലങ്കാരം, മറ്റ് ആഘോഷങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവയാണ് ഓണാഘോഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**71**

**4.55 <u>പരുതൂർ ഗ്രാമപപഞ്ചായത്ത്</u>**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.07.2025-ലെ കത്തും പരുതൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.07.2025-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/657/25 – CC/374/25)

വിഷയം:- MCF സ്ഥാപിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം. 257/23 | അടങ്കൽ | 5,50,000 രൂപ (ശുചിത്വ മിഷൻ വഹിതം) |
|---|---|---|
| പേര് | MCF സ്ഥാപിക്കൽ |  |

പരുതൂർ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022-23 വർഷം IRTC മുണ്ടൂർ മുഖേന ഓരോ മിനി MCF കൾ സ്ഥാപിച്ചിരുന്നു. 2022-23 വർഷം ഇതിനായി 5.50 ലക്ഷം രൂപ വകയിരുത്തി (പ്രോ.നം. 257/23) പ്രോജക്റ്റ് എടുത്തിരുന്നു. ഇത് 2023-24 വർഷം സ്പിൽഓവർ ആയി തുടർന്നിരുന്നു (പ്രോ.നം.220/24). ഈ രണ്ടുവർഷങ്ങളിലും നിർവ്വഹണ ഏജൻസിയായ IRTC ക്ക് തുക നൽകിയില്ല. 2024-25 വർഷം ഈ പ്രോജക്റ്റ് സ്പിൽഓവർ ആക്കാൻ വിട്ടുപോയി. ഈ സാഹചര്യത്തിൽ 2022-23 -ൽ വർഷം സ്ഥാപിച്ച 16 മിനി MCFകളുടെ ബിൽ തുക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 2025-26 വർഷം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

72

## 4.56 വയനാട് ജില്ലാ ആസൂത്രണസമിതി

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.03.2025-ലെ 196121/2024/DPC/DPO/വയനാട് നമ്പർ കത്തും വയനാട് ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രം പ്രിൻസിപ്പലിന്റെ B/751/2024-ാം നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രോജക്ട് റിപ്പോർട്ടും (SRG/336/25)

വിഷയം:- വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സംയുക്ത പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സമഗ്രമായ ഒരു വിദ്യാഭ്യാസ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ട്രൈബൽ എഡ്യൂക്കേഷൻ മാനേജ്മെന്റ് സിസ്റ്റം (TEMS) എന്ന പേരിൽ സംയുക്ത പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യം. ഇതിന് താഴെപ്പറയുന്ന രീതിയിലാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

| | | |
|---|---|---|
| 1) | സ്റ്റുഡന്റ് സപ്പോർട്ട് സിസ്റ്റം | 1,08,60,000 രൂപ |
| 2) | ഡിജിറ്റൽ അറ്റൻഡൻസ് മോണിറ്ററിംഗ് സിസ്റ്റം | 9,90,000 രൂപ |
| 3) | സ്കില്ലിംഗ് പ്രോഗ്രാം- വൊക്കേഷണൽ വിദ്യാഭ്യാസം | 33,25,000 രൂപ |
| 4) | സ്മാർട്ട് പേരന്റ് - രക്ഷാകർതൃ വിദ്യാഭ്യാസ പദ്ധതി | 27,50,000 രൂപ |
| 5) | സാമൂഹിക വൈകാരിക ക്ഷേമം | 16,85,000 രൂപ |
| 6) | പട്ടികവർഗ്ഗ ഭവനങ്ങൾക്കുള്ള അടിസ്ഥാന പഠന സൗകര്യ പിന്തുണ | 25,00,000 രൂപ |
| 7) | പെർമോൻസ് മോണിറ്ററിംഗ് & ഫീഡ് ബാക്ക് മെക്കാനിസം | 4,08,000 രൂപ |
| 8) | ഓറിയന്റേഷൻ ട്രെയിനിംഗ് | 30,75,700 രൂപ |
| | **ആകെ** | **2,55,93,700 രൂപ** |

സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞു പോകൽ തടയുക, അക്കാദമിക് പഠനം മെച്ചപ്പെടുത്തുക, തൊഴിൽ/ ജീവിത നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ പ്രക്രിയയിൽ മാതാപിതാക്കളുടെ ഇടപെടൽ ശക്തിപ്പെടുത്തുക തുടങ്ങിയവയ്ക്കാണ് പ്രോജക്ട്. ഈ പ്രോജക്ട് സംയുക്ത പദ്ധതിയായി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

73

## 4.57 ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2024-ലെ കത്ത് (SRG/286/25)

വിഷയം:- പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരം വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകാവുന്നത്. ഇതോടൊപ്പം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

74

## 4.58 മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.05.2025-ലെ കത്ത് (SRG/442/25 - CC/195/2025)

വിഷയം:- കയർ, കാർഷിക മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകാൻ അനുമതി സംബന്ധിച്ച്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. കയർ, കാർഷിക മേഖലയിലെ തൊഴിലാളികളുടെ മക്കൾക്കും പഠനോപകരണം വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

75

### 4.59 ആലപ്പുഴ ജില്ലാപഞ്ചായത്ത്

_ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2025-ല കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.05.2025-ലെ 985926/25-ാം നമ്പർ കത്തും (SRG/447/25 - CC/242/2025)

വിഷയം:- അഭ്യസ്തവിദ്യരായ പട്ടികജാതി വിഭാഗത്തിലെ യുവതി-യുവാക്കൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| (i) പ്രോ.നം. 66/26 | അടങ്കൽ | 50,00,000 രൂപ (എസ്.സി.പി) |
| പേര് | ആലപ്പുഴ ജില്ലാപഞ്ചായത്ത് 2025-26 നേഴ്സിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതികൾക്ക് ആശുപത്രികളിൽ അപ്രന്റീസ് നിയമനം | |
| പ്രോ.നം. 67/26 | അടങ്കൽ | 30,00,000 രൂപ |
| പേര് | ആലപ്പുഴ ജില്ലാപഞ്ചായത്ത് 2025-26 എഞ്ചിനീയറിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതി-.യുവാക്കൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അപ്രന്റീസ് നിയമനം | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നേഴ്സിംഗ് യോഗ്യതയുള്ള യുവതികളെ സർക്കാർ ആശുപത്രികളിൽ അപ്രന്റീസ് ആയി നിയമിച്ച് സ്റ്റൈപന്റ് നൽകാൻ പ്രോജക്റ്റ് എടുത്തിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകാവുന്ന സ്റ്റൈപന്റ് പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റിനേക്കാൾ കുറവാണ്. അതിനാൽ ഗുണഭോക്താക്കളെ കിട്ടാത്ത സാഹചര്യമുണ്ട്. ഇതേ പ്രശ്നം ജില്ലാ പഞ്ചായത്തിന്റെ 67/25-ാം നമ്പർ പ്രോജക്റ്റിനുമുണ്ട്. ഈ പ്രോജക്റ്റ് പ്രകാരം എഞ്ചിനീയറിംഗ് യോഗ്യതയുള്ള യുവതി-യുവാക്കളെയാണ് അപ്രന്റീസായി നിയമിക്കുന്നത്. ഇവിടെയും മാർഗ്ഗേരേഖ പ്രകാരമുള്ള നിരക്കിനേക്കാൾ കൂടുതലാണ് പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റ്. അതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള സ്റ്റൈപന്റും പട്ടികജാതി വികസന വകുപ്പിന്റെ സ്റ്റൈപന്റും ഏകീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

76

### 4.60 മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.06.2025-ലെ കത്തും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.01.2025-ലെ 9.2-ാം നമ്പർ തീരുമാനവും (SRG/511/25 - CC/70/2025)

വിഷയം:- മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ബാലകൈരളി അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ 1995-96 സാമ്പത്തിക വർഷം മുതൽ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് ബാലകൈരളി. ഒരു ക്ലാസ്സിൽ 20 കുട്ടികൾ എന്ന കണക്കിൽ 2 അദ്ധ്യാപകരാണ് ഒരു സ്കൂളിൽ ഉള്ളത്. ഈ കുട്ടികൾക്ക് പോഷകാഹാരവും നൽകുന്നു. അദ്ധ്യാപകർക്ക് നിലവിൽ 6000 രൂപയാണ് ഓണറേറിയമായി നല്കുന്നത്. ഈ വർഷം ഓണറേറിയം നൽകുന്നതിനായി 15,84,000 രൂപയും പോഷകാഹാരം നൽകുന്നതിന് 7,00,000 രൂപയും മാറ്റി വച്ചിട്ടുണ്ട്. വികസനഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നതെന്നറിയിച്ചിട്ടുണ്ട്. ബാലകൈരളി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| 1. ബാലകൈരളിയുടെ എണ്ണം | 11 |
| 2. ബാലകൈരളിയിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം | 219 |
| 3. അദ്ധ്യാപകരുടെ എണ്ണം<br>(ഒരു സെന്ററിൽ 2 പേർ വീതം | 22 |
| 4. പോഷകാഹാരം നൽകുന്നതിനായി നീക്കി വയ്ക്കുന്ന പദ്ധതി വിഹിതം | 7,00,000 രൂപ |
| 5. സ്വന്തമായി കെട്ടിടമുള്ള ബാലകൈരളികളുടെ എണ്ണം | 6 |
| 6. മറ്റു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ബാലകൈരളികളുടെ എണ്ണം | 5 |

ബാലകൈരളിയിലെ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

77

**4.61 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്**

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.05.2025-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.06.2024-ലെ 104276/22/DPC/DPO/EKM നമ്പർ കത്തും അനെർട്ട് ഡയറക്ടറുടെ 08.05.2025-ലെ 01/ANERT/PMS/EKM-2025-26 നമ്പർ കത്തും (SRG/439/25 - CC/285/2024)

വിഷയം:- സൗര മേൽക്കൂര പദ്ധതിയിൽ 2KW വൈദ്യുതി പ്ലാന്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 58/24 | അടങ്കൽ | 4,10,000 രൂപ (തനത് ഫണ്ട്) |
| പേര്:- | സൗരഗ്രാമം പദ്ധതി | |

സൗര മേൽക്കൂര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കാനുള്ള 2023-24-ലെ പ്രോജക്ട് 2025-26 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം 1KW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റാണ് സ്ഥാപിക്കാവുന്നത്. സ്പെസിഫിക്കേഷനും കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കും എന്നും മാർഗ്ഗരേഖയിലുണ്ട്. നിലവിൽ അനെർട്ട് 2KWക്കു മുകളിൽ ശേഷിയും അതനുസരിച്ചുള്ള സബ്സിഡിയും ഉൾക്കൊള്ളുന്ന സൗര മേൽക്കൂര പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനമാണ് നടത്തുന്നത്. അതിനാൽ 2KW നു മുകളിൽ ശേഷിയുള്ള സൗര മേൽക്കൂര പ്ലാന്റ് ഗ്രിഡ് മുഖേന (ഓൺഗ്രിഡ്) സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

78

**4.62 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.06.2025-ലെ കത്തും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.07.2025-ലെ SC1 - 01/25-ാം നമ്പർ കത്തും. (SRG/509/25 - CC/169/2025)

വിഷയം:- കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വേളവന്നൂർ യു.പി.എസിൽ നടത്തിയ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വേളവന്നൂർ യു.പി.എസ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ SSK (Samagra Shikha Kerala) 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. SSK ആവശ്യപ്പെട്ടതനുസരിച്ച് സിവിൾ വർക്കിനായി 5.00 ലക്ഷം രൂപയും മറ്റു പ്രവൃത്തികൾക്കായി 5.00 ലക്ഷം രൂപയും 2022-23 വർഷം ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നു. സിവിൾ വർക്ക് പൂർത്തിയായി ബിൽ നൽകി. കുട്ടികളുടെ മനസ്സിനിണങ്ങുംവിധമുള്ള ചിത്രീകരണ പ്രവൃത്തികളാണ് ഡ്രീം ഇന്ത്യ നടപ്പാക്കിയത്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്കൂളിന്റെ ഹെഡ്മിസ്ട്രസ് ആണ്. പ്രവേശന കവാടം, കിഡ്സ് പാർക്ക്, ശലഭ പാർക്ക്, പ്രവേശന കവാടത്തിലെ മതിലിലുള്ള ചിത്രകലകൾ തുടങ്ങിയവ ഇതിലുൾപ്പെടും. SSK നടത്തിയ ടെണ്ടറിലൂടെയാണ് ഡ്രീം ഇന്ത്യയെ തെരഞ്ഞെടുത്തത്. ഡ്രീം ഇന്ത്യ നടപ്പാക്കിയ പ്രവൃത്തികൾ സ്പിൽഓവറായി ചേർക്കാത്തതിനാലും സമയത്ത് വെറ്റിംഗ് നടത്താത്തതിനാലുമാണ് ബിൽ തുക നൽകാത്തത്. 2024-25 വർഷം ഇതിനായി 5.00 ലക്ഷം രൂപ വകയിരുത്തി (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ വെറ്റിംഗ് നടപടി പൂർത്തിയാക്കി. 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി 2023-24-ൽ പൂർത്തിയാക്കിയതാണ്. 20.05.2023 നാണ് ബിൽ നൽകിയത് എന്നതിനാൽ പുതിയ പ്രോജക്ടിൽ നിന്ന് തുക നൽകാൻ ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. പുതിയ പ്രോജക്ടിൽ നിന്ന് ബിൽ തുക നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

79

**4.63 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/603/25 - CC/222/25)

വിഷയം:- പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം. 200/26 | അടങ്കൽ | 19,00,000 രൂപ |
|---|---|---|
| | | (തനത് ഫണ്ട് ) |
| പേര് | വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ – ജനറൽ | |

മാർഗ്ഗരേഖ പ്രകാരമുള്ള വാർഷിക വരുമാനത്തിനു വിധേയമായി പൊതുവിഭാഗത്തിൽപ്പെട്ട ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

80

## 4.64 Kerala Rural Employment & Welfare Society

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ 28.04.2025-ലെ A/277/2022- ാം നമ്പർ കത്തും ക്രൂസ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ 20(6) -ാം നമ്പർ തീരുമാനവും (SRG/542/25 – LSGD/IB1/18/2023/LSGD)

വിഷയം:- ക്രൂസ് ഉല്പാദിപ്പിക്കുന്ന ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.07.2022-ലെ യോഗ തീരുമാന പ്രകാരമുള്ള (ഖണ്ഡിക 4.49) 22.08.2022-ലെ 2054/22/ തസ്വഭവ നമ്പർ ഉത്തരവനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ, വൃദ്ധജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് യൂണിറ്റ് ആരംഭിക്കാൻ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിക്ക് (ക്രൂസ്) അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിച്ച് മേശ, കട്ടിൽ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. അതിനാൽ ക്രൂസിന്റെ ഫർണിച്ചർ യൂണിറ്റിനെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്രൂസ് നിർമ്മിക്കുന്ന ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

81

## 4.65 മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.06.2025-ലെ DP/mpm/22/2025-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 12.05.2025-ലെ ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/525/25)

വിഷയം:- നിലമ്പൂർ മൈനോറിറ്റി ബ്ലോക്ക് – സ്കിൽ ഡെവലപ്മെന്റ് കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന് വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച്

മലപ്പുറം ജില്ലയിലെ നിലമ്പൂർ മൈനോറിറ്റി ബ്ലോക്കിലേയ്ക്ക് പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം (PMJVK) – 2021-22 പദ്ധതി പ്രകാരം സ്കിൽ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 792.42 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ചാലിയാർ ഗ്രാമപഞ്ചായത്തിലാണ് ഈ സെന്റർ നിർമ്മിക്കുന്നത്. ഇതിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്കിൽ ഡെവലപ്മെന്റ് ഏജൻസികളുടെ സഹായത്തോടെ യുവജനതയുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് സെന്ററിന്റെ ലക്ഷ്യം. സെമിനാർ റൂം, ഇലക്ട്രോണിക് ലാബ്, സർവ്വെ & GPS ലാബ്, ഐ.റ്റി. ലാബ്, കൗൺസിലിംഗ് സെന്റർ, സ്റ്റോർ റൂം, തുടങ്ങിയ സൗകര്യങ്ങളോടെ 3519.72 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കെട്ടിടത്തിനുണ്ട്. GST നിരക്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിലുമുള്ള വ്യതിയാനം മൂലം എസ്റ്റിമേറ്റ് റിവൈസ്ഡ് ചെയ്യേണ്ടി വന്നിട്ടുണ്ട്. അതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 65.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.രാജ്യസഭാ എം.പി. ശ്രീ.അബ്ദുൾ വഹാബ് പി.വി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

82 **4.66 ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്**

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2025-ലെ SC1/1500/2025-ാം നമ്പർ കത്ത് (SRG/651/25 - CC/383/25)

വിഷയം:- റോഡ് വികസനത്തിനായി ഭൂമി വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 58/26 | അടങ്കൽ | 8,00,000 രൂപ (തനത് ഫണ്ട്) |
| പേര് | പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് സ്ഥലം ഏറ്റെടുക്കൽ | |

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ നിള ഹോസ്പിറ്റൽ ഷൊർണ്ണൂർ ഐ.പി.ടി. റോഡിന് നവീകരണ പ്രവൃത്തികൾ നടക്കുന്നുണ്ട്. ഇത് കിഫ്ബി മുഖേനയാണ് നടപ്പാക്കുന്നത്. PWD ഉടമസ്ഥതയിലുള്ള ഈ റോഡിന്റെ വാടാനം കുറിശ്ശി ഹൈസ്കൂളിന്റെ താഴ്ഭാഗത്തു നിന്നും ആരംഭിച്ച് റെയിൽവേ ഗേറ്റിനും ഇടയിൽ നെൽപ്പാടത്ത് കൂടി പോകുന്ന റോഡിന് കിഫ്ബി നിഷ്കർഷിക്കുന്ന വീതിയില്ല. റോഡിന്റെ വികസനത്തിനായി നെൽപ്പാടം ഉൾക്കൊള്ളുന്ന ഭൂമി ലഭ്യമാക്കണമെന്ന് KRFB ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി ഓങ്ങല്ലൂർ 2 വില്ലേജിൽ ബ്ലോക്ക് 33 റിസർവ്വേ 296/1-3, 285/2-3 നമ്പറിൽപ്പെടുന്ന 3.91 ആർ (9.66 സെന്റ്) സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തഹസിൽദാറുടെ വാല്യുവേഷൻ പ്രകാരം ഒരു ആറിന് 1,50,000 രൂപയാണ് (ഒരു സെന്റിന് 60,976 രൂപ) വില നിശ്ചയിച്ചിരിക്കുന്നത്. സ്ഥലമുടമ ഒരു സെന്റിന് 78,000 രൂപയാണ് ആവശ്യപ്പെടുന്നത്. വാല്യുവേഷൻ തുകയെക്കാൾ 30 ശതമാനം അധിക തുക നൽകി ഈ സ്ഥലം റോഡിന്റെ ആവശ്യത്തിനായി വാങ്ങി കിഫ്ബിക്ക് വിട്ടു നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

83 **4.67 Kerala State Co-operative Consumer's Federation**

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ (Consumerfed) മാനേജിംഗ് ഡയറക്ടറുടെ 21.02.2025-ലെ CFED/MSD/2347/2025 26-ാം നമ്പർ കത്തും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ 4.33-ാം നമ്പർ തീരുമാനവും. (SRG/287/25)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ കൺസ്യൂമർ ഫെഡിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്.

സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇ-ടെണ്ടർ നടപടിയിലൂടെയാണ് കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങുന്നത്. അതിനാൽ മറ്റൊരു ടെണ്ടർ നടപടിയില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മറ്റു സ്ഥാപനങ്ങൾക്കും ആവശ്യമായ താഴെപ്പറയുന്ന സാധനങ്ങൾ നേരിട്ട് വാങ്ങാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ കൺസ്യൂമർ ഫെഡിനെ ഉൾപ്പെടുത്തണമെന്ന് കൺസ്യൂമർഫെഡ് ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

(i) നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും
(ii) നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള സ്കൂൾ, ഓഫീസ്, സ്റ്റേഷനറി ഉല്പന്നങ്ങൾ
(iii) ജീവൻ രക്ഷാ മരുന്നുകൾ, വെറ്ററിനറി മരുന്നുകൾ, മെഡിക്കൽ ഉല്പന്നങ്ങൾ
(iv) ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉല്പന്നങ്ങൾ
(v) CDS നും ICDS നും ആവശ്യമായ കിറ്റുകൾ, ഭക്ഷ്യ ഉല്പന്നങ്ങൾ

സ്റ്റോർപർച്ചേസ് മാന്വലിന്റെ 9.22, 9.23 ഖണ്ഡികകൾ ബാധകമായിട്ടുള്ള Annexure-16 ലെ സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ഉല്പാദന വ്യവസായ സ്ഥാപനങ്ങളുടെ പരിധിയിൽ കൺസ്യൂമർഫെഡ് ഉൾപ്പെടുന്നില്ലെന്ന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് സ്വന്തമായി ഉൽപാദിപ്പിക്കുന്നതും ഇടനിലക്കാരായി പ്രവർത്തിച്ച് വിതരണം നടത്തുന്നതുമായ ഉല്പന്നങ്ങൾക്കായി ടെണ്ടർ/ക്വട്ടേഷൻ ഇളവ് അനുവദിക്കുന്ന കാര്യം മാന്വൽ പ്രകാരം പരിഗണിക്കാൻ കഴിയില്ല എന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ 30.01.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ കൺസ്യൂമർഫെഡിന്റെ ആവശ്യം നിരസിച്ചിരുന്നു. ഈ തീരുമാനം പുനഃപരിശോധിച്ച് ടെണ്ടർ/ ക്വട്ടേഷൻ ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൺസ്യൂമർ ഫെഡിൽ നിന്ന് സാധനങ്ങൾ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

84

### 4.68 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/659/25 – CC/219/25)

വിഷയം:- വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 201/26 | അടങ്കൽ | 71,40,408 രൂപ |
| | | (തനത് ഫണ്ട് ) |
| പേര് | വൈദ്യുതി ചാർജ്ജ് സബ്സിഡി | |

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ 300 യൂണിറ്റിൽ താഴെ ദ്വൈമാസ ഉപയോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിന്റെ 25 ശതമാനം തുക സബ്സിഡിയായി നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

85

### 4.69 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.07.2025-ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.05.2025-ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.05.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/504/25 – CC/249/25, SRG/472/25)

വിഷയം:- റോഡിനു സൗജന്യമായി ലഭിച്ച ഭൂമിയുടെ ആധാരത്തിലെ തെറ്റ തിരുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 182/25 | അടങ്കൽ | 17,56,500 രൂപ<br>(CFC Baic Grant) |
| പേര്:- | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് 2023-24 പണി കുളമ്പ് റോഡ് പുനരുദ്ധാരണം – പുതുനഗരം ഗ്രാമപഞ്ചായത്ത് | |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പുതുനഗരം ഗ്രാമപഞ്ചായത്തിലെ പണികുളമ്പ് റോഡ് പുനരുദ്ധാരണത്തിന് 2023-24-ൽ എടുത്ത പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ഈ റോഡിന്റെ വീതി 3.50 മീറ്ററാണ്. ഇത് 5.5 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് ശ്രീമതി. സെറീന ഹാജ, ശ്രീമതി, ദിൽഷാദ് അഹമ്മദ് എന്നിവർ 10.11.2024-ൽ ഡോക്യുമെന്റ് നമ്പർ 1845/1/2024 പ്രകാരം കൊടുവായൂർ സബ് രജിസ്ട്രാർ ഓഫീസ് മുഖേന കൊടുവായൂർ വില്ലേജ് ബ്ലോക്ക് നമ്പർ 3 റീസർവ്വേ നം. 127/4, 114/5, 127/5 ൽ തണ്ടപ്പേർ നമ്പർ 2585, 2992 ൽ ഉൾപ്പെട്ട 0.1167 ഹെക്ടർ (29 സെന്റ് സ്ഥലം) പുതുനഗരം ഗ്രാമപഞ്ചായത്തിന് സൗജന്യമായി രജിസ്റ്റർ ചെയ്തു നൽകിയിരുന്നു. എന്നാൽ 2866 എന്ന തണ്ടപ്പേരിൽ ഉൾപ്പെടുന്ന റീസർവേ നമ്പർ 114/2, 127/2 ൽ യഥാക്രമം 0.0352 ഹെക്ടർ, 0.1386 ഹെക്ടർ (43 സെന്റ് ) സ്ഥലം പുതുനഗരം ഗ്രാമപഞ്ചായത്തിന് സൗജന്യമായി നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. അധാരമെഴുത്താഫീസിൽ വന്ന പിശകാണ് ഇത്. അതിനാൽ ഇപ്പോഴെഴുതിയ ആധാരത്തിൽ വന്ന തെറ്റ് തിരുത്തേണ്ടതുണ്ട്. ഇതു തിരുത്തിയാൽ മുകളിൽ പറഞ്ഞ സ്ഥലമുടമ 43 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന് സൗജന്യമായി നൽകാൻ തയ്യാറാണ്. അതിനാൽ രജിസ്ട്രേഷൻ ഫീസും മുദ്രവിലയും ഒഴിവാക്കി തെറ്റായി രജിസ്റ്റർ ചെയ്ത 29 സെന്റ് സ്ഥലത്തിന്റെ തിരുത്താധാരം ചെയ്തു നൽകുന്നതിന് പുതുനഗരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

86

### 4.70 Kerala Electrical and Allied Engineering Company Ltd ( KEL)

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി (KEL) മാനേജിംഗ് ഡയറക്ടറുടെ 05.05.2025-ലെ MD/06/0014/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/465/25)

വിഷയം:- കേരള ഇലക്ട്രിക്കൽ ആന്റ് എഞ്ചിനീയറിംഗ് കമ്പനി നിർമ്മിക്കുന്ന സോളാർ UPSസംവിധാനം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി (KEL) എന്ന പൊതു മേഖലാ സ്ഥാപനം മറ്റ് വിവിധ ഉല്പന്നങ്ങളോടൊപ്പം സോളാർ UPS സംവിധാനവും വിതരണം ചെയ്യുന്നുണ്ട്. ഈ മേഖലയിലെ മറ്റ് സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം സ്വീകരിച്ചാണ് സോളാർ UPS ഉല്പാദിപ്പിക്കുന്നത്. IT ഉപകരണങ്ങൾ, K-smart,നെറ്റ് വർക്കിംഗ് തുടങ്ങിയവയ്ക്ക് തടസ്സം കൂടാതെ വൈദ്യുതി നൽകാൻ സോളാർ UPS ന് കഴിയും. 24 മണിക്കൂറും വൈദ്യുതി, പ്രകൃതി സൗഹാർദ്ദം, ഡീസൽ ജനറേറ്റർ പോലുള്ളവ ഒഴിവാക്കൽ എന്നീ ഗുണങ്ങൾ സോളാർ UPS ന്റെ മേന്മയാണെന്നറിയിച്ചിരിക്കുന്നു. അന്നമനട സബ്ട്രഷറി ഓഫീസിൽ KEL ന്റെ സോളാർ UPS സ്ഥാപിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സോളാർ UPS സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. സോളാർ UPS ന്റെ സ്പെസിഫിക്കേഷനും വിലയും ( GST അടക്കം) താഴെ ചേർക്കുന്നു.

| ക്രമനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| 1) | KEL Solar UPS – 3KVA (Model No, KELS – 3000 | 5,13,156 രൂപ |
| 2) | KEL Solar UPS – 5KVA (Model No, KELS – 5000 | 7,86,525 രൂപ |
| 3) | KEL Solar UPS – 10KVA (Model No, KELS – 10000 | 15,51,985 രൂപ |

87

**4.71 ചെങ്ങളായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.05.2025-ലെ കത്ത് (SRG/503/25 – CC/175/2025)

വിഷയം:- ഫുട്ബാൾ പരിശീലനത്തിന് വന്ന ചെലവിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 151/25 | അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട് ) |
| പേര് | ചെങ്ങളായി ഗ്രാമപഞ്ചായത്ത് -സ്പോർട്സ് അക്കാഡമി രൂപീകരിക്കൽ | |

കായിക പരിശീലനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് 2024-25 വർഷം 14 വയസ്സിൽ താഴെയുള്ള 180 ലധികം കുട്ടികൾക്ക് 3 കേന്ദ്രങ്ങളിലായി ഫുട്ബാൾ പരിശീലനം നൽകി. ചെലവിനം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| (i) | റിഫ്രഷ്മെന്റ് ചാർജ്ജ് | 37,285 രൂപ |
| (ii) | സ്പോർട്സ് ഉപകരണങ്ങൾ | 21,965 രൂപ |
| (iii) | ട്രെയിനർ 1 ന്റെ വേതനം | 57,000 രൂപ (76 ദിവസം x750 രൂപ) |
| (iv) | ട്രെയിനർ II ന്റെ വേതനം | 33,750 രൂപ (45 ദിവസം x750 രൂപ) |

സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.20222-ല 115/2022/തസ്വഭവ നമ്പർ ഉത്തരവ്) കായിക ഗെയിംസ് ഫെസ്റ്റിവെൽ നടത്തുന്നതിനും പരിശീലനത്തിനും ഗ്രാമപഞ്ചായത്തിന് 30,000 രൂപയാണ് ചെലവഴിക്കാവുന്നത്. മുകളിൽ പറഞ്ഞ ചെലവനുസരിച്ച് 1,50,000 രൂപ നല്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

88

**4.72 മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**

മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) മാനേജിംഗ് ട്രസ്റ്റിയുടെ 14.05.2025-ലെ MRDF/CD/2025-26/393-ാം നമ്പർ കത്ത് (SRG/521/25)

വിഷയം:- MRDF വിതരണം ചെയ്യുന്ന ചാണകപ്പൊടി നേരിട്ട് വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

ക്ഷീര കർഷകരുടെ ഫാമുകളിൽ നിന്നും ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ചാണകപ്പൊടി ശേഖരിക്കുന്നുണ്ട്. ഇത് പാക്കറ്റുകളായും മൊത്തമായും MRDF വില്പന നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചാണകപ്പൊടി വിതരണം ചെയ്യുന്ന വിതരണക്കാരുടെ ലിസ്റ്റിൽ MRDF നെ ഉൾപ്പെടുത്തണമെന്നും MRDFൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ചാണകപ്പൊടി നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

89

## 4.73 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർക്കാരിന്റെ 20.04.2025-ലെ DA1/134/2025/തസ്വഭവ നമ്പർ കത്തും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2025-ലെ P/101/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/356/25)

വിഷയം:- ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനത്തിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 31.10.2023 ലെ 2128/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള നോളജ് ഇക്കോണമി മിഷൻ 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് താഴെപ്പറയുന്ന പ്രോജക്ടുകൾ 2023-24 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിരുന്നു.

i) ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ
ii) നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ
iii) തൊഴിൽ മേള സംഘടിപ്പിക്കൽ
iv) വർക്ക് നിയർ ഹോം സൗകര്യമൊരുക്കൽ

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനം (ഡ്രോൺ പൈലറ്റ് ട്രെയിനിംഗ് ഉൾപ്പെടെ) എന്ന പ്രോജകട് 2024-25 വർഷം നടപ്പാക്കാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 170/25 - അടങ്കൽ 5.00 ലക്ഷം രൂപ - വികസന ഫണ്ട് ജനറൽ) ഈ പ്രോജക്ട് ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതാണ്. എന്നാൽ 31.10.2023-ലെ മുകളിൽ പറഞ്ഞ ഉത്തരവ് 2023-24 ലേയ്ക്ക് മാത്രമാണ് എന്നു ചൂണ്ടിക്കാണിച്ച് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ പ്രോജക്ട് വെറ്റ് ചെയ്തില്ല. അതിനാൽ 31.10.2023 ലെ 2128/2023/തസ്വഭവ നമ്പർ ഉത്തരവിന്റെ പ്രാബല്യം 2024-25 വർഷത്തേയ്ക്ക് കൂടി ബാധകമാക്കണമെന്നാ വശ്യപ്പെട്ടിരിക്കുന്നു.

90

## 4.74 പരപ്പനങ്ങാടി നഗരസഭ

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2025-ലെ കത്ത് (SRG/298/25 - CC/103/2025)

വിഷയം:- ഫർണിച്ചർ വാങ്ങിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 679/25 | അടങ്കൽ | 1,50,000 രൂപ |
| | | (തനത്ഫണ്ട) |
| *പേര്* | നഗരസഭാ ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | |

പരപ്പനങ്ങാടി നഗരസഭ 2021-22 വർഷം ഓഫീസ് ആവശ്യത്തിനായി ARTCO LTD നിന്ന് ഫർണിച്ചർ വാങ്ങിയിരുന്നു. ബിൽ രജിസ്റ്ററിൽ ചേർക്കുന്നതിൽ പിശക് സംഭവിച്ചതിനാൽ താമസിച്ചാണ് ട്രഷറിയിൽ നൽകിയത്. ഇത് ക്യൂ ബിൽ ആയി മാറിയതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ തുക തനത് ഫണ്ടിൽ നിന്നും നൽകാൻ 2024-25 വർഷം പ്രോജക്ട് എടുത്തിരുന്നു. 2025-26 വർഷം സ്പിൽഓവറായി തുടരുന്നു. ബിൽ തുക 1.50 ലക്ഷം രൂപയാണ്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

91

## 4.75 മരട് നഗരസഭ

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.05.2025-ലെ കത്തുകളും (രണ്ടെണ്ണം) മരട് നഗരസഭാ സെക്രട്ടറിയുടെ 16.05.2025-ലെ G2/953577/25-ാം നമ്പർ കത്തും മരട് നഗരസഭാ കൗൺസിലിന്റെ 09.05.2025-ലെ 1-ാം നമ്പർ തീരുമാനവും (SRG/496/25 - CC/252/2025)

വിഷയം:- ആശാവർക്കർമാർക്ക് നഗരസഭയിൽ നിന്ന് അധിക തുക വേതനമായി നൽകുന്നതിന് അനുമതി സംബന്ധിച്ച്

ആശാവർക്കർമാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയത്തിനോടൊപ്പം നഗരസഭയിൽ നിന്ന് അധികമായി പ്രതിമാസം 3000 രൂപ വീതം നല്കാൻ ജി.ഒ പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

92

**4.76 കരിമ്പുഴ ഗ്രാമപഞ്ചായത്ത്**

കരിമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 08.05.2025) (SRG/385/25)

വിഷയം:- ആശാവർക്കർക്ക് അധിക ഓണറേറിയം നൽകാൻ അനുമതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ആശാവർക്കർമാർക്ക് പ്രതിമാസം 2000 രൂപ വീതം അധിക ഓണറേറിയം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

93

**4.77 ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാന്റെ 30.05.2025 -ലെ KAICO/Ho/TECH/526/2025-2026/31-ാം നമ്പർ കത്തും സർക്കാരിന്റെ 07.05.2025-ലെ DA1/383/2022/തസ്വഭവ നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022-ലെ 4.29, 30.01.2025-ലെ 4.29-ാം നമ്പർ എന്നീ തീരുമാനങ്ങളും (SRG/457/25)

വിഷയം:- കുടിവെള്ള ശുദ്ധീകരണം - പരിപാലനം ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ, കോളേജുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വാട്ടർ ATM, വാട്ടർ കിയോസ്കുകൾ, വാട്ടർ ഫിൽറ്റർ പ്ലാന്റുകൾ, വാട്ടർ ഡിസ്പെൻസറുകൾ, വിവിധ ശ്രേണിയിലുള്ള RO പ്ലാന്റുകൾ, ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്. KAICO യുടെ RO പ്ലാന്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 14.02.2023-ലെ CHEGECT/2023-ാം നമ്പറായുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് KAICO യുടെ RO പ്ലാന്റുകൾ ഗുണനിലവാരമുള്ളതാണ്. മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ KAICO യെ പ്രവൃത്തി നേരിട്ട് ഏൽപ്പിക്കാൻ അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ആവശ്യം സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

എന്നാൽ കുടിവെള്ള ശുദ്ധീകരണം - വിതരണം - പരിപാലനം തുടങ്ങിയ പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച വിഷയം സ്റ്റോർ പർച്ചേസ് മാന്വലിന്റെ പരിധിയിൽ വരാത്തിനാൽ ആ വകുപ്പിന് അഭിപ്രായം ഒന്നും രേഖപ്പെടുത്തുവാൻ ഇല്ലെന്ന് സർക്കാർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ മുകളിൽ പ്രതിപാദിച്ച കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ഏൽപ്പിക്കാൻ/വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

94

**4.78 കൊടകര ഗ്രാമപഞ്ചായത്ത്**

കൊടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2025 -ലെ കത്തും കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025-ലെ SC3-1797/2025-ാം നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന ക്ലബ്ബുകളുടെ വിവരണങ്ങളും (SRG/558/25)

വിഷയം:- യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് ഒരു ക്ലബ്ബിന് പരമാവധി 6000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ നൽകാം. കഴിഞ്ഞ വർഷം സ്പോർട്സ് കിറ്റ് നൽകുന്നതിന് തനത് ഫണ്ടിൽ നിന്ന് 4.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് എടുത്തിരുന്നു. (പ്രോ.നം.128/25). ഓരോ ക്ലബ്ബിനും നൽകിയ ഉപകരണങ്ങളുടെ ആകെ വില മാർഗ്ഗരേഖയിൽ പരാമർശിച്ചതിനെക്കാൾ അധികരിച്ചിട്ടുണ്ട്. 30 ക്ലബ്ബുകൾക്ക് ആകെ നൽകാവുന്നത് 1,80,000 രൂപയാണ്. എന്നാൽ 3,32,701 രൂപയുടെ കിറ്റ് (GST ഉൾപ്പെടാതെ) നൽകി. 1,52,701 രൂപ അധികമായി വന്നു. GST അടക്കം 1,93,567 രൂപ. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

95

**4.79 മൂന്നാർ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2025-ലെ കത്ത് (SRG/563/25 - CC/310/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് മെത്ത നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.202/26 | അടങ്കൽ | 42,12,000 രൂപ |
| | | (എസ്.സി.പി - 42,11,000 രൂപ<br>തനത് ഫണ്ട് - 1000 രൂപ ) |
| *പേര്* | വയോജനങ്ങൾക്ക് മെത്ത | |

മൂന്നാർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2100 വയോജനങ്ങൾക്ക് ഈ വർഷം മെത്ത നൽകുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേനയാണ് മെത്ത വാങ്ങാനുദ്ദേശിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

96

**4.80 പാലമേൽ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.06.2025-ലെ കത്തും പാലമേൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2025-ലെ 4(II)-ാം നമ്പർ തീരുമാനവും (SRG/599/25 - CC/330/25)

വിഷയം:- വന്യമൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിന് ഫെൻസിംഗ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം.233/26 | അടങ്കൽ | 20,00,000 രൂപ<br>(തനത് ഫണ്ട് - 10,00,000 രൂപ)<br>(ഗുണഭോക്തൃ വിഹിതം - 10,00,000 രൂപ) |
| പേര് | വന്യമൃഗശല്യം പരിഹരിക്കുന്നതിന് വയർ ഫെൻസിംഗ് | |

വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് വയർ ഫെൻസിംഗ് നടത്താൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് എടുത്തിട്ടുണ്ട്. കൃഷി ഭൂമിയുടെ അതിർത്തിയിൽ കോൺക്രീറ്റ് അടിത്തറ സ്ഥാപിച്ച് അതിന്മേൽ ഇടവിട്ട് സ്ഥാപിക്കുന്ന ജി ഐ പൈപ്പിൽ ലോഹനിർമ്മിത വേലികെട്ടാനാണ് പദ്ധതി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

97

**4.81 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2025-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025-ലെ PL - 26/2025 -ാം നമ്പർ കത്തും (SRG/ 596/25 - CC/317/25)

വിഷയം:- സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം നടത്തിയതിന്റെ ഭാഗമായി വന്ന ചെലവിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഈ വർഷത്തെ സംസ്ഥാനതല പ്രവേശനോത്സവം ജൂൺ 2-ാം തീയതി കലവൂർ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്നിരുന്നു. ബഹു.മുഖ്യമന്ത്രിയാണ് പരിപാടി ഉത്ഘാടനം ചെയ്തത്. സ്വാഗത സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് കലവൂർ എൽ.പി. സ്കൂളിൽ പഠിക്കുന്ന LKG, UKG, 1-ാം ക്ലാസ്സ് വിദ്യാർത്ഥികളായ 300 കുട്ടികൾക്ക് സ്കൂൾ ബാഗ്, കസേര, വാട്ടർബോട്ടിൽ എന്നിവ വാങ്ങി. താഴെപ്പറയുന്നവയാണ് ചെലവ്.

| **ക്രമ നം** | **ഇനം** | **ചെലവ് (രൂപ)** |
|---|---|---|
| 1 | ബാഗ്, വാട്ടർ ബോട്ടിൽ | 1,52,999 രൂപ |
| 2 | ബേബി ചെയർ | 71,000 രൂപ |
| 3 | ഫ്ലക്സ് ബോർഡ് | 8,500 രൂപ |
| | **ആകെ** | **2,32,999 രൂപ** |

ഈ തുക ചെലവഴിച്ചതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

98

**4.82 വെളിയാമറ്റം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2025-ലെ കത്തും വെളിയാമറ്റം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.05.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/ 607/25 – CC/258/25)

വിഷയം:- അങ്കണവാടികളിലും കിന്റർ ഗാർട്ടനുകളിലും പച്ചക്കറിത്തോട്ടം സജീകരിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 42/26 | അടങ്കൽ | 48,000 രൂപ (വികസന ഫണ്ട് – ജനറൽ) |
| *പേര്* | കൃഷി അങ്കണം – അങ്കണവാടികളിൽ | |

വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികളും 2 കിന്റർഗാർട്ടനുകളുമുണ്ട്. ഈ സ്ഥാപനങ്ങളിൽ കാർഷിക കർമ്മസേന മുഖേന 10HDPE/മൺചട്ടികളിൽ പോട്ടിംഗ് മിശ്രിതം, ജൈവവളം എന്നിവ നിറച്ച് പച്ചക്കറിതൈകൾ നട്ട് പച്ചക്കറിത്തോട്ടം സജ്ജീകരിക്കാനാണ് പ്രോജക്റ്റ്. അങ്കണവാടികളിൽ കൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കണമെന്ന് കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിന് 2000 രൂപയാണ് ചെലവ്. 100 ശതമാനം സബ്സിഡിയോടെ ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

2023-24 വർഷം ഇതേ രീതിയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പച്ചക്കറി കൃഷിത്തോട്ടം സജ്ജീകരിച്ചിരുന്നു.

99

**4.83 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.06.2025 ലെ കത്തും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2025-ലെ 2082332/2025-ാം നമ്പർ കത്തും കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 25.01.2025-ലെ കത്തും (SRG/ 610/25 – CC/299/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആവശ്യത്തിനായി സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 37/26 | അടങ്കൽ | 76,92,798 രൂപ (എസ്.സി.പി) |
| *പേര്* | പട്ടികജാതി സാംസ്കാരിക നിലയം നിർമ്മാണം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകാൻ 2022-23, 2023-24, 2024-25 വർഷം ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് എടുത്തിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് പ്രോജക്റ്റ് ഏറ്റെടുക്കാൻ വ്യക്തതയോടെ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. ഇത് ചൂണ്ടിക്കാട്ടി 2022-23, 2023-24, വർഷങ്ങളിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിയതിന് ഓഡിറ്റ് കുറിപ്പുണ്ട്. ഇപ്രകാരം ഓഡിറ്റ് കുറിപ്പ് വന്നതിനാൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറാനായി 2024-25 വർഷം തയ്യാറാക്കിയ പ്രോജക്റ്റ് (പ്രോ.നം.702/25 അടങ്കൽ 60.00 ലക്ഷം രൂപ എസ്.സി.പി വിഹിതം) ഒഴിവാക്കി. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ജില്ല പഞ്ചായത്ത് വിഹിതം പ്രതീക്ഷിച്ച് പ്രോജക്റ്റ് നടപ്പാക്കി ജില്ലാ പഞ്ചായത്തിനോട് ഗ്രാമപഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ടു. ഇതനുസരിച്ച് ജില്ലാ പഞ്ചായത്ത് വീണ്ടും 2024-25-ൽ പ്രോജക്റ്റ് തയ്യാറാക്കി ഏതാനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി. ഇപ്രകാരം 2024-25-ൽ വിഹിതം നൽകിയതിനും 2022-23, 2023-24 വർഷം വിഹിതം നൽകിയതിനും സാധൂകരണം നൽകാനും 2025-26-ൽ പ്രോജക്റ്റ് നടപ്പാക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

100

### 4.84 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2025-ലെ കത്ത്. (SRG/611/25 - CC/216/25)

വിഷയം:- PMAY ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് നൽകേണ്ട വിഹിതം ലഭിക്കാത്തതിനാൽ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തിൽ നിന്നും വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ PMAY(G) 2021-22 ഭവന നിർമ്മാണ പദ്ധതിയിലെ ST നഗർ കാറ്റഗറിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 11 ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വകുപ്പിന്റെ 1.00 ലക്ഷം രൂപ (ആകെ 11.00 ലക്ഷം രൂപ) ലഭിച്ചില്ല. അതിനാൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വീതം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഐ.ഡി | വിഭാഗം | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|---|
| 1 | ചെറിയ കണ്ണൻ | KL149705245 | ST നഗർ | പയ്യാവൂർ |
| 2 | ജനാർദ്ധനൻ.എം | KL146760017 | ST നഗർ | ഉളിക്കൽ |
| 3 | മോഹനൻ ചീരങ്ങോട് | KL148944754 | ST നഗർ | പടിയൂർ കല്യാട് |
| 4 | സാവിത്രി | KL151517442 | ST നഗർ | പടിയൂർ കല്യാട് |
| 5 | പാഞ്ചാലി | KL148656719 | ST നഗർ | എരുവശ്ശി |
| 6 | രാഗിണി | KL148762346 | ST നഗർ | പയ്യാവൂർ |
| 7 | ഓമന | KL150038421 | ST നഗർ | ഉളിക്കൽ |
| 8 | അമ്മിണി നാരായണൻ | KL147687504 | ST നഗർ | ഉളിക്കൽ |
| 9 | ബാലൻ തലച്ചിറക്കാരി | KL148325074 | ST നഗർ | പടിയൂർ കല്യാട് |
| 10 | നിർമ്മല ബാബു | KL148662013 | ST നഗർ | എരുവശ്ശി |
| 11 | ദാമോദരൻ എ | KL147819267 | ST നഗർ | എരുവശ്ശി |

101

### 4.85 വർക്കല ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025, 03.07.2025 എന്നീ തീയതികളിലെ കത്തുകളും വർക്കല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.03.2025-ലെ 5(1)-ാം നമ്പർ തീരുമാനവും (SRG/ 625/25 - CC/192/25).

വിഷയം:- വർക്കല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഇടവ ഗ്രാമപഞ്ചായത്തിലെ പാറയിൽ അങ്കണവാടി കെട്ടിടത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 135/25 | അടങ്കൽ | 7,63,048 രൂപ (സി.എഫ്.സി. ബേസിക് ഗ്രാന്റ്) |
| *പേര്* | 48-ാം നമ്പർ പാറയിൽ അങ്കണവാടി കെട്ടിട നിർമ്മാണം ഇടവ ഗ്രാമപഞ്ചായത്ത് | |

വർക്കല ബ്ലോക്ക് പഞ്ചായത്ത് 2023-24-ൽ ഇടവ ഗ്രാമപഞ്ചായത്തിലെ പാറയിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് 25.00 ലക്ഷം രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ്) വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു. ഇതിൽ 17,36,950 രൂപ ചെലവഴിച്ചു. ഫോക്കസ് ഏരിയയിൽ വ്യത്യാസം വന്നതിനാൽ ഈ പ്രോജക്ട് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പൂർത്തീകരിച്ചതായി രേഖപ്പെടുത്തി. ബാക്കി തുക കോൺട്രാക്ടർക്ക് നൽകുന്നതിന് സേവിംഗ്സ് ആയി വന്ന തുക ഉപയോഗിച്ച് പുതിയ പ്രോജക്ട് എടുത്തുവെങ്കിലും ഭരണാനുമതി അപ് ലോഡ് ചെയ്യാൻ കഴിയാത്തതിനാൽ ബിൽ തുക നൽകാൻ സാധിക്കുന്നില്ല. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയെങ്കിലും പിശകു പരിഹരിക്കാൻ കഴിയില്ലെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചത്. അതിനാൽ 2025-26 വർഷം തനത് ഫണ്ട് വകയിരുത്തി പുതിയ പ്രോജക്ട് എടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

102

**4.86 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025, 03.07.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21.01.2025-ലെ 5(5)-ാം നമ്പർ തീരുമാനവും (SRG/ 623/25 – CC/224/25).

വിഷയം:- ആയൂർ സാന്ത്വനം-ആയുർവേദ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ വിവിധതരത്തിലുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 435/25 | അടങ്കൽ | 75,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| *പേര്* | ആയൂർ സാന്ത്വനം- ആയുർവേദ പാലിയേറ്റീവ് പരിചരണ പദ്ധതി ബ്ലോക്ക് തലത്തിൽ | |

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കിടപ്പരോഗികൾക്ക് ആയുർവേദ പരിചരണം നൽകുക, കിടപ്പുരോഗികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, ഇവർക്ക് സൗജന്യ ചികിത്സ നൽകുക എന്നീ ലക്ഷ്യത്തോടെയാണ് മുകളിൽ പറഞ്ഞ പ്രോജക്ട് എടുത്തിരിക്കുന്നത്. ജില്ലയിലെ ബ്ലോക്കുകളെ 5 യൂണിറ്റാക്കി ഓരോ യൂണിറ്റിലും ഓരോ മെഡിക്കൽ ഓഫീസർ, പാലിയേറ്റീവ് നേഴ്സ്, മൾട്ടിപർപ്പസ് വർക്കർ (തെറാപ്പിസ്റ്റ്) ജില്ലയ്ക്കാകെ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ രീതിയിൽ നിയമിക്കുന്നു. കിടപ്പുരോഗികൾക്ക് അത്യാവശ്യം വേണ്ട ഔഷധങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ആയുർവേദ പരിചരണം ആവശ്യമുള്ളവരെ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് നേഴ്സ് മുഖാന്തിരം കണ്ടെത്തി ആയുർവേദ പാലിയേറ്റീവ് പരിചരണവും നൽകുന്നു. ജില്ലക്കാകെ താഴെപറയുന്ന രീതിയിലാണ് നിയമനം നടത്തുന്നത്.

| ക്രമനം | തസ്തിക | എണ്ണം | യോഗ്യത |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 5 | ആയുർവേദ BAMS ഡിഗ്രി, TCMC അംഗീകാരം<br>പ്രായപരിധി – 40 |
| 2 | നേഴ്സ് | 5 | BSC നേഴ്സിംഗ് /GNM<br>(ഒരു വർഷത്തെ പരിചയം<br>പ്രായപരിധി – 40) |
| 3 | മൾട്ടി പർപ്പസ് വർക്കർ | 5 | DAME ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ്<br>പ്രായപരിധി – 40 |
| 4 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 1 | SSLC, DCA/PGDCA<br>പ്രായപരിധി – 40 |

ആയുർവേദ പാലിയേറ്റീവ് പരിചരണത്തിനായി മുകളിൽ പറഞ്ഞ പ്രകാരം നിയമനം നടത്തി വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

103

**4.87 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025, 03.07.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.04.2025-ലെ 8(19) ാം നമ്പർ തീരുമാനവും സ്നേഹധാര കോഓർഡിനേറ്റർ, (Prof & HOD, Dept of Balaroga Govt. Ayurveda College, TVPM)യുടെ കത്തും അനുബന്ധരേഖകളും (SRG/ 621/25 – CC/333/25)

വിഷയം:- കുട്ടികളുടെ വളർച്ചാ വൈകല്യങ്ങൾക്കുള്ള ആയുർവേദ ചികിത്സയ്ക്ക് സ്നേഹധാരാ പദ്ധതിയുടെ ഭാഗമായി വിദഗ്ധരെ നിയമിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം. 551/26 | അടങ്കൽ | 70,00,000 രൂപ<br>(വികസനഫണ്ട് -ജനറൽ 67,73,200 രൂപ)<br>തനത്ഫണ്ട് – 2,26,800 രൂപ |
|---|---|---|
| *പേര്* | സ്നേഹധാര | |

കുട്ടികളിലെ വളർച്ചാ വൈകല്യത്തെ ചികിത്സിക്കുന്നതിന് ആയുർവേദ DMO നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടാണ് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന 'സ്നേഹധാര' പദ്ധതി. 2014-15 ൽ ഈ പദ്ധതി ആയുർവേദ കോളേജിന്റെ പൂജപ്പുര Women & Child ആശുപത്രിയിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ ആരംഭിച്ചു. ഇവിടെ 20 ബെഡുണ്ട്. ഇതനുസരിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർ (1), ഫിസിയോ തെറാപ്പിസ്റ്റ് (1), സ്പീച്ച് തെറാപ്പിസ്റ്റ് (1), സൈക്കോളജിസ്റ്റ് (1), പഞ്ചകർമ്മ തെറാപ്പിസ്റ്റ് (2) എന്നിവരെ ജില്ലാ പഞ്ചായത്തിൽ നിന്ന് നിയമിച്ചു. തുടർന്ന് 2017-ൽ വർക്കല, പാറശ്ശാല, കഴക്കൂട്ടം, പാലോട് എന്നീ ആയുർവേദ ആശുപത്രികളിൽ സാറ്റലൈറ്റ് സെന്ററും ആരംഭിച്ചു. ഇവിടെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മുകളിൽ പറഞ്ഞ പ്രകാരം ആകെ 15 ടെക്നിക്കൽ സ്റ്റാഫിനെയും ഒരു സാനിറ്റേഷൻ വർക്കറെയും നിയമിച്ചു. ഇതിന്റെ തുടർച്ചയായി ഈ വർഷം മുതൽ നെയ്യാറ്റിൻകര, വെഞ്ഞാറമ്മൂട്, പുളിമാത്ത് എന്നീ ആയുർവേദ ആശുപത്രികളിലും ഈ പദ്ധതി ആരംഭിക്കുന്നു. ഇതിലേയ്ക്കായി ആകെ ഡോക്ടർ (2),സ്പീച്ച് തെറാപ്പിസ്റ്റ് (2), ഫിസിയോ തെറാപ്പിസ്റ്റ് (1) സൈക്കോളജിസ്റ്റ്(1), ഫാർമസിസ്റ്റ് (1). പഞ്ചകർമ്മ തെറാപ്പിസ്റ്റ് (2) എന്നിവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

104

**4.88 ഏലംകുളം ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്തും ഏലംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.03.2025-ലെ 2(4)-ാം നമ്പർ തീരുമാനവും (SRG/ 620/25 – CC/264/25).

വിഷയം:- ചെറുകിട ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് പുനരുദ്ധാരണം സംബന്ധിച്ച്.

| പ്രോ.നം. 85/25 | അടങ്കൽ | 2,00,000 രൂപ<br>(സി.എഫ്.സി. ബേസിക് ഗ്രാന്റ്) |
|---|---|---|
| *പേര്* | ചേനാപറമ്പ് കുന്നകാവ് ഹൈസ്കൂൾപടി റോഡ് കനാൽ റോഡ് നിർമ്മാണം | |

ചെറുകിട ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചേനാപറമ്പ് കുന്നക്കാവ് ഹൈസ്കൂൾ റോഡ് കനാൽ റോഡ് പുനരുദ്ധാരണത്തിന് 2024-25 വർഷമെടുത്ത പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. പുനരുദ്ധാരണ പ്രവൃത്തി നടത്താൻ ഇറിഗേഷൻ വകുപ്പ് 05.03.2025-നു NOC നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

105

**4.89 ചുങ്കത്തറ ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്ത് (SRG/ 619/25 – CC/229/25).

വിഷയം:- ആശാവർക്കർമാർക്ക് അധിക വേതനം നൽകാൻ അനുമതി സംബന്ധിച്ച്

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ 29 ആശാവർക്കർമാർക്ക് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് അധികമായി പ്രതിമാസം 2000 രൂപ വീതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

106

**4.90 മറയൂർ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.07.2025-ലെ കത്തും മറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/617/25 – CC/327/25)

വിഷയം:- വയോജനങ്ങൾക്ക് ബെഡ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 75/25 | അടങ്കൽ | 18,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| *പേര്* | വയോജനങ്ങൾക്ക് ബെഡ് | |

മറയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 440 ബെഡ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. പൊതു വിഭാഗത്തിൽപ്പെട്ടവർ 176, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 132, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 132 എന്നീ രീതിയിലാണ് ബെഡ് വാങ്ങി നൽകുന്നത്. മുൻവർഷങ്ങളിൽ കട്ടിൽ നൽകാത്തവരെയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

107

**4.91 ഇടവെട്ടി ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.07.2025-ലെ കത്തും അനുബന്ധരേഖകളും (SRG/616/25 – CC/287/25)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത പ്രദേശത്ത് ഓട നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 153/26 | അടങ്കൽ | 2,90,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ) |
| *പേര്* | വാർഡ് – 4 ആർപ്പാമറ്റം പാങ്ങാംപാറ ഓട നിർമ്മാണം | |

ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിൽ ആർപ്പാമറ്റം പാങ്ങാംപാറ ഭാഗത്ത് ഓട നിർമ്മിക്കുന്നതിന് ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത ഈ സ്ഥലത്ത് മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കും. ഇത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. സമീപത്തുള്ള PWD റോഡ് ഉയർന്ന സ്ഥലമായതിനാൽ റോഡിലേയ്ക്ക് ഓടനിർമ്മാണം സാധ്യമല്ല. രണ്ട് സ്വകാര്യ വ്യക്തികളുടെയും മജ് ലിസുന്നൂരിവൽ അബ്രാർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലത്തിന്റേയും നടുവിലൂടെ 21 മീറ്ററോളം നീളത്തിൽ ഓട നിർമ്മിക്കാനാണ് 2.9 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഈ ഓടയിൽ നിന്നും വരുന്ന വെള്ളം മറ്റൊരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേയ്ക്കാണ് പോകുന്നത്. അവിടെ 35 മീറ്റർ ഓട നിർമ്മിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ കോൺക്രീറ്റ് റോഡിലെത്തിക്കാം. റോഡിൽ 59 മീറ്റർ ഓട നിർമ്മിച്ചാൽ നിലവിലുള്ള നീർച്ചാലിൽ എത്തിക്കാം. ഇത്രയും പ്രവൃത്തിക്ക് ആകെ 12.00 ലക്ഷം രൂപ വേണ്ടി വരുമെന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുകളിൽ പറഞ്ഞ 21 മീറ്റർ ഓട നിർമ്മിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

108

**4.92 പറപ്പൂക്കര ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.07.2025-ലെ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന റിപ്പോർട്ടും (SRG/634/25 – CC/286/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 49/26 | അടങ്കൽ | 2,35,000 രൂപ (എസ്.സി.പി ) |
| *പേര്* | പഞ്ചമി പഠനകേന്ദ്രം – ട്യൂട്ടർമാർക്ക് ഓണറേറിയം | |

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 5-ാം ക്ലാസ്സിനു മുകളിലുള്ള പട്ടികജാതി വിഭാഗത്തിലെ 50 വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തിലെ 5 കേന്ദ്രങ്ങളിലായി പഞ്ചമി

പഠന പദ്ധതി എന്ന പേരിൽ ട്യൂഷൻ നൽകാനാണ് പ്രോജക്ട്. ഇവർക്ക് ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 4000 രൂപ വീതം ഓണറേറിയം നൽകാനുദ്ദേശിക്കുന്നു.

ചെലവിനം താഴെപ്പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1 | പാഠ്യ വിഷയങ്ങൾക്ക് ട്യൂഷൻ | 4000 രൂപ വീതം 5 കേന്ദ്രങ്ങൾക്ക് 8 മാസം (4000x5x8) | 1,60,000 |
| 2 | പാഠ്യേതര വിഷയം (ചിത്ര രചന തുടങ്ങിയവ) | 1500 രൂപ വീതം 5 കേന്ദ്രങ്ങൾക്ക് 8 മാസം | 60,000 |
| 3 | റിഫ്രഷ്മെന്റ് | 8 മാസം 5 കേന്ദ്രം | 15,000 |
| | | | 2,35,000 രൂപ |

കഴിഞ്ഞ വർഷം നൂതന പ്രോജക്ടുകൾക്കായുള്ള കമ്മിറ്റിയുടെ അനുമതിയോടെ 6 മാസം ഈ പ്രോജക്ട് നടപ്പാക്കിയെങ്കിലും ഈ വർഷം ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

109

## 4.93 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്തും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റ്/ സെക്രട്ടറിയുടെ 27.06.2025-ലെ B/799/2025-ാം നമ്പർ കത്തും (SRG/710/25 - CC/338/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ സാക്ഷരത ക്യാമ്പയിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 76/26 | അടങ്കൽ | 15,00,000 രൂപ<br>(വികസനഫണ്ട് ജനറൽ - 5,00,000 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം - 5,00,000 രൂപ<br>ജില്ലാപഞ്ചായത്ത് വിഹിതം - 5,00,000 രൂപ ) |
| *പേര്* | സമ്പൂർണ്ണ ഭരണഘടന സാക്ഷരത | |

ജില്ലാപഞ്ചായത്തിന്റെയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെയും പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ ഭരണഘടന സാക്ഷരത. ഓരോ കുടുംബങ്ങളിലും ഭരണഘടനയുടെ ആമുഖം, ചരിത്ര പശ്ചാത്തലം, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ, ഭരണഘടന എന്ത്, എന്തിന്, മൗലീക അവകാശങ്ങളും കടമകൾ തുടങ്ങിയവയിൽ പരിശീലനം നൽകും. 10 വയസ്സിനു മുകളിൽ പ്രായമുള്ളവരെയെല്ലാം ഭരണഘടന സാക്ഷരതയുള്ളവരാക്കി മാറ്റാനും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഭരണഘടനയുടെ ആമുഖം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

110

## 4.94 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2025-ലെ കത്തും പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.07.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/707/25)

വിഷയം:- തലവൂർ ഗ്രാമപഞ്ചായത്തിൽ തലവൂർ ഡി.വി.എച്ച്.എസ്. സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച്

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ തലവൂർ ഗ്രാമപഞ്ചായത്തിലെ തലവൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തലവൂർ ദേവി വിലാസം ഹൈസ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട് (പ്രോ.നം.91/25 - അടങ്കൽ

10.00 ലക്ഷം രൂപ, വികസനഫണ്ട് – ജനറൽ). ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇത് എയ്ഡഡ് സ്കൂളാണ്, ഈ സ്കൂളിൽ 1400 കുട്ടികൾ പഠിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വഹിതം ഉപയോഗിച്ച് ഈ സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

111

**4.95 ഐക്കരനാട് ഗ്രാമപപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/654/25 – CC/233/25)

വിഷയം:- ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 154/26 | അടങ്കൽ | 43,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് സബ്സിഡി | |

ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ 300 യൂണിറ്റിൽ താഴെ ദ്വൈമാസ ഉപയോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിന്റെ 25% സബ്സിഡി നൽകാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

112

**4.96 ഐക്കരനാട് ഗ്രാമപപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/653/25 – CC/237/25)

വിഷയം:- കൊതുക നശീകരണത്തിനായി മോസ്കിറ്റോ ബാറ്റ് വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 132/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട് ) |
| പേര് | കൊതുക നശീകരണ ബാറ്റ് വിതരണം | |

കൊതുക നശീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് മോസ്കിറ്റോ ബാറ്റ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

113

**4.97 ഐക്കരനാട് ഗ്രാമപപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/652/25, – CC/235/25- SRG/656/25, CC/236/25)

വിഷയം:- ജനറൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 99/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട് ) |
| പേര് | വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും – ജനറൽ | |

പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.98 ഐക്കരനാട് ഗ്രാമപപഞ്ചായത്ത്**

114

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/655/25 – CC/234/25)

വിഷയം:– ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകാനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 139/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ക്യാൻസർ രോഗികൾക്ക് ധനസഹായം | |

ക്യാൻസർ ചികിത്സാ ചെലവുകളുടെ ഭാരം ലഘൂകരിക്കുന്നതിന് പ്രതിമാസം 1000 രൂപാ വീതം രോഗികൾക്ക് നൽകാനുള്ള പ്രോജക്റ്റിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

115

## 4.99 മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി

ബഹു. തിരുവമ്പാടി എം.എൽ.എയുടെ 03.07.2025–ലെ 085/GEN/MLATDY/2025–ാം നമ്പർ കത്ത് (SRG/592/25)

വിഷയം:– മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവല്മെന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി (മാസ്ഡികോസ്) സ്പോർട്സ് ഉപകരണങ്ങൾ വിൽക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ കായികതാരങ്ങൾ എന്നിവർക്ക് മാസ്ഡികോസ് മിതമായ നിരക്കിൽ പരിശീലന ഉപകരണങ്ങൾ നൽകുന്നുണ്ട്. മാസ്ഡികോസ് കായിക പരിശീലനവും നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ കായിക മേഖലയ്ക്കായി പരിശീലന ഉപകരണങ്ങൾ വാങ്ങുമ്പോൾ മാസ്ഡികോസ് സൊസൈറ്റിയിൽ നിന്നും വാങ്ങുന്നതിന് പരിഗണന നൽകുന്നതിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

116

## 4. 100 അടിമാലി ബ്ലോക്ക് പഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025–ലെ കത്തും അടിമാലി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.06.2025–ലെ 1(6) –ാം നമ്പർ തീരുമാനവും (SRG/630/25 – CC/342/25)

വിഷയം:– മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 58/26 | അടങ്കൽ | 8,30,000 രൂപ ( എസ്.സി.പി) |
| പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി | |

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി– ധനസഹായ മാർഗ്ഗരേഖ പ്രകാരവും തുടർന്നുള്ള 28.03.2023–ലെ 738/2023/തസ്വഭവ നമ്പർ ഉത്തരവു പ്രകാരവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ ഉള്ള കുടുംബങ്ങളിൽ പഠനമുറി നിർമ്മിച്ചു നൽകാൻ അനുമതിയുണ്ട്. ഇപ്രകാരം പഠിക്കുന്ന വിദ്യാർത്ഥികളിൽ ചിലർ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചാണ് പഠിക്കുന്നത്. എന്നാൽ ഇപ്രകാരം ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾ ഉള്ള വീടുകളിലും പഠനമുറി നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

117

## 4. 101 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2025 –ലെ കത്തും കാസർഗോഡ് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 28.07.2025–ലെ 54/12–ാം നമ്പർ തീരുമാനവും (SRG/716/25 – CC/429/25)

വിഷയം:– ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 685/26 | അടങ്കൽ | 1,50,00,000 രൂപ<br>(ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതം) |
| പേര് | ഭിന്നശേഷി സൗഹൃദ ജില്ല– കർമ്മ പദ്ധതി 2025–26 | |

കാസർഗോഡ് ജില്ലാ പഞ്ചായത്ത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതി 2017–18 മുതൽ നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷമെടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. (പ്രോ.നം. 266/26, അടങ്കൽ 50,000 രൂപ വികസനഫണ്ട്– ജനറൽ, ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക 69,64,650 രൂപ – ആകെ 70,14,650 രൂപ) ഈ തുക അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ പര്യാപ്തമല്ല. ജില്ലയിലെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി 2018–19 മുതൽ ഭിന്നശേഷി വിഭാഗക്കാർക്കുള്ള കർമ്മ പദ്ധതിക്കായി വകയിരുത്തിയിരുന്ന പ്രോജക്ടുകളിൽ ചെലവഴിക്കപ്പെടാതെ 08.08.2025വരെ പലിശ സഹിതം 2,81,02,126 രൂപ കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ചിൽ ബാക്കിയുണ്ട്. ഇതിൽ മുൻവർഷം എടുത്തിട്ടുള്ളതും ഈ വർഷം സ്പിൽഓവറായി തുടരുന്നതുമായ രണ്ട് പ്രോജക്ടുകൾക്ക് വിഹിതം മാറ്റി വച്ചതിനുശേഷം 1,71,37,476 രൂപ ബാക്കിയുണ്ട്. ഈ തുകയിൽ നിന്ന് 1.50 കോടി രൂപ കൂടി ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങുന്നതിന് അധികമായി വകയിരുത്തി മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.